VOL NO: 07 I ISSUE 41
www.nerpatham.com
mail@nerpatham.com
2023 OCTOBER 14 I ₹10

# നേർപഥം

വാരിക

# തട്ടം പിടിച്ച് വലിക്കുന്ന പുരോഗമനവും സാമുദായിക മാനവും

ജീവിത വ്യവഹാരങ്ങളിൽ പുരോഗമനത്തിന്റെ ഉണർത്തുപാട്ടുമായി കടന്നുവന്നുവെന്ന് അവകാശപ്പെടുന്ന പ്രത്യയശാസ്ത്രങ്ങൾ പോലും യാഥാസ്ഥിതിക ചിന്തയിൽ നിന്ന് മുക്തരായിട്ടില്ല എന്ന് മാത്രമല്ല, മൂഢവിശ്വാസത്തിന്റെ കരാളഹസ്തങ്ങളിൽ പെട്ടുഴലുകയാണെന്ന് തെളിയിക്കുന്നതാണ് തട്ടത്തെ കുറിച്ചുള്ള പുതിയ പരാമർശം. വോട്ടുരാഷ്ട്രീയത്തിന്റെ തൊലിപ്പുറ സ്പർശനങ്ങൾക്കപ്പുറം ദാർശനിക അജണ്ടകളിലെ കാർക്കശ്യബോധം സമുദായ സഹയാത്രികരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.

## വെള്ളിയാഴ്ചകളിലെ പരീക്ഷ; മുസ്‌ലിംകളുടെ ആവശ്യമെന്ത്?

|| കൗമാരം ശ്രദ്ധയോടെ

|| ചരിത്രപരമായ തെളിവുകൾ

|| കാന്തപുരം പൊട്ടിച്ച 'അമിട്ടും' ചില ആഭ്യന്തര പുകിലുകളും



**ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ**
**എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന**
**5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്**




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478
Whatsapp: 73567 66478

WISDOM BOOKS

**PUBLISHING | DISTRIBUTION**
WISDOM BOOKS, E.K.P. Building, Calicut
www.wisdomislam.org publication@wisdomislam.org
0495 4019437 73567 66478



## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

yono SBI | SBI Payments
MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI
SCAN & PAY
BHIM SBI Pay
BHIM UPI

0351

# നേർപഥം

വാരിക

2023 ഒക്ടോബർ 14
1445 റ.അവ്വൽ 29
പുസ്തകം 07 / ലക്കം 41






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി




മുഖമൊഴി
വെള്ളിയാഴ്ചകളിലെ പരീക്ഷ;
മുസ്‌ലിംകളുടെ ആവശ്യമെന്ത്? 05

വനിതാപഥം
26 കൗമാരം ശ്രദ്ധയോടെ
ആഷിഖ.എ.വി
നടുവട്ടം

ലേഖനം
വാഗ്ദത്ത പുത്രനു
പകരം പൗത്രൻ!
പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ 06

ലേഖനം
29 ചരിത്രപരമായ
തെളിവുകൾ
ഷാഹുൽ പാലക്കാട്

വിമർശനം
കാന്തപുരം പൊട്ടിച്ച 'അമിട്ടും'
ചില ആഭ്യന്തര പുകിലുകളും
മൂസ സ്വലാഹി കാര 18

ക്വുർആൻ ദർശനം
31 സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

ലേഖനം
ഹേമന്ദ് ഗുപ്തയുടെ
വിധിന്യായങ്ങളിലൂടെ-03
സുഫ്‌യാൻ അബ്ദുസ്സലാം 24

നിയമപഥം
34 കേരള പൊലീസ്
അബൂ ആദം അയ്മൻ



ചലനങ്ങൾ

# ‘വിദ്യാഭ്യാസ ഗുണനിലവാരം തകരുന്നത് ആശങ്കജനകം’

## വിസ്ഡം യൂത്ത് അധ്യാപക സമ്മേളനം

മഞ്ചേരി: കേരളത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം കുറയുന്നെന്ന വസ്തുത ഗൗരവമായി കാണുകയും അതിനെതിരെ പരിഹാരനടപടികൾ ആസൂത്രണം ചെയ്യുകയും വേണമെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച അധ്യാപക സമ്മേളനം അഭിപ്രായപ്പെട്ടു. 2024 ഫെബ്രുവരി 10,11 തീയതികളിൽ മലപ്പുറത്ത് നടക്കുന്ന കേരള യൂത്ത് കോൺഫറൻസിന്റ ഭാഗമായാണ് സമ്മേളനംസംഘടിപ്പിച്ചത്.

ലജ്നത്തുൽ ബുഹുസുൽ ഇസ്‌ലാമിയ പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു. കെ.എസ്.ടി.യു സംസ്ഥാന പ്രസിഡന്റ് കെ.എം. അബ്ദുല്ല, കെ.എ.ടി.എഫ് സംസ്ഥാന പ്രസിഡന്റ് ടി.പി. അബ്ദുൽ ഹഖ്, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി, കെ.പി.എസ്.ടി.എ ജില്ല അക്കാദമിക് കൺവീനർ അബ്ദുൽ ഹമീദ്, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ജനറൽ സെക്രട്ടറി ടി. ശമീൽ, ഷാജഹാൻ സ്വലാഹി എന്നിവർ സംസാരിച്ചു.

അബ്ദുറഷീദ് കുട്ടമ്പൂർ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ്, സി.പി. അബ്ദുല്ല ബാസിൽ, ജംഷീർ സ്വലാഹി എന്നിവർ പ്രഭാഷണം നടത്തി. എം. ഷമീം, അബ്ദുറഹ്മാൻ അൻസാരി, വി.പി. ബഷീർ, അശ്ഹം സലീൽ, ജൗഹർ മുനവ്വർ, യു. മുഹമ്മദ് മദനി, അജ്മൽ ഫൗസാൻ, മുനവ്വിർ സ്വലാഹി, ശാരിഖ് അമീൻ, മുസ്തഫ മദനി, ഫിറോസ് സ്വലാഹി എന്നിവർ സംബന്ധിച്ചു. സൈനുദ്ദീൻ മാസ്റ്റർ പട്ടാമ്പി, കോമേഴ്സിൽ ഡോക്ടറേറ്റ് നേടിയ പി.നദീർ, പി.പി. റഷാദ് എന്നിവരെ ആദരിച്ചു.

വായനക്കാർ എഴുതുന്നു

# യുദ്ധത്തിൽ ഇങ്ങനെയൊക്കെയാണ്!

‘തൂഫാനുൽ അക്സ്’ പ്രഖ്യാപിക്കപ്പെട്ട ശേഷം എക്സിലെ ഇസ്രയേൽ അനുകൂല ഹാൻഡിലുകൾ ശ്രദ്ധിക്കുകയായിരുന്നു. മരണപ്പെട്ട, പ്രയാസപ്പെടുന്ന, പരിക്കേറ്റവരുടെ ചിത്രങ്ങൾ ലോകത്തിന് മുന്നിൽ അവർ പ്രദർശിപ്പിക്കുന്നുണ്ട്. ഇതാ, ഇവരെ കൊന്നിരിക്കുന്നു, ഇനി മുതൽ ഇവർക്ക് അമ്മയില്ല, ഇനി മുതൽ ഇവർക്ക് സഹോദരനില്ല, ഈ റോഡുകൾ മുഴുവൻ നശിപ്പിച്ചിരിക്കുന്നു, വാഹനങ്ങൾക്ക് തീ വെച്ചിരിക്കുന്നു... എന്നിങ്ങനെ പോകുന്നു അവരുടെ ട്വീറ്റുകൾ.

എനിക്ക് തോന്നുന്നത് യുദ്ധത്തിൽ ഇങ്ങനെയൊക്കെയാണെന്ന് ഇവർ ആദ്യമായി അറിയുന്നതാണെന്നാണ്. അല്ലെങ്കിൽ 50 വർഷമായി തങ്ങളുടെ പട്ടാളം ഫിലസ്തീനിൽ ചെയ്തുകൊണ്ടിരുന്നതിന്റെ ചെറിയൊരു ഭാഗം 2 ദിവസം അവർ അനുഭവിച്ചിരിക്കുന്നു! 50 വർഷത്തിൽ ആദ്യമായി ചെറിയൊരു തിരിച്ചടി കിട്ടിയപ്പോഴേക്ക് അതിന്റെ പ്രയാസം അവർക്ക് മനസ്സിലായിട്ടുണ്ട്. ഇനി ഇതിന് തിരിച്ചടിയായി ഗാസയിൽ അവർ ചെയ്യാൻ പോകുന്നതും ഇതേ കാര്യത്തിന്റെ നൂറിരട്ടിയായിരിക്കുകയും ചെയ്യും! അപ്പോഴത് ആഘോഷിക്കുന്നതും ‘ജീവന്റെ വിലയെ’ പറ്റി വാചാലരായ ഇവർ തന്നെയായിരിക്കും!

ഈ പ്രശ്നത്തിൽ സ്ത്രീകളും കുട്ടികളും പ്രയാസമനുഭവിക്കുന്നത് ഏത് ഭാഗത്താണെങ്കിലും അത് കണ്ടുനിൽക്കാൻ സാധിക്കാത്തതാണ്. പക്ഷേ, പതിറ്റാണ്ടുകളായി നടക്കുന്ന ഇതേ കാര്യം കണ്ടില്ലെന്ന് നടിച്ച്, 2 ദിവസത്തെ ചിത്രങ്ങൾ മാത്രം കാണുന്നവരുടെ പ്രശ്നം വേറെയാണ്. കഴിഞ്ഞ മൂന്ന് വർഷമായി ആരുമറിയാതെ, ഒരു ബ്രേക്കിങ് ന്യൂസുമാവാതെ ഇസ്രയേൽ കൊന്നുതള്ളിയത് 2500 ഫിലസ്തീനികളെയാണ്. അത് പ്രശ്നമാവാതിരിക്കുകയും ഇസ്രായേലിൽ ആളുകൾ മരിക്കുമ്പോൾ മാത്രം മനസ്സ് നീറുകയും ചെയ്യുന്ന രോഗമാണ് ചികിത്സക്ക് വിധേയമാക്കേണ്ടത്. ഫിലസ്തീനികൾ ‘കുറഞ്ഞ മനുഷ്യരാ’ണെന്നും അവർ മരിച്ചു വീഴുന്നത് പോലെയല്ല ഇസ്രായേലികൾ മരിക്കുന്നതെന്നും അവരുടെ ജീവന്റെ വിലയല്ല ഇവർക്കുള്ളതെന്നുമുള്ള വംശീയ, വർഗീയ മനസ്സ് ആദ്യം നന്നാക്കട്ടെ. ശേഷം മാത്രമെ ബാക്കി ചർച്ചകൾക്ക് പ്രസക്തിയുള്ളൂ!

**- ഇബ്നു സലീം**

# വെള്ളിയാഴ്ചകളിലെ പരീക്ഷ; മുസ്‌ലിംകളുടെ ആവശ്യമെന്ത്?

ഈ മാസം 4ന് (ബുധനാഴ്ച) തിരുവനന്തപുരത്ത് ബഹു. മന്ത്രി വി. അബ്ദുറഹ്മാന്റെ അധ്യക്ഷതയിൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ഒരു യോഗം ചേരുകയുണ്ടായി. ഈ യോഗവിവരം റിപ്പോർട്ട് ചെയ്യവെ 'വെള്ളിയാഴ്ചകളിൽ പൊതുപരീക്ഷകൾ ഒഴിവാക്കണമെന്ന ആവശ്യവുമായി മുസ്‌ലിം സംഘടനകൾ രംഗത്ത്' എന്ന ടൈറ്റിലാണ് '24 ന്യൂസ്' നൽകിയത്.

വാസ്തവത്തിൽ മുസ്‌ലിം സംഘടനാ പ്രതിനിധികളാരും അങ്ങനെയൊരാവശ്യം ഉന്നയിച്ചിട്ടേയില്ല. പിഎസ്‌സി പരീക്ഷകളും ഇന്റർവ്യൂകളും വെള്ളിയാഴ്ചകളിൽ ജുമുഅ നഷ്ടപ്പെടും വിധം ആകരുതെന്ന സംഘടനാ പ്രതിനിധികളുടെ ആവശ്യം വെള്ളിയാഴ്ചകളിൽ പരീക്ഷ ഉണ്ടാകരുതെന്ന രീതിയിൽ മിനുട്സിൽ രേഖപ്പെടുത്തുകയാണുണ്ടായത്. ആ മിനുട്സിൽ പൊതുപരീക്ഷകളുടെ കാര്യം പറഞ്ഞിട്ടുമില്ല. മിനുട്സിൽ രേഖപ്പെടുത്തിയ 21 നിർദേശങ്ങളിൽ ഇതുമാത്രം തങ്ങൾ ഇച്ഛിക്കും വിധത്തിലാക്കി ബ്രേക്കിംഗ് ന്യൂസ് ആയി '24 ചാനൽ' നൽകിയതിന്റെ ലക്ഷ്യം എന്തായിരിക്കും? തീവ്ര വലതുപക്ഷ വിഭാഗങ്ങൾക്ക് ഹൈന്ദവ കമ്യൂണിറ്റിയിൽ വർഗീയ ധ്രുവീകരണത്തിന് മരുന്നിട്ടുകൊടുക്കുന്ന പ്രവർത്തനമല്ലേ ഇത്?

യോഗത്തിൽ മുസ്‌ലിം സംഘടനാ നേതാക്കൾ ആവശ്യപ്പെട്ടത് പിഎസ്‌സി പരീക്ഷകൾ, ഇന്റർവ്യൂകൾ, പൊതുപരീക്ഷകൾ എന്നിവ വെള്ളിയാഴ്ച ജുമുഅ നഷ്ടപ്പെടുംവിധം ഉണ്ടാകരുതെന്ന് മാത്രമാണ്. പൊതു പരീക്ഷകൾ ഒന്നും തന്നെ വെള്ളിയാഴ്ചകളിൽ നടത്താൻ പാടില്ലെന്ന് ആരും ആവശ്യപ്പെട്ടിട്ടില്ല. ജുമുഅ നഷ്ടപ്പെടും വിധമുള്ള സമയക്രമീകരണം ഒഴിവാക്കണമെന്ന ന്യായമായ ആവശ്യത്തെ, വെള്ളിയാഴ്ച ഒരു പരീക്ഷയും പാടില്ലെന്ന് വരുത്തിത്തീർത്ത് വിവാദത്തിന് തിരികൊളുത്തിയത് അപലപനീയമാണ്.

പിഎസ്‌സി പരീക്ഷകൾ വെള്ളിയാഴ്ചകളിൽ ജുമുഅ സമയത്ത് ഷെഡ്യൂൾ ചെയ്യുകയും വിമർശനങ്ങൾ വിളിച്ചുവരുത്തുകയും ചെയ്യുന്നത് പതിവായിട്ടുണ്ട്. പ്രതിഷേധമുയരുമ്പോൾ ആ പരീക്ഷ മറ്റൊരു ദിവസത്തേക്ക് മാറ്റുകയും ചെയ്യും. കഴിഞ്ഞ മാസം നടന്ന ഹയർ സെക്കന്ററി സപ്ലിമെന്ററി പരീക്ഷ ജുമുഅ സമയത്ത് തന്നെയാണ് ഷെഡ്യൂൾ ചെയ്തത്! അതിനും വിമർശനങ്ങൾ ഉയർന്നു. കേരളത്തിൽ 27 ശതമാനം വരുന്ന മുസ്‌ലിം സമുദായത്തിന്റെ വെള്ളിയാഴ്ച ജുമുഅയെ പരിഗണിച്ചുകൊണ്ട് പരീക്ഷാ ഷെഡ്യൂൾ ക്രമീകരിക്കണമെന്ന് ഇടയ്ക്കിടെ പറയേണ്ടി വരുന്ന സാഹചര്യം ഉണ്ടാകരുതെന്നാണ് യോഗത്തിൽ മുസ്‌ലിം സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടത്. ഈ ആവശ്യം പോലും വളച്ചൊടിച്ച് വിവാദമാക്കുന്നത് വിഭാഗീയ ശ്രമങ്ങൾക്ക് ആക്കം കൂട്ടാൻ മാത്രമെ സഹായകമാകൂ.

ഇങ്ങനെയൊക്കെയായിട്ടും, ഈ മാസം നടക്കാനിരിക്കുന്ന ഒന്നാംവർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷയുടെ സമയം വെള്ളിയാഴ്ച രാവിലെ 9:30 മുതൽ 12:15 വരെയാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്! 12:15 ആണ് ജുമുഅ സമയം. പരീക്ഷ കഴിഞ്ഞ് കുട്ടികൾക്കും അധ്യാപകർക്കും ജുമുഅക്ക് എത്തിച്ചേരാൻ പ്രയാസമായിരിക്കും. പരീക്ഷ തുടങ്ങുന്ന സമയത്തിൽ മാറ്റം വരുത്തിയാൽ തീരാവുന്ന പ്രശ്നമാണിത്. അതാണ് യോഗത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതും.

ഇത് തികച്ചും ന്യായമായ ആവശ്യമാണ്. എന്നാൽ 24 ന്യൂസ് 'വെള്ളിയാഴ്ചകളിൽ പൊതു പരീക്ഷകൾ ഒഴിവാക്കണമെന്ന ആവശ്യവുമായി മുസ്‌ലിം സംഘടനകൾ രംഗത്ത്' എന്ന് പറഞ്ഞത് തീവ്ര ഹിന്ദുത്വ നിലപാടുള്ളവരിലും പൊതുസമൂഹത്തിൽതന്നെയും നീരസമുണ്ടാക്കുവാൻ കാരണമാകുന്നതാണ്. വർത്തമാന കാലത്തെ നമ്മുടെ രാജ്യത്തെ രാഷ്ട്രീയ-സാമൂഹിക അവസ്ഥകൾ മനസ്സിലാക്കി പരസ്പരം വിരോധമുണ്ടാക്കുന്ന, തെറ്റുധാരണയുണ്ടാക്കുന്ന തരത്തിലുള്ള വാർത്തകൾ നൽകാതിരിക്കാനുള്ള പക്വത കാണിക്കുവാൻ മാധ്യമങ്ങളും ന്യായമായ ആവശ്യങ്ങൾ വകവെച്ചുകൊടുക്കുവാൻ ഭരണകൂടവും തയ്യാറാകണമെന്നാണ് സവിനയം പറയാനുള്ളത്.





ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 37

# വാഗ്ദത്ത പുത്രനു പകരം പൗത്രൻ!

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**ഒന്നല്ല, രണ്ടു കുട്ടികൾ**

"1886 ഫെബ്രുവരി 20ലെ പ്രവചനത്തിൽ യഥാർഥത്തിൽ രണ്ട് ഭാഗ്യസന്താനങ്ങളുടെ ജനനസുവിശേഷമുണ്ടെന്നും 'ആകാശത്തുനിന്ന് ഇറങ്ങുന്നവൻ, അനുഗ്രഹിക്കപ്പെട്ടവൻ, ആത്മീയമായ കാരുണ്യാവരോഹണത്തിന് നിമിത്തമായവൻ' എന്ന വാചകം ഒന്നാം ബശീറിനെ സംബന്ധിച്ച പ്രവചനമാണെന്നും അതിന് ശേഷമുള്ള വാചകം മറ്റൊരു ബശീറുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും സർവശക്തനായ അല്ലാഹു എനിക്ക് വെളിപ്പെടുത്തി" (പേജ് 132).

"1888 ജൂലൈ 10നും ഡിസംബർ 1നും പ്രസിദ്ധം ചെയ്ത പരസ്യത്തിൽ ബശീർ ഒന്നാമന്റെ ശേഷം മഹ്മൂദെന്നു കൂടി പേരുള്ള മറ്റൊരു ബശീറിനെപ്പറ്റി വാഗ്ദത്തം ചെയ്തിരുന്നു. 'അവൻ ദൃഢചിത്തതയിലും ഗുണങ്ങളിലും ശ്രേഷ്ഠതയിലും നിന്റെ തുല്യനായിരിക്കും, താൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാൻ ശക്തനായിരിക്കും' എന്ന് അല്ലാഹു പറഞ്ഞു. ഇന്ന് 1889 ജനുവരി 12, ശനിയാഴ്ച എന്റെ വീട്ടിൽ ഒരു ആൺകുട്ടി ജനിച്ചിരിക്കുന്നു. അവന് മഹ്മൂദെന്നും ബശീറെന്നും പേർ വിളിച്ചു. വാഗ്ദത്ത പുത്രൻ ഇവനാണെന്നോ ഏറെക്കാലം ജീവിച്ചിരിക്കുമെന്നോ അല്ലാഹു ഇതേവരെ അറിയിച്ചിട്ടില്ല. പൂർണമായി വെളിപ്പെട്ട ശേഷം വിവരം അറിയിക്കുന്നതാണ്. അവൻ വാക്ക് പാലിക്കുമെന്ന് എനിക്കുറപ്പുണ്ട്. വാഗ്ദത്തപുത്രൻ ജനിക്കാൻ കാലമായിട്ടില്ലെങ്കിൽ മറ്റൊരിക്കൽ അവൻ ജനിക്കുകതന്നെ ചെയ്യും. കാലം ഒരുദിവസം ബാക്കിയുണ്ടെങ്കിൽ ദിവ്യവാഗ്ദാനം പുലരുക തന്നെ ചെയ്യും" (പേജ് 132, ഹാശിയ).

വീണ്ടും: "പ്രസ്താവിച്ച പ്രവചനം വാഗ്ദത്ത പരിഷ്കർത്താവിനെ സംബന്ധിച്ചാണെന്ന് കരുതി വഞ്ചിതരാകരുത്, കാരണം ഈ വാക്യങ്ങളെല്ലാം മരണപ്പെട്ട മകനെ സംബന്ധിച്ചാകുന്നു. 'അവനോടൊപ്പം വരുന്ന ശ്രേഷ്ഠതകൾ' എന്നു തുടങ്ങുന്നവയാണ് വാഗ്ദത്ത പരിഷ്കർത്താവിന്

അനുകൂലമായ വചനങ്ങൾ എന്ന് ഇൽഹാമിൽ വ്യക്തമാക്കിയിരിക്കുന്നു. വാഗ്ദത്ത പരിഷ്കർത്താവിന്റെ പേര് ദൈവിക വെളിപാടിൽ ഫസൽ എന്നും മറ്റൊരു പേര് മഹമൂദ് എന്നും, മൂന്നാമത്തെ ബശീർ രണ്ടാമൻ എന്നുമാണ്. ഒരു ഇൽഹാമിൽ, അവന്റെ പേര് ഫസലെ ഉമർ എന്നായതിനാൽ അവന്റെ വരവ് ഉറപ്പായിരുന്നു. മരിച്ച ബശീർ വീണ്ടും ഉയിർത്തെഴുന്നേൽക്കും. കാരണം എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ ഹിക്മത്തിന്റെ കാൽക്കീഴിലാണ്'' (പേജ് 132).

ഒരു പുത്രനെ സംബന്ധിച്ച പ്രവചനം തന്നെ പാഴായിരിക്കെ, ഇപ്പോൾ പല പേരുകളുള്ള രണ്ടാമത്തെ കുട്ടിയെ സംബന്ധിച്ചാണ് ദൈവിക വചനമെന്ന മിർസായുടെ തള്ളൽ!

1889ൽ ജനിച്ച ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ആണ് വാഗ്ദത്ത പുത്രൻ എങ്കിൽ ആ കുട്ടി ജനിച്ച ശേഷവും ജനിക്കാൻ പോകുന്ന വാഗ്ദത്ത പുത്രനെ കുറിച്ചും പത്തു വർഷം കഴിഞ്ഞ്, 1899ൽ ജനിച്ച മുബാറക് അഹ്മദിനെക്കുറിച്ചും 'നിരവധി വഹ്‌യുകൾ' അവതരിച്ചത് നാം കണ്ടുവല്ലോ. ഖാദിയാനി പ്രവാചകന്റെ കാപട്യം തുറന്നു കാണിക്കണമെന്ന അല്ലാഹുവിന്റെ ഉദ്ദേശ്യമാണ് ഇവിടെ വ്യക്തമാകുന്നത്.

**നാലിനെ അഞ്ചാക്കുന്നവൻ**

മരിച്ചവരെപ്പോലും പുനർജീവിപ്പിക്കാൻ പ്രാപ്തനായ വാഗ്ദത്ത പുത്രനെപ്പറ്റിയുള്ള പ്രവചനത്തിനുശേഷം 1903 ജനുവരിയിൽ മിർസാ ഖാദിയാനി മറ്റൊരു പ്രവചനം നടത്തി.

"ഈ വാർധക്യത്തിൽ എനിക്ക് നാല് ആൺമക്കളെ നൽകി തന്റെ വാഗ്ദാനം പാലിച്ച അല്ലാഹുവിനാണ് സർവസ്തുതിയും. അവൻ ഇപ്പോൾ എനിക്ക് അഞ്ചാമത്തെ ആൺ സന്തതിയെക്കുറിച്ച് സന്തോഷവാർത്ത നൽകി. അക്രമികളേ, ഇതെല്ലാം എന്റെ നാഥനിൽനിന്നുള്ള അടയാളങ്ങളാണ്. നിങ്ങൾ വിചാരിക്കുന്നതിലും മഹത്ത്വമുടയവനായ അവൻ കോപത്തോടെ ഇറങ്ങുന്നത് ഭയപ്പെടുക'' (മവാഹിബുർറഹ്മാൻ പേജ് 139, തദ്കിറ 378).

പ്രസ്തുത 'വഹ്‌യ്' അവതരിച്ചപ്പോൾ മിർസായുടെ പത്നി ഗർഭിണിയായിരുന്നു. മിർസായുടെ പ്രവചനങ്ങൾ ശരിയായിക്കൂടെന്ന് നിർബന്ധമുള്ള അല്ലാഹു ആ ഗർഭത്തിൽ ഒരു പെൺകുട്ടിയെയാണ് നൽകിയത്. 1903 ജനുവരി 28ന് അമതുന്നസീർ ജനിച്ചപ്പോൾ മിർസാ പറഞ്ഞു: "ആൺകുട്ടി ഈ ഗർഭത്തിൽ തന്നെ ജനിക്കണമെന്നില്ല.''

അഞ്ചാമത്തെ ആൺകുട്ടിയെ കാത്തിരുന്ന മിർസായുടെ ഭാര്യ 1904ൽ വീണ്ടും പ്രസവിച്ചു; അമതുൽ ഹഫീസ് എന്ന പെൺകുട്ടിയെ. ആ പ്രസവത്തിലും ആൺകുട്ടി ഉണ്ടായിക്കൊള്ളണമെന്നില്ല എന്നാശ്വസിക്കാമായിരുന്നു. പക്ഷേ, പിന്നീട് മിർസായുടെ ഭാര്യ പ്രസവിച്ചതേയില്ല.

**പുത്രനു പകരം പൗത്രൻ!**

മിർസാ ഖാദിയാനി അഞ്ചാമത്തെ പുത്രനെ സംബന്ധിച്ച പ്രവചനം ഭംഗിയായി പുലർന്നു എന്നു പറയുമ്പോൾ നാം ആകാംക്ഷയോടെ കാതോർക്കുന്നു. ഒരു പക്ഷേ, മുഹമ്മദി ബീഗത്തെ വിവാഹം കഴിച്ചതുപോലെ ആകാശത്തെവിടെയെങ്കിലും ആ സന്തതി ജനിച്ചോ? അതോ വല്ല ആലങ്കാരിക ജനനവും സംഭവിച്ചോ? 'പ്രവാചകൻ' തന്നെ പറയട്ടെ: ഹഖീഖതുൽ വഹ്‌യിൽ നിന്ന്:

"42ാമത്തെ അടയാളം: അല്ലാഹു നാഫിലയെന്ന നിലയ്ക്ക് അഞ്ചാമത്തെ കുട്ടിയെ വാഗ്ദാനം ചെയ്തിരുന്നു. മവാഹിബുർറഹ്മാൻ 139ാം പേജിൽ അല്ലാഹു സുവാർത്തയറിയിച്ചിരുന്നു. അതായത് മകന്റെ മകൻ. മൂന്ന് മാസത്തോളമായി എന്റെ മകൻ മഹ്മൂദ് അഹ്മദിന്റെ വീട്ടിൽ ഒരാൺകുട്ടി പിറന്നിരിക്കുന്നു. അവന് നസീർ അഹ്മദ് എന്ന് പേര് വെച്ചിരിക്കുന്നു. അങ്ങനെ നാലര വർഷങ്ങൾക്കുശേഷം ആ പ്രവചനവും പുലർന്നു'' (പേജ് 218).

മവാഹിബുർറഹ്മാനിൽ പറഞ്ഞത് അഞ്ചാമത്തെ മകനെപ്പറ്റിയായിരുന്നു. ഇപ്പോൾ അതേ വചനങ്ങൾ എടുത്തെഴുതി 'നാഫില'യെന്ന നിലയിൽ മകന്റെ മകൻ എന്ന് വിശദീകരിക്കുകയാണ് മിർസാ ഖാദിയാനി. അപ്രകാരം പ്രവചനം പുലർന്നുവെന്നും അത് തന്റെ അടയാളമാണെന്നും അദ്ദേഹം അവകാശപ്പെടുന്നു. പ്രവചിച്ച ശേഷം മിർസാക്ക് ജനിച്ചത് രണ്ടും പെൺകുട്ടികളായപ്പോൾ മകന്റെ മകനെ പ്രവചന സാക്ഷാത്കാരമായി സമർപ്പിക്കാൻ, നേരത്തെ എഴുതിയത് ദുർവ്യാഖ്യാനിക്കുകയാണയാൾ. ഇതൊന്നും പക്ഷേ, അനുയായികളെ അലോസരപ്പെടുത്തുന്നില്ല എന്നതാണ് അത്ഭുതകരം! പ്രവചന സാക്ഷാത്കാരം തലമുറകൾക്കു ശേഷം സംഭവിച്ചാലും മതിയെന്നാണ് ഹകീം നൂറുദ്ദീന്റെ

**ഒരു പുത്രനെ സംബന്ധിച്ച പ്രവചനം തന്നെ പാഴായിരിക്കെ, ഇപ്പോൾ പല പേരുകളുള്ള രണ്ടാമത്തെ കുട്ടിയെ സംബന്ധിച്ചാണ് ദൈവിക വചനമെന്ന മിർസായുടെ തള്ളൽ! 1889ൽ ജനിച്ച ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ആണ് വാഗ്ദത്ത പുത്രൻ എങ്കിൽ ആ കുട്ടി ജനിച്ച ശേഷവും ജനിക്കാൻ പോകുന്ന വാഗ്ദത്ത പുത്രനെ കുറിച്ചും പത്തുവർഷം കഴിഞ്ഞ്, 1899ൽ ജനിച്ച മുബാറക് അഹ്മദിനെക്കുറിച്ചും 'നിരവധി വഹ്‌യുകൾ' അവതരിച്ചത് നാം കണ്ടുവല്ലോ. ഖാദിയാനി പ്രവാചകന്റെ കാപട്യം തുറന്നു കാണിക്കണമെന്ന അല്ലാഹുവിന്റെ ഉദ്ദേശ്യമാണ് ഇവിടെ വ്യക്തമാകുന്നത്.**

**“ഞാൻ വാഗ്ദത്ത പരിഷ്കർത്താവാണെന്ന് വാദിക്കുന്നില്ല. അത് ഞാനാണെങ്കിൽ അല്ലാഹുവിന് സ്തുതി. ചിലരെന്നെ വാഗ്ദത്തപുത്രനെന്ന് പറയുന്നു. ഓരോരുത്തരും മനസ്സിലാക്കുന്നതുപോലെ വിശ്വസിക്കട്ടെ. അതിന് ശറഇൽ വിരോധമില്ല'' (അൽഫസൽ, 02. 02. 1916). മഹ്മൂദ് അഹ്മദ് അപ്പോൾ അങ്ങനെ പറഞ്ഞെങ്കിലും, 28 വർഷങ്ങൾക്ക് ശേഷം താൻ മസീഹ് പ്രവചിച്ച വാഗ്ദത്തപുത്രനും വാഗ്ദത്ത പരിഷ്കർത്താവും ആണെന്ന് വാദിക്കുകയും തനിക്ക് അല്ലാഹുവിൽനിന്ന് വഹ്യ് ലഭിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്തു. ഖാദിയാനി വിഭാഗത്തിലെ നേതാക്കൾ ഒന്നിച്ചിരുന്ന് തെരഞ്ഞെടുക്കുന്ന ഖലീഫമാർക്ക് അല്ലാഹു നിരന്തരം വഹ്യ് നൽകിക്കൊണ്ടിരിക്കുമെന്ന് ഖാദിയാനികൾ വിശ്വസിക്കുന്നു.**

അഭിപ്രായം. എങ്കിൽ ആൺമക്കളെയും പെൺമക്കളെയും സംബന്ധിച്ച് ആർക്കും പ്രവചിക്കാം; സത്യാസത്യവിവേചനത്തിനായി പ്രവചനം സമർപ്പിക്കുന്ന പ്രവാചകൻ ആകണമെന്നില്ല.

**വാഗ്ദത്ത പുത്രൻ ഞാനല്ല**

തന്റെ പ്രവചന സാക്ഷാത്കാരമായി ജനിച്ച വാഗ്ദത്ത പുത്രനാണെന്ന് വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത മുബാറക് അഹ്മദ് 1907 സെപ്റ്റംബർ 16ന് മരിച്ചു. എട്ടു മാസങ്ങൾക്ക് ശേഷം, 1908 മെയ് 26ന് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയും ഈ ലോകത്തോട് വിടപറഞ്ഞു.

ഖാദിയാനി പുത്രൻ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് രണ്ടാം ഖലീഫയായപ്പോൾ 'വാഗ്ദത്ത പുത്രനെപ്പറ്റിയുള്ള പ്രവചനം കൊണ്ട് ഉദ്ദേശിച്ചത് താങ്കളെയാണോ, താങ്കൾ അങ്ങനെ വാദിക്കുന്നുണ്ടോ' എന്ന ചോദ്യത്തിന് നൽകിയ മറുപടി ഇങ്ങനെയായിരുന്നു:

“മസീഹ്(അ) പലപ്പോഴും ഒരു പ്രത്യേക സന്താനത്തെപ്പറ്റി പ്രവചിച്ചിരുന്നു. എന്റെ ജനനത്തിന് മുമ്പ് 'വാഗ്ദത്ത പരിഷ്കർത്താവ്' എന്ന പദമുപയോഗിച്ചുതന്നെ പ്രവചനം നടത്തിയിരുന്നു. ആദ്യത്തെ പരസ്യങ്ങളിൽ വാഗ്ദത്തപുത്രന് അല്ലാഹു വഹ്യ് നൽകുമെന്ന് പറയുന്നില്ല. എന്നാൽ അൽവസിയ്യത്തിൽ വാഗ്ദത്തപുത്രന് വഹ്യുണ്ടാകുമെന്ന് പറയുന്നു. രണ്ടും ഒരാളെപ്പറ്റിയാണെങ്കിൽ വഹ്യുണ്ടെന്ന് വാദിക്കൽ നിർബന്ധമാണ്. എന്നാൽ രണ്ടും രണ്ടാളെപ്പറ്റിയോ ഒരാളുടെ രണ്ടവസ്ഥയോ ആണെങ്കിൽ വഹ്യുണ്ടെന്നു വാദിക്കുകയോ വാദിക്കാതിരിക്കുകയോ ചെയ്യാം.”

“തന്റെ സമുദായത്തിലെ പ്രമുഖരെപ്പറ്റി നബി(സ്വ)യുടെ ചില പ്രവചനങ്ങൾ പലരും തങ്ങളെപ്പറ്റിയെന്ന് കരുതിയിരുന്നു. കോൺസ്റ്റാന്റിനോപ്പ്ൾ ജയിച്ചടക്കിയ മുഹമ്മദ് മഹ്ദിയെപ്പറ്റി നബി (സ്വ) പ്രവചിച്ചു. പക്ഷേ, അദ്ദേഹം അങ്ങനെ വാദിച്ചതായി തെളിവില്ല. ചുരുക്കത്തിൽ, ഞാൻ വാഗ്ദത്ത പരിഷ്കർത്താവാണെന്ന് വാദിക്കുന്നില്ല. അത് ഞാനാണെങ്കിൽ അല്ലാഹുവിന് സ്തുതി. ചിലരെന്നെ വാഗ്ദത്തപുത്രനെന്ന് പറയുന്നു. ഓരോരുത്തരും മനസ്സിലാക്കുന്നതുപോലെ വിശ്വസിക്കട്ടെ. അതിന് ശറഇൽ വിരോധമില്ല” (അൽഫസൽ, 02. 02. 1916).

മഹ്മൂദ് അഹ്മദ് അപ്പോൾ അങ്ങനെ പറഞ്ഞെങ്കിലും, 28 വർഷങ്ങൾക്ക് ശേഷം താൻ മസീഹ് പ്രവചിച്ച വാഗ്ദത്തപുത്രനും വാഗ്ദത്ത പരിഷ്കർത്താവും ആണെന്ന് വാദിക്കുകയും തനിക്ക് അല്ലാഹുവിൽനിന്ന് വഹ്യ് ലഭിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്തു. ഖാദിയാനി വിഭാഗത്തിലെ നേതാക്കൾ ഒന്നിച്ചിരുന്ന് തെരഞ്ഞെടുക്കുന്ന ഖലീഫമാർക്ക് അല്ലാഹു നിരന്തരം വഹ്യ് നൽകിക്കൊണ്ടിരിക്കുമെന്ന് ഖാദിയാനികൾ വിശ്വസിക്കുന്നു.

**വാഗ്ദത്ത പുത്രൻ ഞാൻ തന്നെ!**

ഖാദിയാനി വഹ്യുകൾ ക്രോഡീകരിച്ച് തദ്കിറ പ്രസിദ്ധീകരിച്ചപ്പോൾ അതിലെ കുറെ പേജുകൾ നിറയെ തനിക്ക് അനുകൂലമായ വഹ്യുകളും വ്യാഖ്യാനങ്ങളും നൽകി വാഗ്ദത്ത പരിഷ്കർത്താവ് ആകാനുള്ള വഴികൾ ഒരുക്കുകയും അനുകൂലമായ സന്ദർഭം ലഭിച്ചപ്പോൾ പ്രഖ്യാപിക്കുകയും ചെയ്യുകയായിരുന്നു മഹ്മൂദ് അഹ്മദ്.

“അല്ലാഹുവിന് സ്തുതി! ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മഹമൂദ് അഹ്മദ് 1944 ജനുവരി 28ന് വെള്ളിയാഴ്ച അല്ലാഹുവിൽനിന്ന് വിവരം കിട്ടിയതനുസരിച്ച് വാഗ്ദത്ത പരിഷ്കർത്താവാണെന്ന



വാദം പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ അടിയാന്മാരായ നമ്മൾ എത്ര അനുഗൃഹീതരാണ്'' (അൽഫസൽ, 11. 02. 1946).

അല്ലാഹുവിന്റെ അടിയാറുകളായ മുസ്‌ലിംകളിൽനിന്ന് വ്യത്യസ്തമായി ഖാദിയാനീ ഖലീഫയുടെ അടിയാറുകളാണ് ഖാദിയാനി മതവിശ്വാസികൾ! 1908നും 1946നും ഇടയ്ക്ക് മരിച്ചുപോയ ഖാദിയാനി അടിയാന്മാരുടെ കാര്യമോ? തങ്ങളുടെ പ്രവാചകന്റെ മറ്റു പല പ്രവചനങ്ങളെയും പോലെ വാഗ്ദത്ത പുത്രനെ സംബന്ധിച്ച പ്രവചനവും പുലർന്നില്ലെന്നല്ലേ അവർ വിശ്വസിച്ചിരിക്കുക!

**അഹ്മദിയ്യത്തിന്റെ ലോകം**

പാശ്ചാത്യരും പൗരസ്ത്യരുമായ രാജാക്കന്മാർ പ്രജകളോടൊപ്പം ഖാദിയാനീ മതത്തിൽ വിശ്വസിക്കുന്ന സ്വപ്നദർശനങ്ങളും അറബിയിലും ഉർദുവിലും ഇംഗ്ലീഷിലുമൊക്കെ വിജയവും ആൾക്കൂട്ടവും വാഗ്ദാനം ചെയ്തെങ്കിലും എല്ലാം പാഴ്‌വാക്കുകളായിരുന്നു; സ്നേഹപ്രകടനം കാപട്യവും. ഒന്നേകാൽ നൂറ്റാണ്ടിനിപ്പുറം മിർസ ഖാദിയാനിയുടെ അനുയായികൾക്ക് മനസ്സിലാവുക അല്ലാഹു തന്റെ വാക്ക് പാലിച്ചില്ല എന്നാണ്. ഈസാ നബി(അ)യുടെയും പിന്നീട് വന്ന മുഹമ്മദ് നബി (സ്വ)യുടെയും അനുയായികളാണ് ലോകം നിറയെ. കേവലം 13 വർഷം പിന്നിട്ടപ്പോഴേക്കും മുഹമ്മദ് നബി(സ്വ) സ്വന്തമായി രാഷ്ട്രം സ്ഥാപിച്ചു. രണ്ടു പതിറ്റാണ്ട് കൂടി കഴിഞ്ഞപ്പോൾ ലോകത്തിന്റെ ഒട്ടേറെ ഭാഗങ്ങൾ ഇസ്‌ലാമിന്റെ പതാകക്ക് കീഴിൽ വന്നു. ഇന്ന് ലോകം ഒരു ഗ്ലോബൽ വില്ലേജ് ആയി ചുരുങ്ങിയിട്ടും ഖാദിയാനി പ്രവാചകന്റെ പേര് കേൾക്കാത്തവരാണ് 99.9 ശതമാനം മനുഷ്യരും.

ഖാദിയാനികളുടെ മുഖപത്രമായ 'ബദർ' മലയാളം വാരികയുടെ 23ാം ലക്കത്തിലെ ഒരു ലേഖനത്തിൽ പറയുന്നു: "മിർസാ മസ്റൂർ അഹ്മദ് ആഗോളാടിസ്ഥാനത്തിൽ സന്ദർശനം നടത്തി വരുന്നു. വലിയ വലിയ ലോകനേതാക്കളുമായി അഭിമുഖം നടത്തുന്നു. അദ്ദേഹം 10 മില്യണിലധികം ആളുകളുടെ നേതാവാണ്''(23.5.2019).

എന്നുവെച്ചാൽ അവരുടെ അംഗബലം ലോകജനസംഖ്യയുടെ 0.0013 ശതമാനമാണെന്ന് മുഖപത്രം സമ്മതിക്കുന്നു. അതിൽനിന്ന് പതിവുപോലെ ചേർത്ത വെള്ളം കുറക്കുകയും വേണം. 730 കോടിയിലേറെ വരുന്ന ലോക ജനസംഖ്യയിൽ ഏതാനും ലക്ഷങ്ങളെക്കുറിച്ചാണ് 'നിന്റെ കക്ഷിയെ ഞാൻ ലോകമാകെ വ്യാപിപ്പിക്കു'മെന്നു പറഞ്ഞതും ആ കക്ഷി സ്വന്തം 'ലോക'ത്ത് മറ്റുള്ള കക്ഷികളെ അതിജയിച്ചതും നാം കാണുന്നത്!

**ഒന്നേകാൽ നൂറ്റാണ്ടിനിപ്പുറം മിർസ ഖാദിയാനിയുടെ അനുയായികൾക്ക് മനസ്സിലാവുക അല്ലാഹു തന്റെ വാക്ക് പാലിച്ചില്ല എന്നാണ്. ഈസാ നബി(അ) യുടെയും പിന്നീട് വന്ന മുഹമ്മദ് നബി (സ്വ)യുടെയും അനുയായികളാണ് ലോകം നിറയെ. കേവലം 13 വർഷം പിന്നിട്ടപ്പോഴേക്കും മുഹമ്മദ് നബി(സ്വ) സ്വന്തമായി രാഷ്ട്രം സ്ഥാപിച്ചു. രണ്ടു പതിറ്റാണ്ട് കൂടി കഴിഞ്ഞപ്പോൾ ലോകത്തിന്റെ ഒട്ടേറെ ഭാഗങ്ങൾ ഇസ്‌ലാമിന്റെ പതാകക്ക് കീഴിൽ വന്നു. ഇന്ന് ലോകം ഒരു ഗ്ലോബൽ വില്ലേജ് ആയി ചുരുങ്ങിയിട്ടും ഖാദിയാനി പ്രവാചകന്റെ പേര് കേൾക്കാത്തവരാണ് 99.9 ശതമാനം മനുഷ്വരും.**

'യലാശു'വിന്റെ വാക്കുകൾക്ക് ഒട്ടും വിലയില്ല എന്നുതന്നെയാണ് മറ്റൊരു വചനത്തിലൂടെ നമുക്കു മനസ്സിലാക്കാനാവുക:

"ഒരു ജാഗ്രദ് ദർശനത്തിൽ രണ്ടുപേർ മനുഷ്യരൂപത്തിൽ വീട്ടിൽ ഇരിക്കുന്നത് ഈ വിനീതൻ കണ്ടു. ഒരാൾ തറയിലും മറ്റെയാൾ മേൽപ്പുരക്കടുത്തുമാണ്. നിലത്തിരിക്കുന്നവനോട് ഞാൻ പറഞ്ഞു: 'എനിക്ക് ഒരു ലക്ഷം ഭടന്മാരുടെ സൈന്യത്തെ തരണം.' അവൻ മിണ്ടാതെയിരുന്നു. മറുപടി പറയാതിരിക്കുന്നത് കണ്ടപ്പോൾ തട്ടിൻപുറത്തിനടുത്ത് ആകാശത്ത് നിൽക്കുന്നവനോട് ഞാൻ പറഞ്ഞു: 'എനിക്ക് ലക്ഷംപേരുടെ സൈന്യം വേണം.' അവൻ പറഞ്ഞു: 'ഒരുലക്ഷം തരാനാവില്ല, 5000 ഭടന്മാരെ തരാം.' 5000 വളരെ കുറവാണല്ലോ എന്ന് ഞാൻ മനസ്സിൽ പറഞ്ഞു. എന്നാലും അല്ലാഹു വിചാരിച്ചാൽ വളരെ കൂടുതൽ പേരെ അതിജയിക്കാനാവും ഒരു കൊച്ചു സൈന്യത്തിന്. അപ്പോൾ ഞാൻ ഈ സൂക്തം ഓതുകയും ചെയ്തു: 'എത്രമാത്രം ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ സമ്മതത്തോടെ വലിയ സംഘങ്ങളെ അതിജയിച്ചത്'' (പേജ് 143).

നേരേ പറഞ്ഞപോലെ ഈ 'ദൈവിക വചനങ്ങൾ' ഒക്കെയും അനുയായികൾ ഉറപ്പുള്ള പെട്ടികളിൽ ഭദ്രമായി സൂക്ഷിച്ചുവെക്കട്ടെ. ഇതിലെ പ്രവചനങ്ങൾ ഏതെങ്കിലും കാലത്ത് പുലരുമോ എന്ന് നോക്കാമല്ലോ. ഒടുവിൽ, ആചാര്യന് അവതരിച്ച 'മറ്റൊരു വഹ്‌യ്' പോലെ ആകുമോ ആവോ! അതിങ്ങനെ: 'ഈ ഉലമാക്കൾ എന്റെ വീടാകെ മാറ്റി മറിച്ചുകളഞ്ഞു. എന്റെ ആരാധനാ മുറിയിൽ അവർ അടുപ്പുകൂട്ടി. ഞാൻ പ്രാർഥിക്കുന്ന സ്ഥലത്ത് അവരുടെ ചട്ടികളും പിഞ്ഞാണങ്ങളും നിരത്തിവച്ചു. ഇപ്പോൾ എലികളെപ്പോലെ അവർ എന്റെ നബിയുടെ വചനങ്ങൾ കരണ്ടുതീർക്കുകയാണ്'' (പേജ് 143).

# തട്ടം പിടിച്ച് വലിക്കുന്ന പുരോഗമനവും സാമുദായിക മാനവും

**മുജീബ് ഒട്ടുമ്മൽ**
:97444 31890

**ജീവിത വ്യവഹാരങ്ങളിൽ പുരോഗമനത്തിന്റെ ഉണർത്തുപാട്ടുമായി കടന്നുവന്നുവെന്ന് അവകാശപ്പെടുന്ന പ്രത്യയശാസ്ത്രങ്ങൾ പോലും യാഥാസ്ഥിതിക ചിന്തയിൽ നിന്ന് മുക്തരായിട്ടില്ല എന്ന് മാത്രമല്ല, മൂഢവിശ്വാസത്തിന്റെ കരാളഹസ്തങ്ങളിൽ പെട്ടുഴലുകയാണെന്ന് തെളിയിക്കുന്നതാണ് തട്ടത്തെ കുറിച്ചുള്ള പുതിയ പരാമർശം. വോട്ടുരാഷ്ട്രീയത്തിന്റെ തൊലിപ്പുറ സ്പർശനങ്ങൾക്കപ്പുറം ദാർശനിക അജണ്ടകളിലെ കാർക്കശ്യബോധം സമുദായ സഹയാത്രികരെ ഇരുത്തിച്ചിന്തിപ്പിക്കേണ്ടതാണ്.**

'മലപ്പുറത്തുനിന്ന് വരുന്ന പുതിയ പെൺകുട്ടികളെ കാണൂ നിങ്ങൾ. തട്ടം തലയിലിടാൻ വന്നാൽ അത് വേണ്ടായെന്ന് പറയുന്ന പെൺകുട്ടികൾ മലപ്പുറത്തുണ്ടായത് കമ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ വന്നതിന്റ ഭാഗമായിട്ടുതന്നെയാണ്. വിദ്യാഭ്യാസമുണ്ടായതിന്റെ ഭാഗമായിട്ടാണ് ഈ മാറ്റങ്ങൾ ഉണ്ടായത്. സ്വതന്ത്ര ചിന്ത വന്നതിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പങ്ക് ചെറുതല്ല.'

സി.രവിചന്ദ്രന്റെ നേതൃത്വത്തിലെ യുക്തിവാദ സംഘടനയായ 'എസ്സൻസ് ഗ്ലോബൽ' സംഘടിപ്പിച്ച 'ലിറ്റ്മസ് 23' നാസ്തിക സമ്മേളനത്തിലെ പ്രസംഗത്തിൽ സി.പി.എം സംസ്ഥാന കമ്മിറ്റിയംഗം അഡ്വ.കെ.അനിൽ കുമാർ നടത്തിയ പരാമർശം കേരളത്തിൽ വലിയ ചർച്ചയായിരിക്കുകയാണ്.

സംസ്ഥാന ജനറൽ സെക്രട്ടറി എം. ഗോവിന്ദൻ മാഷ് അനിൽ കുമാറിന്റെ പരാമർശം പാർട്ടിയുടെ നിലപാടല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവാദ പരാമർശം വാർത്തയാക്കിയ ചാനലിനെതിരെ അനിൽകുമാർ നടത്തിയ 'താലിബാനിസം' ആരോപണവും സമുദായത്തെ ഉന്നം വെച്ചുകൊണ്ടുള്ളതാണെന്ന് വിലയിരുത്തപ്പെടുന്നു. മതനിരാസവും യുക്തിവാദവും ആദർശമായി സ്വീകരിച്ച് വലതുപക്ഷ രാഷ്ട്രീയത്തിന്റെ അപ്പോസ്തലനായി വിരാജിച്ച സവർക്കറിന്റെ പിൻഗാമിയായി കേരളത്തിൽ പ്രവർത്തിച്ചു



കൊണ്ടിരിക്കുന്ന സി.രവിചന്ദ്രൻ എന്ന നാസ്തികൻ സംഘടിപ്പിച്ച സമ്മേളനത്തിലാണ് ഈ പരാമർശമെന്നതാണ് സമുദായത്തെ കൂടുതൽ വ്യാകുലപ്പെടുത്തുന്നത്. അറബി ഭാഷയിൽ യാതൊരു അറിവുമില്ലാതെ വിശുദ്ധ ക്വുർആനെ വിമർശന വിധേയമാക്കുന്ന രവിചന്ദ്രന്റെ ഏതൊരു നീക്കവും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഉന്നംവെച്ചുകൊണ്ടുള്ളതാണെന്നത് നിസ്തർക്കമാണ്. ബിരുദങ്ങളുടെ അക്ഷരക്കൂട്ടങ്ങളെ പേറുന്നവനാണെങ്കിലും സാമാന്യം ശാസ്ത്രവിജ്ഞാന ശാഖയിൽ പോലും വേണ്ടത്ര പരിജ്ഞാനമില്ലാതെ ശാസ്ത്രമാത്രവാദവുമായി ഇസ്‌ലാമിനെ നേരിടുന്ന ശൈലിയാണ് അയാൾ സ്വീകരിക്കാറുള്ളത്. അജ്നാമോട്ടോയുടെ കണ്ടുപിടുത്തത്തെയും പഞ്ചസാരയുടെ രാസനാമത്തെയും കുറിച്ച് വാചാലമായ രവിചന്ദ്രന്റെ പ്രഭാഷണത്തിലെ വിവരക്കേടുകൾ സമൂഹമാധ്യമങ്ങളിലെ ട്രോളർമാർ ആഘോഷിച്ചത് മലയാളികൾ മറക്കില്ല. ഇസ്‌ലാമോഫോബിയ ചകിതമാക്കിയ മനസ്സുംപേറി നടക്കുന്ന അദ്ദേഹം നേതൃത്വം നൽകുന്ന ഏതൊരു പരിപാടിയും ഇസ്‌ലാമിനെ പ്രഹരിക്കാനുള്ള അവസരമാക്കും. ഇസ്‌ലാമിന്റെ മാനവിക മൂല്യങ്ങൾക്ക് മുന്നിൽ പതറിയാൽ അതിനെ നിരുപാധികമായി നിഷേധിക്കാനും വലിയ മിടുക്ക് കാണിക്കും.

അത്തരം മൂശയിൽ വാർത്തെടുത്ത ഗ്ലോബൽ യുക്തിവാദി കോൺഫറൻസിൽ പ്രഭാഷണം നടത്തുമ്പോൾ ഉപയോഗിക്കുന്ന വാചകങ്ങൾ ഏറെ ശ്രദ്ധിക്കേണ്ടിയിരുന്നുവെന്ന് വിമർശിക്കുന്നവരും ഉണ്ട്. ഫാഷിസത്തിനെതിരെയും സമുദായം അപരവൽകരിക്കപ്പെ

**അറബി ഭാഷയിൽ യാതൊരു അറിവുമില്ലാതെ വിശുദ്ധ ക്വുർആനെ വിമർശനവിധേയമാക്കുന്ന രവിചന്ദ്രന്റെ ഏതൊരു നീക്കവും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഉന്നംവെച്ചുകൊണ്ടുള്ളതാണെന്നത് നിസ്തർക്കമാണ്. ബിരുദങ്ങളുടെ അക്ഷരക്കൂട്ടങ്ങളെ പേറുന്നവനാണെങ്കിലും സാമാന്യം ശാസ്ത്രവിജ്ഞാന ശാഖയിൽ പോലും വേണ്ടത്ര പരിജ്ഞാനമില്ലാതെ ശാസ്ത്രമാത്രവാദവുമായി ഇസ്‌ലാമിനെ നേരിടുന്ന ശൈലിയാണ് അയാൾ സ്വീകരിക്കാറുള്ളത്. ഇസ്‌ലാമോഫോബിയ ചകിതമാക്കിയ മനസ്സുംപേറി നടക്കുന്ന അദ്ദേഹം നേതൃത്വം നൽകുന്ന ഏതൊരു പരിപാടിയും ഇസ്‌ലാമിനെ പ്രഹരിക്കാനുള്ള അവസരമാക്കും. ഇസ്‌ലാമിന്റെ മാനവിക മൂല്യങ്ങൾക്ക് മുന്നിൽ പതറിയാൽ അതിനെ നിരുപാധികമായി നിഷേധിക്കാനും വലിയ മിടുക്ക് കാണിക്കും.**

**കേരളത്തിലെ സിപിഎമ്മിന്റ നേതാക്കളിൽനിന്നും ദാർശനികരിൽനിന്നും പല സന്ദർഭങ്ങളിലായി മുസ്‌ലിം സമുദായം ഇത്തരം ആക്ഷേപങ്ങളേറെ കേട്ടിട്ടുണ്ട്. 'മലപ്പുറം' ജില്ലയെ സമൂഹത്തിന്റ വില്ലൻ റോളിൽ അവതരിപ്പിച്ച സിനിമകൾക്കും മുസ്‌ലിം കഥാപാത്രങ്ങൾക്ക് ആക്ഷേപഹാസ്യ പരിവേഷം നൽകിയ സംവിധാനങ്ങൾക്കും നേതൃത്വം നൽകിയവരിൽ കൂടുതലും ഇടതുപക്ഷ ബുദ്ധിജീവികളാണ്. അഭിനയവും സാഹിത്യവും കലയും രചനയുമെല്ലാം അതിനായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നവരിലും ഇടതുസഹയാത്രികരുണ്ടായിരുന്നു. മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറത്തെ വിദ്യാർഥികളുടെ പഠന മികവിനെ പോലും കോപ്പിയടിച്ച വിജയമായി മുദ്രകുത്തിയത് പ്രമുഖനായ സഖാവ് വി.എസ് അച്ചുതാനന്ദനാണ്.**



ടുന്നതിനെതിരെയുമുള്ള അഡ്വ. അനിൽകുമാറിന്റ വാക്കുകൾ പ്രൗഢവും വസ്തുതാപരവുമാണെന്നതിൽ തർക്കമില്ല. എങ്കിലും ഹെഗലിന്റെ ആശയവാദത്തിന്റെയും ഫോയർബാഗിന്റ ഭൗതികവാദത്തിന്റെയും സമ്മിശ്രത്തിൽനിന്ന് രൂപംകൊണ്ടിട്ടുള്ള ചരിത്രപരവും വൈരുധ്യാത്മകവുമായ ഭൗതികവാദം ദർശനമായി സ്വീകരിച്ച മാർക്സിസത്തിന് ഇസ്‌ലാമിനോട് യോജിച്ച് പോകാവുന്ന ഒരംശവും എവിടെയും കാണാനാവില്ല. അതുകൊണ്ടാണ് ഫാഷിസത്തിന്റെ വർഗരാഷ്ട്രീയത്തിനെതിരെ സംസാരിക്കുമ്പോഴും ഇസ്‌ലാമിന്റെ ആശയങ്ങൾക്ക് ആറാം നൂറ്റാണ്ടിന്റെ പഴക്കം ചാർത്തി നൽകാൻ ഇവർ ശ്രമിക്കുന്നത്. തട്ടവും ഹിജാബും നിഖാബും സ്ത്രീ സ്വാതന്ത്ര്യവുമെല്ലാം ആവേശത്തോടെ തലോടിപ്പോകാൻ പ്രേരിപ്പിക്കുന്നതും ഈ ഘടകം തന്നെയാണ്. ഇത് കേവലം യാദൃച്ഛികമായ പരാമർശമാണെന്ന് പറയാനാവില്ല. കാരണം കേരളത്തിലെ സിപിഎമ്മിന്റ നേതാക്കളിൽനിന്നും ദാർശനികരിൽനിന്നും പല സന്ദർഭങ്ങളിലായി മുസ്‌ലിം സമുദായം ഇത്തരം ആക്ഷേപങ്ങളേറെ കേട്ടിട്ടുണ്ട്. 'മലപ്പുറം' ജില്ലയെ സമൂഹത്തിന്റ വില്ലൻ റോളിൽ അവതരിപ്പിച്ച സിനിമകൾക്കും മുസ്‌ലിം കഥാപാത്രങ്ങൾക്ക് ആക്ഷേപഹാസ്യ പരിവേഷം നൽകിയ സംവിധാനങ്ങൾക്കും നേതൃത്വം നൽകിയവരിൽ കൂടുതലും ഇടതുപക്ഷ ബുദ്ധിജീവികളാണ്. അഭിനയവും സാഹിത്യവും കലയും രചനയുമെല്ലാം അതിനായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നവരിലും ഇടതുസഹയാത്രികരുണ്ടായിരുന്നു.

മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറത്തെ വിദ്യാർഥികളുടെ പഠന മികവിനെ പോലും കോപ്പിയടിച്ച വിജയമായി മുദ്രകുത്തിയത് പ്രമുഖനായ സഖാവ് പി.എസ് അച്ചുതാനന്ദനാണ്. മുസ്‌ലിം സമുദായത്തിനുമേൽ ഉയർന്നുവന്ന വ്യാജമായ ലൗജിഹാദ് ആരോപണത്തിന് പ്രചാരണം നൽകിയതും ഈ സഖാവ് തന്നെയാണെന്നത് നിഷേധിക്കാനാവില്ല. തെരഞ്ഞെടുപ്പ് പരാജയത്തെ തുടർന്ന് അതിനെ അപഗ്രഥിച്ചുകൊണ്ട് കടകംപള്ളി സുരേന്ദ്രൻ അഭിപ്രായപ്പെട്ടത് മലപ്പുറത്തിന്റ ഉള്ളടക്കം വർഗീയമാണെന്നാണ്.

തിരുവനന്തപുരം മെഡിക്കൽ കോളജിലെ ഏഴോളം മുസ്‌ലിം വിദ്യാർഥിനികൾ ഓപ്പറേഷൻ തിയേറ്ററിലെ വസ്ത്രധാരണ വിഷയത്തിൽ ഒരാവശ്യം ഉന്നയിച്ചപ്പോഴും കേരളത്തിലെ വർഗീയ വിഷമായ പ്രദീപ് വിശ്വനാഥിന്റെ പ്രചാരണമേറ്റെടുത്ത് പ്രചരിപ്പിച്ചതിലധികവും ഇടതുപക്ഷത്ത് ചേർന്നുനിൽക്കുന്നവരായിരുന്നു. ഇസ്‌ലാമിക വസ്ത്രധാരണമാണ് വിഷയമെന്ന് മനസ്സിലായപ്പോഴാണ് ഇത്രയും ആവേശം കാണാനായത്.

മുസ്‌ലിം സ്ത്രീയുടെ ജീവിതത്തെ ക്രൂരമായ ആരോപണങ്ങൾക്ക് വിധേയമാക്കി വിമർശന പ്രമേയമായി വന്ന ബർസ, ബലി തുടങ്ങിയ മലയാള നോവലുകൾക്കും കൂടുതൽ പ്രചാരണം നൽകുന്നതും കമ്യൂണിസ്റ്റ് സരണിയിലാണെന്ന് കാണാം. അതിലെ ആശയങ്ങളധികവും ഇസ്‌ലാമിക പ്രമാണങ്ങൾക്ക് യോജിക്കാത്തതും പച്ചയായ ദുരാരോപണവുമാണ്. യാതൊരു സാഹിത്യ മേൻമയും അവകാശപ്പെടാനാകാത്ത ഇത്തരം നോവലുകൾക്ക് സൈദ്ധാന്തിക പ്രചാരണം നൽകിയത് ഇസ്‌ലാം വിമർശനം ലക്ഷ്യമാക്കി തന്നെയാണ്.

### 'തട്ടം' പിടിച്ച് വലിക്കുന്നതിനു പിന്നിൽ

'ബംഗാൾ ഗ്രാമങ്ങളിൽ നിങ്ങൾക്ക് മുസ്‌ലിം ആവാസ കേന്ദ്രങ്ങളും ഹിന്ദു കേന്ദ്രങ്ങളും എളുപ്പം തിരിച്ചറിയാനാകും. എവിടെ ടാറിട്ട റോഡ് അവസാനിച്ച് മൺപാത തുടങ്ങുന്നുവോ, എവിടെ വൈദ്യുതി പോസ്റ്റുകൾ തീരുന്നുവോ,

അവിടെ മുസ്‌ലിം പ്രദേശം തുടങ്ങുകയായി.' ബംഗാളിലെ മുസ്‌ലിം ജീവിതത്തെപ്പറ്റി 'ഖലം' വാരിക പത്രാധിപർ അഹ്മദ് ഹസൻ ഇമ്രാൻ നടത്തിയ, സി.പി.എം ഭരണ കാലത്തെ ഒരു ആലങ്കാരിക പ്രയോഗമാണിത്. അവിടെ മുസ്‌ലിംകളുടെ ഉദ്യോഗ പങ്കാളിത്തം 15 ശതമാനമായിരുന്നു. 1970ൽ സിദ്ധാർഥ ശങ്കർ റായിയുടെ കാലത്ത് 11 ശതമാനമായി. എന്നാൽ സി.പിഎം ഭരണത്തിൽ ക്രമാനുഗതമായി കുറഞ്ഞ് ഒരു ശതമാനം വരെ ആയി. ഈ അവസ്ഥയെ അപഗ്രഥിച്ചുകൊണ്ട് അഹ്മദ് ഹസൻ ഇമ്രാൻ നടത്തിയ പരാമർശം ശ്രദ്ധേയമാണ്: "ഗുജറാത്തിലും ഉത്തർപ്രദേശിലും മറ്റും ഹിന്ദു വർഗീയതയാണ് മുസ്‌ലിംകൾക്ക് ഭീഷണി. എന്നാൽ പശ്ചിമ ബംഗാളിൽ സെക്കുലറിസമാണ് മുസ്‌ലിംകൾക്ക് ഭീഷണി.' കേരളത്തിലെ മുസ്‌ലിം സ്വത്വത്തെ പ്രതിരോധത്തിലാക്കും വിധമുള്ള കമ്യൂണിസ്റ്റ് നേതാക്കളുടെയടക്കമുള്ള പ്രസ്താവനകൾ കമ്യൂണിസ്റ്റ് ബംഗാളിലേക്ക് വഴി കാണിക്കുന്നവയാണ്.

കൽക്കത്തയിലെ ചേരി നിവാസികളിൽ 75 ശതമാനവും മുസ്‌ലിംകളാണ്. ഇവരിൽ റിക്ഷ വലിക്കുന്നവരിൽ 60 ശതമാനവും ബീഡി തെറുപ്പുകാരിൽ 90 ശതമാനവും നെയ്ത്തുകാരിൽ 100 ശതമാനവും മുസ്‌ലിംകളാണ്. മുർഷിദാബാദിൽ കൃഷിയാണിവരുടെ തൊഴിൽ. ദാരിദ്ര്യവും പട്ടിണിയും ഇവരുടെ സ്ഥായീഭാവമാണ്. 80 ശതമാനം മുസ്‌ലിംകളും ദാരിദ്ര്യ രേഖക്ക് താഴെയാണ്. മൂന്നര പതിറ്റാണ്ട് സി.പി.എം ഭരിച്ച ബംഗാളിലെ മുസ്‌ലിം സമുദായത്തിന്റ ഗതിയാണിത്. ഇത് കേരളത്തിൽ ആവർത്തിക്കണമെന്ന ഒളിയജണ്ടയെ തിരിച്ചറിയാനാണ് വിവേകമുള്ളവർ ശ്രമിക്കേണ്ടത്. മലപ്പുറത്തെ തട്ടമിടാത്ത മുസ്‌ലിം പെൺകുട്ടികൾ സി.പി.എമ്മിന്റെ ഉൽപന്നമാണെന്ന് പറയുമ്പോൾ ആ വാചകം കേവലം യാദൃച്ഛികമല്ലെന്ന് കമ്യൂണിസ്റ്റ് ബംഗാൾ ബോധ്യപ്പെടുത്തുന്നുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്ലാസു കഴിഞ്ഞ് പുറത്ത് വന്ന മുഖമക്കന ധരിച്ച മുസ്‌ലിം പെൺകുട്ടികളെ കണ്ട് ദാർഷ്ട്യത്തോടെ 'അറബിക്കോളേജോ' എന്ന് പരിഹസിച്ചത് ഒരു ഇടതു ബുദ്ധിജീവിയായിരുന്നു. വിദ്യാലയങ്ങളിലേക്ക് പ്രവേശിക്കുന്ന മുസ്‌ലിം പെൺകുട്ടികൾ ഒന്നുകിൽ തട്ടം വലിച്ചെറിയുന്നവരാകണം, അല്ലെങ്കിൽ തട്ടമിട്ടവൾ വിദ്യാലയത്തിന്റ നാലയലത്ത് വരാതിരിക്കണമെന്ന നയം ഇവരുടെ പ്രസ്താവനകളിലും പ്രവർത്തനങ്ങളിലും അടങ്ങിയിരിക്കുന്നുണ്ടെന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല. മിശ്രവിവാഹങ്ങളിലെ പെൺകുട്ടി തട്ടമിട്ടവളാണെങ്കിൽ ഓഫീസുകൾ ആഘോഷത്തിമർപ്പിലാകുന്നതിനും ഉദാരലൈംഗികതയുടെ പാർട്ടി ഫ്ളക്സുകളിൽ തട്ടമിട്ടവളുടെ ചിത്രങ്ങൾ പതിയുന്നതിനും പിന്നിൽ ഇങ്ങനെയൊരജണ്ടയുണ്ടെന്ന് വ്യക്തമാകുന്നുണ്ട്.

**പശ്ചിമ ബംഗാളിൽ മുസ്‌ലിംകളുടെ ഉദ്യോഗ പങ്കാളിത്തം 15 ശതമാനമായിരുന്നു. 1970ൽ സിദ്ധാർഥ ശങ്കർ റായിയുടെ കാലത്ത് 11 ശതമാനമായി. എന്നാൽ സി.പിഎം ഭരണത്തിൽ ക്രമാനുഗതമായി കുറഞ്ഞ് ഒരു ശതമാനം വരെ ആയി. മുർഷിദാബാദിൽ കൃഷിയാണിവരുടെ തൊഴിൽ. ദാരിദ്ര്യവും പട്ടിണിയും ഇവരുടെ സ്ഥായീഭാവമാണ്. 80 ശതമാനം മുസ്‌ലിംകളും ദാരിദ്ര്യ രേഖക്ക് താഴെയാണ്. മൂന്നര പതിറ്റാണ്ട് സി.പി.എം ഭരിച്ച ബംഗാളിലെ മുസ്‌ലിം സമുദായത്തിന്റ ഗതിയാണിത്. ഇത് കേരളത്തിൽ ആവർത്തിക്കണമെന്ന ഒളിയജണ്ടയെ തിരിച്ചറിയാനാണ് വിവേകമുള്ളവർ ശ്രമിക്കേണ്ടത്. മലപ്പുറത്തെ തട്ടമിടാത്ത മുസ്‌ലിം പെൺകുട്ടികൾ സി.പി.എമ്മിന്റ ഉൽപന്നമെന്ന് പറയുമ്പോൾ ആ വാചകം കേവലം യാദൃച്ഛികമല്ലെന്ന് കമ്യൂണിസ്റ്റ് ബംഗാൾ ബോധ്യപ്പെടുത്തുന്നുണ്ട്.**

ഇസ്‌ലാമിക സ്വത്വവും മതചിഹ്നങ്ങളും വേഷങ്ങളും ആധുനിക സമൂഹത്തിന് യോജിച്ചവയല്ലെന്ന പൊതുബോധം രൂപപ്പെടുത്താൻ മാധ്യമങ്ങളുടെ സഹായത്തോടെയുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.

ഭീകരതയുടെയും മതമൗലിക വാദത്തിന്റെയും വേരുകൾ മുഹമ്മദ് നബി(സ്വ)യിൽ കണ്ടെത്തി പ്രാകൃതനായി ചിത്രീകരിക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വത്തിന്റ അജണ്ടയെ മലയാളീപൊതുബോധത്തിലേക്ക് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. പ്രവാചക ചര്യയെ അനുധാവനം ചെയ്യുന്ന മുസ്‌ലിംകളെ റാഡിക്കൽ മുസ്‌ലിംകളായി ഒറ്റതിരിക്കാനുള്ള ശ്രമങ്ങളുമുണ്ട്. മലയാളി മുസ്‌ലിമിന്റെ മതസ്വാതന്ത്ര്യം കവരുവാനുള്ള നിഗൂഢ പദ്ധതികളാണ് സാമ്രാജ്യത്വ ദുർബോധനത്തിലൂടെ നടക്കുന്നത്. മുസ്‌ലിം പെൺകുട്ടികളുടെ തട്ടം അതിന്റെ ജീവനുള്ള ഇരയാണെന്ന് മാത്രം. വിപ്ലവ രാഷ്ട്രീയത്തിന്റെ നിറഭേദങ്ങളിൽ സാഹചര്യങ്ങൾക്കനുസരിച്ച് അവ തെളിഞ്ഞുവരുമെന്ന് മാത്രം.

ശരിയായ മതബോധമനുസരിച്ച് ജീവിതത്തെ ക്രമീകരിച്ച യഥാർഥ മുസ്‌ലിമിനെ പൊതുധാരയിൽ നിന്ന് പുറത്താക്കുന്ന നിലപാട് കേരളീയ സമൂഹത്തിൽ രൂപപ്പെടുത്തിയത് ഇത്തരം ഇടപെടലുകൾ കാരണമാണ്. പഴയകാലത്ത് മലയാളത്തിലിറങ്ങിയിരുന്ന പുസ്തകങ്ങളിൽ 'രാക്ഷസൻമാർ' സംസാരിച്ചിരുന്നത് മുസ്‌ലിം ഭാ

ഷയിലായിരുന്നുവത്രെ! രാക്ഷസീയതയുടെ രൂപവും വേഷവും ഭാഷയുമാണ് മലയാള സാഹിത്യം മുസ്‌ലിംകൾക്ക് അനുവദിച്ചുകൊടുത്തത്. പഴയ കഥകളിലും നോവലുകളിലും നാടകങ്ങളിലും മറ്റും പ്രത്യക്ഷപ്പെട്ട ടിപ്പിക്കൽ മുസ്‌ലിം കഥാപാത്രങ്ങൾ മലയാളി പൊതുബോധത്തിലുണ്ടാക്കിയ അപരത്വം ചെറുതൊന്നുമല്ല. മുസ്‌ലിമിന്റെ സദ്പ്രവർത്തനങ്ങൾ പോലും അംഗീകരിക്കാൻ സമൂഹം മടികാണിക്കുന്നിടത്തേക്ക് പൊതുബോധം രോഗാതുരമായിരിക്കുന്നു. നൗഷാദ് എന്ന തെരുവ് കച്ചവടക്കാരന്റെ വിൽപനച്ചരക്കുകൾ പ്രളയബാധിതർക്ക് വേണ്ടി സൗജന്യ വിതരണം നടത്തിയത് ഏറെ അഭിമാനകരമാണ്. എന്താണ് താങ്കളെ ഇതിനായി പ്രേരിപ്പിച്ച ഘടകമെന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് അല്ലാഹുവിന്റെ പ്രതിഫലത്തിലുള്ള പ്രതീക്ഷയാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അത് പോലും അംഗീകരിച്ചുകൊടുക്കാൻ സാംസ്കാരിക ബോധത്തിന് സാധിക്കാതെ വന്നത് ഒരു ഉദാഹരണമാണ്. കടലുണ്ടിയിൽ തീവണ്ടിക്കടിയിൽ പെട്ടുപോയ അമുസ്‌ലിം സഹോദരനെ രക്ഷപ്പെടുത്താൻ ജീവൻ ത്യജിച്ച അബ്ദുറഹ്മാന്റെ ധീരതയെ അംഗീകരിക്കുന്നതിൽ പോലും സാംസ്കാരിക നായകൻമാർക്കിടയിൽ ചർച്ചയുണ്ടായത് ഇതിന്റെയെല്ലാം അനുരണനങ്ങളാണ്.



**ബംഗാളിലേത് പോലെ ദരിദ്രരായ ഒരു സമൂഹസൃഷ്ടിക്ക് വേണ്ടി മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റം തടയിടാൻ ചുവപ്പൻ വിപ്ലവപ്രസ്ഥാനങ്ങൾ നടത്തിയ ശ്രമം സമൂഹം മറന്നിട്ടില്ല. മുസ്‌ലിം മാനേജ്മെന്റ് വിദ്യാലയങ്ങളെ മാത്രം ലക്ഷ്യമാക്കിയുള്ള ഒളിയജണ്ടകൾ വിദ്യാർഥി പ്രസ്ഥാനത്തിലൂടെ നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ തിക്തഫലം അനുഭവിച്ചിരുന്നത് ഫറോക് കോളേജ് പോലെയുള്ള സ്ഥാപനങ്ങളാണ്. തങ്ങളുടെ ഇംഗിതമനുസരിച്ച് തുള്ളാത്ത മുസ്‌ലിം വിദ്യാഭ്യാസ വിചക്ഷണരെയും ബുദ്ധിജീവികളെയും ലക്ഷ്യമാക്കിയുള്ള അജണ്ടകൾക്കും ധാരാളം പേർ ഇരയാക്കപ്പെട്ടു. ഫ്ളാഷ് മോബുകൾ കൊണ്ടും ഉദാരലൈംഗിക കാമ്പയ്നുകൾ കൊണ്ടും മുസ്‌ലിം സാംസ്കാരിക മണ്ഡലങ്ങളെ മലീമസമാക്കാനുള്ള ഇടതുസൈദ്ധാന്തിക ഇടപെടലുകൾക്കു സമുദായം സാക്ഷിയായി.**

തങ്ങളുടെ മേൽ അടിച്ചേൽപിക്കപ്പെട്ട ഈ അസമത്വത്തെ തുടച്ച് മാറ്റാനാള്ള ഉദ്യമങ്ങളാണ് മുസ്‌ലിംകളിൽ പലരെയും തങ്ങളുടെ സ്വത്വം മറന്നുകൊണ്ട് കൂടുതൽ സെക്യൂലറാകാൻ പ്രേരിപ്പിച്ചത്. അഡ്വ. അനിൽകുമാറിന്റെ പ്രഭാഷണത്തിലെ ശകലവും ഒരു സമുദായത്തെ ഭീകരമായ അധമബോധത്തിലേക്ക് തള്ളിയിടാനുള്ള ബോധപൂർവമായ ഇടപെടലുകളാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്തത്തിന്റെ ധാർമിക വീക്ഷണം അംഗീകരിക്കാത്ത മുസ്‌ലിമിനെ അപരവൽകരിക്കാനുള്ള ആഗോള ശ്രമത്തെ കേരളത്തിലെ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്ര വക്താക്കളും വാരിപ്പുണരുന്നുവെന്ന് മാത്രം. പശ്ചിമ ബംഗാളിലെ മുസ്‌ലിം പിന്നാക്കാവസ്ഥയിലേക്ക് വഴുതിവീണ ഘടകങ്ങളെ വിസ്മരിച്ചുകൊണ്ട് ഇതര മതാചാരങ്ങളെ പോലും വാരിപ്പുണർന്ന് കൂടുതൽ സെക്യുലറാകാൻ ശ്രമിക്കുന്ന സമുദായത്തിന്റെ വ്യഗ്രതയ്ക്കുള്ള കാരണം മാനവ ചരിത്രത്തിൽനിന്ന് ദർശിക്കാനാകും. ആഫ്രിക്കയിലെ കൊളോണിയൽ ആധിപത്യകാലത്ത് കറുത്ത വർഗക്കാരെ സംബന്ധിച്ച് പാശ്ചാത്യർ പ്രചരിപ്പിച്ച തെറ്റിദ്ധാരണകളായിരുന്നു അവർക്കെതിരെ ലോക പൊതുബോധം രൂപപ്പെടാനുള്ള കാരണം. കറുത്ത വർഗക്കാരൻ ആരാണെന്ന് ലോകം മനസ്സിലാക്കിയിരുന്നത് പാശ്ചാത്യന്റെ വിശദീകരണങ്ങളിലൂടെയാണ്. കറുത്തവന് സ്വയം വിശദീകരണാവകാശം നഷ്ടപ്പെടുന്നു. അയാൾ വെളുത്തവരാൽ നിർവചിക്കപ്പെടുന്നു. കറുപ്പിന്റെ വെളുത്ത നിർവചനങ്ങൾ വെളുത്തവരെയും പൊതുസമൂഹത്തെയും മാത്രമല്ല കറുത്തവരെ കൂടി വഴിതെറ്റിച്ചു. കറുത്ത വർഗക്കാർ അപരിഷ്കൃതരാണെന്ന കൊളോണിയൽ ദുഷ്പ്രചാരണം കേട്ടുകേട്ട് ഒടുവിൽ കറുത്ത വർഗക്കാർക്കു തന്നെ തോന്നിത്തുടങ്ങിയത്രെ തങ്ങൾ അപരിഷ്കൃതരാണെന്ന്!

വെളുത്ത് നല്ല മനുഷ്യനാകേണ്ടതുണ്ടെന്ന്, വേട്ടക്കാരന്റെ ഭാഷ ഇരതന്നെ ഏറ്റെടുക്കുന്ന മാസ്മരികത! കേരളത്തിലും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കുറിച്ചുള്ള ധാരണകൾ രൂപപ്പെടുത്താൻ കമ്യൂണിസമടക്കമുള്ള പ്രത്യയശാസ്ത്രങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതും ആ വഴിക്കാണ്. തട്ടത്തെയും മലപ്പുറത്തെയും കടന്നാക്രമിക്കുന്നതിലെ മനഃശാസ്ത്രവും അതാണ്. അതിന്റെ ഇരകളാണ് നബിദിന റാലികളിലേക്ക് കയറിവന്ന് നോട്ടുമാലയും മുത്തവും നൽകിയ അമുസ്‌ലിം സഹോദരിയും ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയിൽ കൃഷ്ണവേഷം ധരിച്ച കുട്ടിയെ കൊണ്ടുവന്ന് അണിനിരത്തിയ പർദധാരിണിയായ മാതാവും അവരെ വാനോളം പുകഴ്ത്തിയ മലയാളി സെക്യൂലർ പൊതുബോധവും. പ്രവാചകചര്യയെ അനുധാവനം ചെയ്യാൻ നിഷ്‌കർഷത പുലർത്തുന്ന മുസ്‌ലിമിനെ കുറിച്ചുള്ള തെറ്റായ പൊതുധാരണയും അതിന്റെ പ്രതിഫലനമാണ്.

**'തട്ടം' പുരോഗമനത്തിന് തടസ്സമോ?**

'ലോക ചരിത്രം വർഗ സമരത്തിന്റ ചരിത്രമാണ്' എന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്ന കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ ലോകത്തുണ്ടാക്കിയ പുരോഗമനമെന്താണ്? വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയ മനുഷ്യജീവിത വ്യവഹാരങ്ങളിൽ കമ്യൂണിസം സ്വാധീനിച്ച അംശങ്ങളെ വിലയിരുത്തുമ്പോഴാണ് പുരോഗമനത്തിന് തടസ്സം നിൽക്കുന്ന പ്രത്യയശാസ്ത്രമേതെന്ന് തിരിച്ചറിയാനാവുക. സോവിയറ്റ് യൂനിയന്റെ പതനത്തിന് കാരണമായ വിപ്ലവത്തോടനുബന്ധിച്ച്, കെ.ജി.ബി തലവനായിരുന്ന സെഷൻസ്‌കിയുടെ പ്രതിമ തകർത്തുകൊണ്ടിരുന്ന യുവാവിന്റ ചോദ്യം വളരെ പ്രസക്തമാണ്: 'മനുഷ്യൻ കഷ്ടപ്പെടുന്നിടത്താണ് കമ്യൂണിസ്റ്റുകൾ തഴച്ചുവളരുകയെന്ന് നിങ്ങൾക്കറിയില്ലേ?' ബംഗാളിലേത് പോലെ ദരിദ്രരായ ഒരു സമൂഹസൃഷ്ടിക്ക് വേണ്ടി മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തെ തടയിടാൻ ചുവപ്പൻ വിപ്ലവപ്രസ്ഥാനങ്ങൾ നടത്തിയ ശ്രമം സമൂഹം മറന്നിട്ടില്ല. മുസ്‌ലിം മാനേജ്മെന്റ് വിദ്യാലയങ്ങളെ മാത്രം ലക്ഷ്യമാക്കിയുള്ള ഒളിയജണ്ടകൾ വിദ്യാർഥി പ്രസ്ഥാനത്തിലൂടെ നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ തിക്തഫലം അനുഭവിച്ചിരുന്നത് ഫറോക് കോളേജ് പോലെയുള്ള സ്ഥാപനങ്ങളാണ്. തങ്ങളുടെ ഇംഗീതമനുസരിച്ച് തുള്ളാത്ത മുസ്‌ലിം വിദ്യാഭ്യാസ വിചക്ഷണരെയും ബുദ്ധിജീവികളെയും ലക്ഷ്യമാക്കിയുള്ള അജണ്ടകൾക്കും ധാരാളം പേർ ഇരയാക്കപ്പെട്ടു. ഫ്‌ളാഷ് മോബുകൾ കൊണ്ടും ഉദാരലൈംഗിക കാമ്പയ്‌നുകൾ കൊണ്ടും മുസ്‌ലിം സാംസ്‌കാരിക മണ്ഡലങ്ങളെ മലീമസമാക്കാനുള്ള ഇടതുസൈദ്ധാന്തിക ഇടപെടലുകൾക്കു സമുദായം സാക്ഷിയായി. കമ്പ്യൂട്ടറും ട്രാക്റ്ററും മുതലാളിത്തത്തിന്റെ ഉൽപന്നമാണെന്നും തൊഴിലാളിവർഗത്തിന്റെ ശത്രുവാണെന്നും ഇവർ വിളിച്ച മുദ്രാവാക്യങ്ങൾ ഇനിയും സമൂഹം മറന്നിട്ടില്ല. കേരളത്തിലെ വിദ്യാഭ്യാസ-തൊഴിൽ രംഗത്തെ മുസ്‌ലിം പിന്നാക്കാവസ്ഥകളെ പരിഹരിക്കാനുള്ള വിവിധ കമ്മീഷനുകളുടെ നിർദേശങ്ങളെ കാറ്റിൽ പറത്തി സംവരണം പോലും അട്ടിമറിച്ചുകൊണ്ടുള്ള അധികാര സമീപനം സ്വീകരിച്ച കമ്യൂണിസം മുസ്‌ലിം പെൺകുട്ടികളുടെ തട്ടത്തിന്റെ പഴഞ്ചൻ സംസ്‌കാരത്തെ കുറിച്ചോർത്ത് കണ്ണീർ വാർക്കുന്നതിൽ കൗതുകമേറെയുണ്ട്. ഇങ്ങനെ പുരോഗമനത്തിന്റെ എല്ലാ സാധ്യതകൾക്കും മങ്ങലേൽപിക്കാൻ ശ്രമിച്ച കമ്യൂണിസം മുസ്‌ലിം പെൺകുട്ടികളുടെ തട്ടത്തിന്റെ മറവിൽ പുരോഗമനത്തെ കുറിച്ച് വാചാലമാവുകയാണ്. എന്നാൽ ഹിജാബും തട്ടവും മുസ്‌ലിംകൾക്ക് അഭിമാനവും പുരോഗമനത്തിന്റെ വാതായനവുമാണ്. മുസ്‌ലിം സ്വത്വം വിളിച്ചോതുന്ന വസ്ത്ര സംസ്‌കാരമാണത്. സ്ത്രീസുരക്ഷയും അഭിമാനവുമാണത്. ഖുർആൻ പറയുന്നത് നോക്കൂ: "നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കു

**കേരളത്തിലെ വിദ്യാഭ്യാസ-തൊഴിൽ രംഗത്തെ മുസ്‌ലിം പിന്നാക്കാവസ്ഥകളെ പരിഹരിക്കാനുള്ള വിവിധ കമ്മീഷനുകളുടെ നിർദേശങ്ങളെ കാറ്റിൽ പറത്തി സംവരണം പോലും അട്ടിമറിച്ചുകൊണ്ടുള്ള അധികാര സമീപനം സ്വീകരിച്ച കമ്യൂണിസം മുസ്‌ലിം പെൺകുട്ടികളുടെ തട്ടത്തിന്റെ പഴഞ്ചൻ സംസ്‌കാരത്തെ കുറിച്ചോർത്ത് കണ്ണീർ വാർക്കുന്നതിൽ കൗതുകമേറെയുണ്ട്. ഇങ്ങനെ പുരോഗമനത്തിന്റെ എല്ലാ സാധ്യതകൾക്കും മങ്ങലേൽപിക്കാൻ ശ്രമിച്ച കമ്യൂണിസം മുസ്‌ലിം പെൺകുട്ടികളുടെ തട്ടത്തിന്റെ പുരോഗമനത്തെ കുറിച്ച് വാചാലമാവുകയാണ്. എന്നാൽ ഹിജാബും തട്ടവും മുസ്‌ലിംകൾക്ക് അഭിമാനവും പുരോഗമനത്തിന്റെ വാതായനവുമാണ്. മുസ്‌ലിം സ്വത്വം വിളിച്ചോതുന്ന വസ്ത്ര സംസ്‌കാരമാണത്. സ്ത്രീസുരക്ഷയും അഭിമാനവുമാണത്.**

വാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമാകുന്നു" (33:58).

2011ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം കരസ്ഥമാക്കിയ യമൻകാരിയായ തവക്കുൽ കർമാന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "പ്രാകൃത മനുഷ്യൻ ഏതാണ്ട് നഗ്നനായിരുന്നു. അവന്റെ ബുദ്ധി വികസിച്ചു. അവൻ വസ്ത്രം ധരിക്കാൻ തുടങ്ങി. ഇന്നത്തെ ഞാനും ഞാൻ ധരിക്കുന്ന വസ്ത്രവും മനുഷ്യൻ എത്തിച്ചേർന്ന ഉയർന്ന തലത്തിലുള്ള ചിന്താശേഷിയെയും നാഗരികതയെയുമാണ് പ്രകടിപ്പിക്കുന്നത്. അത് പിന്തിരിപ്പനല്ല, യഥാർഥത്തിൽ വീണ്ടും വസ്ത്രം ഉരിയുന്നതാണ് പിന്തിരിപ്പൻ. അതാണ് പ്രാകൃതത്വത്തിലേക്കുള്ള തിരിച്ചുപോക്ക്."



**തട്ടമിട്ട പെൺ രത്നങ്ങൾ ലോകത്തുണ്ടാക്കിയ ചിന്താവിപ്ലവങ്ങളും വൈജ്ഞാനിക മുന്നേറ്റങ്ങളും ചരിത്രത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. വ്യത്യസ്ത വിജ്ഞാന ശാഖകളിൽ അവഗാഹമുള്ള പാണ്ഡിത്യംകൊണ്ട് മാനവരാശിക്ക് പ്രഭ ചൊരിഞ്ഞ അനേകം സ്ത്രീ രത്നങ്ങൾ ശിരോവസ്ത്രധാരികളായിരുന്നു. ലോകത്തിന്റ പരിഷ്കരണ പ്രക്രിയകൾക്ക് നെടുനായകത്വം വഹിച്ച മഹാപരിഷ്കർത്താക്കളെ വൈജ്ഞാനികമായി വാർത്തെടുക്കാനും അവർക്കായിട്ടുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്ക് വർധിച്ച വീര്യത്തോടെ നേതൃത്വം നൽകിയ ശിരോവസ്ത്രധാരികളായ മുസ്‌ലിം സ്ത്രീകളെ ചരിത്രത്തിന് വിസ്മരിക്കാനാവില്ല.**

തട്ടമിട്ട പെൺ രത്നങ്ങൾ ലോകത്തുണ്ടാക്കിയ ചിന്താവിപ്ലവങ്ങളും വൈജ്ഞാനിക മുന്നേറ്റങ്ങളും ചരിത്രത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. വ്യത്യസ്ഥ വിജ്ഞാന ശാഖകളിൽ അവഗാഹമുള്ള പാണ്ഡിത്യംകൊണ്ട് മാനവരാശിക്ക് പ്രഭ ചൊരിഞ്ഞ അനേകം സ്ത്രീ രത്നങ്ങൾ ശിരോവസ്ത്രധാരികളായിരുന്നു. ലോകത്തിന്റെ പരിഷ്കരണ പ്രക്രിയകൾക്ക് നെടുനായകത്വം വഹിച്ച മഹാപരിഷ്കർത്താക്കളെ വൈജ്ഞാനികമായി വാർത്തെടുക്കാനും അവർക്കായിട്ടുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്ക് വർധിച്ച വീര്യത്തോടെ നേതൃത്വം നൽകിയ ശിരോവസ്ത്രധാരികളായ മുസ്‌ലിം സ്ത്രീകളെ ചരിത്രത്തിന് വിസ്മരിക്കാനാവില്ല. അലി സഹോദരൻമാരുടെ വീരമാതാവ് ആബാദി ബാനു ബീഗം ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒരു വീരാംഗനയാണ്. ഇരുപത്തിയേഴാം വയസ്സിൽ വിധവയായ അവർ തന്റെ മക്കളുടെ വിദ്യാഭ്യാസത്തിനായി പോരാട്ടം നടത്തിയതായി കാണാം. മൗലാനാ ഷൗക്കത്തലിയെയും മൗലാനാ മുഹമ്മദലിയെയും വിശുദ്ധ ക്വുർആൻ പഠിപ്പിച്ചുകൊണ്ടാണ് യാഥാസ്ഥിതികരുടെ എതിർപ്പുകളെ വകഞ്ഞുമാറ്റി വൈജ്ഞാനിക ശക്തി നൽകിയത്. മൗലാനാ മുഹമ്മദലി തന്റെ 'My life a fragment' എന്ന ആത്മകഥയിൽ ഇങ്ങനെ പറയുന്നുണ്ട്: "ഞങ്ങളുടെ ഉമ്മ വലിയ മതഭക്തയായിരുന്നു. പുതുമയോട് എതിർപ്പോ അന്ധവിശ്വാസമോ അവർക്കുണ്ടായിരുന്നില്ല. എന്റെ മൂത്ത സഹോദരൻ ഷൗക്കത്തലിയെ ബറേലിയിലെ ഇംഗ്ലീഷ് സ്കൂളിലേക്കയക്കാൻ ഒരുങ്ങിയപ്പോൾ അമ്മാവൻ പണം നൽകാൻ തയ്യാറായില്ല. പക്ഷേ, മാതാവ് ആഭരണം പണയംവെച്ച് ഷൗക്കത്തലിയെ ഇംഗ്ലീഷ് സ്കൂളിൽ ചേർത്തി."

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ വീരേതിഹാസമായി തന്റെ മക്കളെ കരുത്തോടെ വളർത്തിയ ബീഉമ്മയുടെ ചരിത്രം ഇടതുപക്ഷ ചരിത്രകാരൻമാർ പോലും അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1921 ഡിസംബർ 31ന് ആൾ ഇന്ത്യാ ലേഡീസ് കോൺഫറൻസിലെ അവരുടെ പ്രസംഗം വൈദേശികാധിപത്യത്തിനെതിരെയുള്ള ഉറച്ച പോരാട്ട ശബ്ദമായിരുന്നു. മൗലാനാ മുഹമ്മദലിയുടെ ധീരപത്നി അംജദി ബീഗവും സ്വാതന്ത്ര്യസമര പോരാട്ടത്തിലെ ശിരോവസ്ത്രധാരിയായ മുസ്‌ലിം സ്ത്രീയാണ്. 1921ൽ മഹാത്മാ ഗാന്ധി 'യങ്ങ് ഇന്ത്യ' മാഗസിനിൽ 'ധീര വനിത' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനം അംജദി ബീഗത്തെ കുറിച്ചായിരുന്നു. മദിരാശിയിലും ബീഹാറിലും ബംഗാളിലും ഉത്തർപ്രദേശിലുമെല്ലാം ജനസാഗരത്തെ സാക്ഷിയാക്കി അംജദി ബീഗം നടത്തിയ പ്രസംഗങ്ങളും അവരുടെ ദേശസ്നേഹവും ധീരതയും വിജ്ഞാനവുമെല്ലാം ആ ലേഖനത്തിന്റെ പ്രത്യേക വിഷയമായിരുന്നു. ബീഗം നിഷാ

ത്തുന്നിസാ മൊഹാനി, അസ്ഗരി ബീഗം, ആമിനാ ത്വയ്യിബ് ജി , ജമാലുന്നിസ ബജി, സക്കീന ലുഖ്മാനി, ബീഗം ഹസ്റത്ത് മഹൽ തുടങ്ങിയ ധാരാളം ധീര ദേശാഭിമാനികൾ രാജ്യത്തിന്റ സ്വാതന്ത്ര സമര പോരാട്ടാങ്ങൾക്ക് നെടുനായകത്വം വഹിച്ചവരായിരുന്നു. മതഭക്തിയും വിശ്വാസവും ജീവിതരീതിയായി സ്വീകരിച്ച അവരെല്ലാം തട്ടത്തെ അഭിമാനവും പുരോഗമനവുമായി കണ്ട് പോരാട്ട ഭൂമികയിൽ വ്യക്തിമുദ്ര പതിച്ചവരായിരുന്നു.

സമകാലിക ലോകത്ത് ശിരോവസ്ത്രം ധരിച്ച എത്രയോ സ്ത്രീകൾ ഉന്നതബിരുദം നേടുകയും ഉയർന്ന ഉദ്യോഗം അലങ്കരിക്കുകയും ചെയ്യുന്നുണ്ട്. കർണാടകയിലെ റെയ്ച്ചൂർ സ്വദേശിനിയായ ബുശ്റാ മതീൻ ഹിജാബ് ധരിക്കുന്നവരാണ്. അവർ വിശ്വേശ്വര ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് ഒരേ വേദിയിൽവെച്ച് 16 സ്വർണമെഡലുകൾ ഏറ്റുവാങ്ങുകയുണ്ടായി. ഹിജാബ് ധരിച്ചുകൊണ്ട് വിമാനം പറത്തുന്ന ഹൈദരാബാദുകാരിയായ സയ്യിദ് സെൽവ ഫാത്തിമയെ 'ഹിജാബിന്റെ പേരിൽ' മാറ്റി നിറുത്തിയിട്ടില്ല. മുസ്ലിംകൾ ന്യൂനപക്ഷമായ പല രാജ്യങ്ങളിലും ഹിജാബ് ധരിച്ചവർക്ക് ഉയർന്ന പദവികൾ നൽകുന്നതിൽ അവിടങ്ങളിലെ ഭരണകൂടം തയ്യാറായിട്ടുണ്ടെങ്കിൽ അതിനർഥം ആ വസ്ത്രധാരണ രീതിയെ അവർ അംഗീകരിക്കുന്നു, അതിനുള്ള സ്വാതന്ത്ര്യം വകവെച്ചു കൊടുക്കുന്നു എന്നുതന്നെയാണ്. ഇവിടെ ചിലർക്കു മാത്രമാണ് ഹിജാബ് എന്നു കേൾക്കുമ്പോഴേ അലർജിയുണ്ടാകുന്നത്, അത് അഴിച്ചുമാറ്റുമ്പോഴേ പുരോഗമനമാകൂ എന്ന ചിന്തയുണ്ടാകുന്നത്.

**നീതിബോധമാണ് വേണ്ടത്**

'ഇന്ത്യൻ ജനതയുടെ പുരോഗമനപരവും സാമ്രാജ്യത്വവിരുദ്ധവും വിപ്ലവകരവുമായ പാരമ്പര്യമാണ് കമ്യൂണിസ്റ്റ് പാർട്ടിക്കുള്ളത്. നിശ്ചയദാർഢ്യമുള്ള ഒരു ചെറുസംഘം സാമ്രാജ്യത്വവിരുദ്ധ പോരാളികൾ റഷ്യയിലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൽനിന്ന് പ്രചോദനം നേടി 1920ൽ രൂപീകരിച്ച കാലം മുതൽ പൂർണസ്വാതന്ത്ര്യത്തിനും അടിസ്ഥാനപരമായ സാമൂഹ്യപരിവർത്തനത്തിനും വേണ്ടി പോരാടുകയെന്ന ലക്ഷ്യം മുന്നിൽവെച്ചാണ് പാർട്ടി പ്രവർത്തിച്ചുവന്നത്. വർഗ ചൂഷണത്തിൽനിന്നും സാമൂഹ്യമായ അടിച്ചമർത്തലിൽനിന്നും മുക്തമായ സോഷ്യലിസ്റ്റ് സമൂഹം ഇന്ത്യയിൽ സ്ഥാപിക്കുന്നതിനു വേണ്ടി പ്രവർത്തിക്കാൻ പാർട്ടി സ്വയം സമർപ്പിച്ചു.' പാർട്ടി പരിപാടികളുടെ ലക്ഷ്യം വിശദീകരിക്കുന്നതിൽ എടുത്ത് പറഞ്ഞ കാര്യമാണിത്. മുസ്ലിം വിരോധം മുഖ്യ അജണ്ടയാക്കിയ ആർ.എസ്.എസ് ശാഖകളിലെ ക്ലാസുകളിൽ ശത്രുവിനെ നിർവചിച്ച പോലെ നവനാസ്തികരുടെ പ്രേരണയാൽ മുസ്ലിം സമുദായത്തെ ശത്രുപക്ഷത്ത് നിറുത്തുന്നതിൽ ഒരു നീതിയുമില്ല. അധികാര രാഷ്ട്രീയത്തിലും സാമൂഹികനീതി ഉറപ്പാക്കാൻ കഴിയണമെന്നതാണ് സോഷ്യലിസം മുന്നോട്ട് വെക്കുന്നത്. തട്ടത്തിലും ഹിജാബിലും തൊപ്പിയിലും താടിയിലും പുരോഗമനം തേടുന്നതിന് പകരം സാമുദായികമായി പിന്നാക്കം നിൽക്കുന്നവരെ കൈപിടിച്ചുയർത്താനാണ് ശ്രമിക്കേണ്ടത്.

ചരിത്രപരമായ പല കാരണങ്ങളാൽ പിന്നാക്കം നിൽക്കുന്നവരാണ് രാജ്യത്തെ മുസ്ലിം ന്യൂനപക്ഷം. സമൂഹത്തിന്റെ മുന്നണിയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് പൂർവികരായ രാഷ്ട്രനായകർ സംവരണം എന്ന സംവിധാനം കൊണ്ടുവന്നു. വ്യത്യസ്ത കമ്മീഷനുകൾ കണ്ടെത്തിയത് സമുദായത്തിന്റെ അവസ്ഥ അതിദയനീയമാണെന്നാണ്. സച്ചാർ സമിതിയും നരേന്ദ്ര കമ്മീഷനും പാലോളിക്കമ്മിറ്റിയുമെല്ലാം പുറത്ത് വിട്ട, ഉദ്യോഗങ്ങളിലെ സമുദായത്തിന്റെ പങ്കാളിത്തം അതിദയനീയമാണെന്ന് ബോധ്യമായിട്ടും തട്ടത്തിന് പിന്നാലെ പുരോഗമന കണ്ണടവെച്ച് നോക്കുകയാണ് ഈ മലയാള നാട്ടിൽ പോലും. മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ മുന്നോട്ട് കൊണ്ടുവരാൻ കാണിക്കുന്ന അധികാര താൽപര്യങ്ങളുടെ ചെറിയ ഒരളവെങ്കിലും സമുദായത്തിന് ഉദ്യോഗതലങ്ങളിൽ അർഹമായ പ്രാതിനിധ്യം നൽകാൻ ഉണ്ടാവണം. അതിന് വേണ്ടിയുള്ള പ്രഘോഷണങ്ങളാണ് നടക്കേണ്ടത്. ■

> **സമൂഹത്തിന്റ മുന്നണിയിലേക്ക് കൈപിടിച്ചുയർത്തുന്നതിന്ന് പൂർവികരായ രാഷ്ട്രനായകർ സംവരണം എന്ന സംവിധാനം കൊണ്ടുവന്നു. വ്യത്യസ്ത കമ്മീഷനുകൾ കണ്ടെത്തിയത് സമുദായത്തിന്റ അവസ്ഥ അതിദയനീയമാണെന്നാണ്. സച്ചാർ സമിതിയും നരേന്ദ്ര കമ്മീഷനും പാലോളിക്കമ്മിറ്റിയുമെല്ലാം പുറത്ത് വിട്ട, ഉദ്യോഗങ്ങളിലെ സമുദായത്തിന്റ പങ്കാളിത്തം അതിദയനീയമാണെന്ന് ബോധ്യമായിട്ടും തട്ടത്തിന് പിന്നാലെ പുരോഗമന കണ്ണടവെച്ച് നോക്കുകയാണ് ഈ മലയാള നാട്ടിൽ പോലും. മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ മുന്നോട്ട് കൊണ്ടുവരാൻ കാണിക്കുന്ന അധികാര താൽപര്യങ്ങളുടെ ചെറിയ ഒരളവെങ്കിലും സമുദായത്തിന് ഉദ്യോഗതലങ്ങളിൽ അർഹമായ പ്രാതിനിധ്യം നൽകാൻ ഉണ്ടാവണം.**



# കാന്തപുരം പൊട്ടിച്ച 'അമിട്ടും' ചില ആഭ്യന്തര പുകിലുകളും

മൂസ സ്വലാഹി കാര
:97473 45768

സമൂഹ സംസ്കരണത്തിനാവശ്യമായ സകല നിയമങ്ങളുമടങ്ങുന്ന സത്യപാതയാണ് സംശുദ്ധ മതമായ ഇസ്‌ലാം. ഇഹലോക ജീവിതത്തെ അല്ലാഹുവിന് സമർപ്പിച്ചുകൊണ്ട് പരലോകജീവിതം ധന്യമാക്കാൻ കൽപിക്കപ്പെട്ടവരാണ് വിശ്വാസികൾ. അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185)

ഇസ്‌ലാമിന്റെ ആശായാദർശങ്ങളെ നെഞ്ചോടു ചേർത്തവർക്കു നേരെ വാക്കാലും അല്ലാതെയും ആയുധമേന്തിയവർ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. വിശ്വാസത്തെ കളങ്കപ്പെടുത്തിയും നിലപാടുകളെ ചോദ്യം ചെയ്തും മതനിഷ്ഠയുള്ളവരെ കൊച്ചാക്കിയും അവർ കാര്യം സാധിച്ചു. മക്കയിലെ ശത്രുക്കൾ നബി(സ്വ)യെ അധിക്ഷേപിച്ചതും ഉപദ്രവിച്ചതും അവിടുത്തെ അനുചരന്മാരെ വേട്ടയാടിയതും ഉണങ്ങാത്ത മുറിവുകളായി ചരിത്രത്തിൽ അവശേഷിക്കുകയാണ്. ലാത്ത, ഉസ്സ, മനാത്ത എന്നീ വിഗ്രഹങ്ങളെ ആരാധ്യന്മാരാക്കിയവർ അഭിമാനികളും അല്ലാഹുവിനെ മാത്രം ആരാധിച്ചവർ അപമാനികളുമായി വിധിയെഴുതപ്പെട്ട കാലമായിരുന്നു അത്. ക്വുർആൻ അതിന് നൽകിയ മറുപടി കാണുക: "തീർച്ചയായും നിനക്കു മുമ്പ് പൂർവികൻമാരിലെ പല

**ശിയാ ആചാരങ്ങൾ കൊഴുപ്പിക്കാൻ തലപൊക്കിയ കേരളത്തിലെ ആദ്യത്തെ അഹ്‌ലുസ്സുന്ന വിരോധ വിഭാഗമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ; ശിയാ, സൂഫി, ബറേൽവി പിഴവുകളുടെ പിന്തുടർച്ചക്കാരായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സത്യത്തോടൊപ്പം ചേർന്നുനിന്നവരെ മാനസികമായും ശാരീരികമായും തളർത്തുന്ന, സമൂഹത്തിനു മുന്നിൽ അപമാനിക്കുന്ന പണികൾ ഇക്കൂട്ടർ രംഗപ്രവേശനം നടത്തിയ കാലം മുതൽക്കേ ആരംഭിച്ചിട്ടുണ്ട്. വിശ്വാസത്തെ മുറുകെ പിടിച്ചു ജീവിച്ച പലരും ഇവരുടെ ക്രൂരതകൾക്ക് ഇരകളായിട്ടുണ്ട്**

കക്ഷികളിലേക്കും നാം ദൂതൻമാരെ അയച്ചിട്ടുണ്ട്. ഏതൊരു ദൂതൻ അവരുടെ അടുത്ത് ചെല്ലുമ്പോഴും അവർ അദ്ദേഹത്തെ പരിഹസിക്കാതിരുന്നിട്ടില്ല. അപ്രകാരം കുറ്റവാളികളുടെ ഹൃദയങ്ങളിൽ അത് (പരിഹാസം) നാം ചെലുത്തിവിടുന്നതാണ്. പൂർവികൻമാരിൽ (അല്ലാഹുവിന്റെ) നടപടി നടന്നു കഴിഞ്ഞിട്ടും അവർ ഇതിൽ വിശ്വസിക്കുന്നില്ല'' (15:10-13).

നബി(സ്വ)യെ അപകടകാരിയായി കണ്ട കപടവിശ്വാസികളുടെ പ്രവർത്തന ഫലമായി ലോകത്തുടലെടുത്ത ശിയാക്കൾ അബൂബക്കർ(റ), ഉമർ(റ) എന്നിവരടക്കമുള്ള പല സ്വഹാബികളെയും കാഫിറുകളാക്കുകയും മോശമായി ചിത്രീകരിക്കുകയും ചെയ്തു. ഉസ്മാൻ(റ)വിനെ കൊലപ്പെടുത്തി. അലി(റ) വിന്റെ കാര്യത്തിൽ അതിരുവിട്ട ഇവർ നിരർഥക വാദങ്ങളുടെ സംരക്ഷണത്തിനായി സൂഫിസമെന്ന ഇസ്‌ലാമിക വിരുദ്ധ ആശയം പടുത്തുയർത്തി. അഹ്മദ് റസാഖാൻ ബറേൽവി സ്ഥാപിച്ച ബറേൽവിസം രൂപപ്പെട്ടതോടെ അഹ്‌ലുസ്സുന്ന വൽജമാഅയുടെ പണ്ഡിതന്മാരോടുള്ള അമർഷം അധികമാവുകയും മുസ്‌ലിം സമൂഹത്തിലെ പലരെയും കാഫിറാക്കുന്ന പ്രവർത്തനം നിർലജ്ജം തുടരുകയും ചെയ്തു.

ശിയാ ആചാരങ്ങൾ കൊഴുപ്പിക്കാൻ തലപൊക്കിയ കേരളത്തിലെ ആദ്യത്തെ അഹ്‌ലുസ്സുന്ന വിരോധ വിഭാഗമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ; ശിയാ, സൂഫി, ബറേൽവി പിഴവുകളുടെ പിന്തുടർച്ചക്കാരായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

സത്യത്തോടൊപ്പം ചേർന്നുനിന്നവരെ മാനസികമായും ശാരീരികമായും തളർത്തുന്ന, സമൂഹത്തിനു മുന്നിൽ അപമാനിക്കുന്ന പണികൾ ഇക്കൂട്ടർ രംഗപ്രവേശനം നടത്തിയ കാലം മുതൽക്കേ ആരംഭിച്ചിട്ടുണ്ട്. വിശ്വാസത്തെ മുറുകെ പിടിച്ചു ജീവിച്ച പലരും ഇവരുടെ ക്രൂരതകൾക്ക് ഇരകളായിട്ടുണ്ട്. മതേതര രാജ്യത്ത് അനുവദിക്കപ്പെട്ട സ്വാതന്ത്ര്യംവരെ ഹനിക്കുന്ന ചെയ്തികൾ മുസ്‌ലിയാക്കന്മാരിൽനിന്നുണ്ടായിട്ടുണ്ട്. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് വടികൊടുക്കുകയും കുട പിടിക്കുകയും ചെയ്യുന്ന, സംസ്കരണത്തിന്റെയും സാമൂഹിക നവോത്ഥാനത്തിന്റെയും വഴിമുടക്കികൾ കൂടിയായിരുന്നു ഇവരെന്നത് മറച്ചുവെക്കാൻ കഴിയില്ല.

മടുപ്പും മനഃക്ലേശവുമില്ലാതെ, വെറുപ്പും വിസമ്മതവുമില്ലാതെ മതാധ്യാപനങ്ങളെ ഉൾക്കൊണ്ട് കഴിയുന്നവർക്കാണ് യഥാർഥ അഹ്‌ലുസ്സുന്ന വൽജമാഅയുടെ വക്താക്കളാകാൻ സാധിക്കുക. അല്ലാഹുവല്ലാത്തവർക്ക് അവനെക്കാൾ മഹത്ത്വം കൽപിക്കുകയും നബി(സ്വ)യുടെയും സ്വഹാബത്തിന്റെയും വഴി കൈവെടിയുകയും അന്ധവിശ്വാസങ്ങളെ വാരിപ്പുണരുകയും ചെയ്യുന്നവർ ഈ പവിത്ര നാമത്തിൽ വിലസുന്നത് നെറികേടിന് നേതൃത്വം കൊടുക്കലാണ്.

നിലവാരമില്ലാത്ത പ്രഖ്യാപനങ്ങൾ നടത്തുന്ന കാന്തപുരം അബൂബക്കർ മുസ്‌ലിയാർ 'ജമാഅത്തെ ഇസ്‌ലാമിയും മുജാഹിദുകളും മുസ്‌ലിംകളല്ല' എന്നൊരു 'അമിട്ട്' ഈയിടെ പൊട്ടിച്ചിട്ടുണ്ട്. നബി(സ്വ) യുടെ ശരീരം മണ്ണ് തിന്നുമെന്നും അദ്ദേഹം സാധാരണ മനുഷ്യനാണെന്നും ഇരുകൂട്ടരും വിശ്വസിക്കുന്നു എന്ന് ആരോപിച്ചാണ് ഇയാൾ ഇത് പറഞ്ഞത്. വസ്തുത വിശദീകരിക്കും മുമ്പ് സമസ്തയുടെ കാഫിറാക്കൽ പാരമ്പര്യം നമുക്കൊന്ന് പരിശോധിക്കാം.

'തർക്കുൽ മുവാലാത്ത്'(ഇവരെ എന്തുകൊണ്ട് അകറ്റണം) എന്ന പേരിൽ ചാലിയം എ.പി



**ഒരേ ക്വിബ്‌ല സ്വീകരിച്ച്, അഞ്ച് നേരം നമസ്‌കരിക്കുന്ന, മുസ്‌ലിംകൾ അറുത്തത് ഭക്ഷിക്കുന്ന ഒരാളുടെ രക്തവും ധനവും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടതാണെന്ന സാമാന്യവിവരം പോലും ഈ പുരോഹിതന്മാർക്കില്ല. ശഹാദത്ത് കലിമയെ കൃത്യമായി നടപ്പിലാക്കുന്നവരെ കാഫിറുകളും മുബ്തദിഉകളുമാക്കാൻ ധ്വതി കാണിക്കുന്നവർ ഈ താക്കീതിനെ ഭയക്കട്ടെ: ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "ഒരാൾ തന്റെ മുസ്‌ലിമായ സഹോദരനെ കാഫിറെന്ന് വിളിച്ചാൽ രണ്ടിൽ ഒരാളിലേക്ക് അത് മടങ്ങും. അവൻ പറഞ്ഞതുപോലെയാണെങ്കിൽ പറയപ്പെട്ടവനിലേക്കും അല്ലെങ്കിൽ പറഞ്ഞവനിലേക്കും'' (ബുഖാരി, മുസ്‌ലിം)**

അബൂബക്കർ മുസ്‌ലിയാർ എഴുതിയ, പുരോഹിതന്മാർ ഇന്നും വിൽക്കുകയും വിതരണം നടത്തിക്കുകയും ചെയ്യുന്ന പുസ്തകത്തിൽനിന്ന് വായിക്കാം: "ഇസ്‌ലാമിന്റെ പുറത്തുള്ള ശത്രുക്കളോട് കാണിക്കുന്നതിനേക്കാൾ കടുത്ത അമർഷവും വെറുപ്പുമാണ് വഹാബി, മൗദൂദി നൂതനവാദികളോട് പ്രകടിപ്പിക്കേണ്ടതെന്ന് മേൽ ഉദ്ധരണിയിൽനിന്ന് മനസ്സിലായല്ലോ. കാരണം നൂതനവാദികൾ ഇസ്‌ലാമിനകത്തുള്ള ശത്രുക്കളാണ്. പുറത്തുള്ളവരേക്കാൾ അപകടകാരി അകത്തുള്ള ശത്രുവാണെന്നതിൽ തർക്കമില്ല. നൂതനവാദികൾ ഇസ്‌ലാമിന്റെ ആളുകളായി അഭിനയിക്കുന്നു. ഖുർആനും ഹദീസും ഓതുന്നു. ഹഖ് അവരുടെ ഭാഗത്താണെന്ന് പുലമ്പുന്നു. അങ്ങനെ വരുമ്പോൾ മുസ്‌ലിം സാമാന്യ ജനങ്ങൾ ബിദ്അത്തിലേക്ക് ആകർഷിക്കപ്പെടാൻ എളുപ്പമുണ്ട്'' (പേജ് 8,9).

"സുന്നത്ത് ജമാഅത്തിനെ പിൻപറ്റൽ എല്ലാ മുഅ്മിനീങ്ങളുടെയുംമേൽ നിർബന്ധമാകുന്നു. സുന്നത്ത് എന്നാൽ റസൂൽ(സ്വ) നടപ്പിൽ വരുത്തിയതും ജമാഅത്ത് എന്നാൽ തങ്ങളുടെ സ്വഹാബികൾ നാല് ഖുലഫാക്കളുടെ ഖിലാഫത്ത് കാലത്ത് ഇത്തിഫാഖായി ഏകോപിച്ച് നടന്നുവന്നതുമാകുന്നു. മുഅ്മിനീങ്ങൾ സുന്നത്ത് ജമാഅത്തിനെ തുടർന്ന് നടക്കലും ബിദ്അത്തുകാരെ അധികരിപ്പിക്കൽ, അവരുടെ സംഘത്തിൽ ചേരൽ, അവർക്ക് സലാം ചൊല്ലൽ, അവരൊന്നിച്ച് ഇരിക്കൽ, അവരുമായി അടുക്കൽ, പെരുന്നാൾ മുതലായ സന്തോഷ ദിവസങ്ങളിൽ അവരോട് സന്തോഷം പറയൽ, അവരുടെ മയ്യിത്ത് നിസ്കരിക്കൽ, അവരുടെ പേര് കേട്ടാൽ റഹ്മത്തുകൊണ്ട് ദുആ ഇരക്കൽ മുതലായവകൾ ചെയ്യാതിരിക്കലും അവരുടെ മദ്ഹബ് ബാത്വിലാണെന്നും വിശ്വസിച്ച് റബ്ബുൽ ആലമീന്റെ പക്കൽ നിന്നുള്ള കൂലി ആശിച്ചു കൊണ്ട് അവരോട് വിരോധമാകലും ശത്രുത്വം കാണിക്കലും നിർബന്ധമാകുന്നു'' (പേജ് 12,13).

1930 മാർച്ച് 16 ന് മണ്ണാർക്കാട്ട് നടത്തപ്പെട്ട സമസ്തയുടെ നാലാം വാർഷിക സമ്മേളനത്തിലെയും 1953 മാർച്ച് 20ന് കാര്യവട്ടത്ത് കൂടിയ ആലിമീങ്ങളുടെ യോഗത്തിലെയും പ്രധാന പ്രമേയങ്ങൾ ഇതുതന്നെയാണ്.

ഈ ഫത്‌വകളിൽ പരാമർശിക്കപ്പെട്ട അഹ്‌ലുസ്സുന്നത്തി വൽ ജമാഅയുടെ സവിശേഷതകളെ അവകാശപ്പെടാൻ ആശയാനുഷ്ഠാനങ്ങളിൽ ശിയാക്കളോട് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്ന ഇവർക്കെന്ത് അർഹതയാണുള്ളത്? ഒരേ കിബ്‌ല സ്വീകരിച്ച്, അഞ്ച് നേരം നമസ്കരിക്കുന്ന, മുസ്‌ലിംകൾ അറുത്തത് ഭക്ഷിക്കുന്ന ഒരാളുടെ രക്തവും ധനവും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടതാണെന്ന സാമാന്യവിവരം പോലും ഈ പുരോഹിതന്മാർക്കില്ല. ശഹാദത്ത് കലിമയെ കൃത്യമായി നടപ്പിലാക്കുന്നവരെ കാഫിറുകളും മുബ്തദിഉകളുമാക്കാൻ ധൃതി കാണിക്കുന്നവർ ഈ താക്കീതിനെ ഭയക്കട്ടെ: ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "ഒരാൾ തന്റെ മുസ്‌ലിമായ സഹോദരനെ കാഫിറെന്ന് വിളിച്ചാൽ രണ്ടിൽ ഒരാളിലേക്ക് അത് മടങ്ങും. അവൻ പറഞ്ഞതുപോലെയാണെങ്കിൽ പറയപ്പെട്ടവനിലേക്കും അല്ലെങ്കിൽ പറഞ്ഞവനിലേക്കും'' (ബുഖാരി, മുസ്‌ലിം).

കാന്തപുരം മുസ്‌ലിയാർ ഉന്നയിച്ച കാരണങ്ങളിലേക്ക് വരാം. 1985 സെപ്റ്റംബർ മാസം 'അൽമനാർ' മാസികയിൽ വന്ന 'പ്രാർഥന: വിധിയും വിലക്കും' എന്ന ലേഖനത്തിലെ വരികളെയാണിയാൾ കോട്ടിമാട്ടിയത്: "അല്ലാഹുവുമായടുത്ത പുണ്യാളന്മാരുടെ സമാധിസ്ഥലങ്ങളാണെന്നു പറഞ്ഞു ചില ഖബ്‌റിടങ്ങൾ സന്ദർശിച്ചുകൊണ്ടിരിക്കുകയും കാര്യങ്ങൾ നിയന്ത്രിക്കുന്നതിൽ അവർക്കും കൈയുണ്ടെന്ന നിലയ്ക്ക് അവരെ വിളിച്ചു പ്രാർഥിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ആണിനെയും പെണ്ണിനെയും ഇന്നു ധാരാളം കാണാൻ കഴിയുന്നു. അവരെ ഇടയാളന്മാരും മധ്യവർത്തികളുമാക്കിയും പ്രാർഥിക്കുന്നു. ഇതു യഥാർഥത്തിൽ ശിർക്കും ഇവർ വഴികെട്ടവരുമാണെന്നതിൽ ഒരു സംശയവുമില്ല. തനിക്കുവേണ്ടിത്തന്നെ ഗുണം വർധിപ്പിക്കാനോ ദോഷം ഇല്ലായ്മ ചെയ്യാനോ കഴിയാതെ ഖബ്‌റുകളിൽ ജീർണിച്ച ജഡങ്ങളായി മാറിയ ആ പുണ്യാളൻമാർക്കെങ്ങനെ മറ്റുള്ളവർക്ക് ഗുണവും ദോഷവും ചെയ്യാൻ കഴിയും? അല്ലാഹു പറയുന്നതു കാണുക: "അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന

കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (35:13,14). നബി തിരുമേനിയുടെ റൗളാ ശരീഫിൽ വന്നു അവിടുത്തെ വിളിക്കുകയും സഹായമർഥിക്കുകയും അല്ലാഹുവിൽ ശുപാർശ നടത്താൻ അപേക്ഷിക്കുകയും ചെയ്യുന്നവരും ഇക്കൂട്ടത്തിൽ പെടുന്നു" (പേജ് 20).

ഇത് വായിക്കുന്നവർ ചിന്തിക്കുക! ഇതിലെവിടെയാണ് മുജാഹിദുകളുടെ വാദമായി കാന്തപുരം പറഞ്ഞ നബി(സ്വ)യുടെ ശരീരം കെട്ട്, നാറി, തെറിച്ച്, മണത്ത് ജനങ്ങൾക്ക് വിഷമമായി പോകും എന്നുള്ളത്? ഇസ്‌ലാമിന്റെ ആശയാദർശങ്ങളിൽ മായം ചേർക്കുകയും അതിന്റെ പ്രമാണങ്ങളിൽ തിരിമറി നടത്തുകയും ചെയ്യുന്നവർക്ക് പച്ചമലയാളത്തിൽ എഴുതപ്പെട്ടത് ഈ നിലയ്ക്ക് വളച്ചൊടിക്കാൻ യാതൊരു മടിയും ഉണ്ടാകില്ലല്ലോ! വർഷങ്ങൾക്കു മുമ്പ് നാദാപുരത്തുവെച്ച് ബഹുമാന്യ പണ്ഡിതൻ ഹുസൈൻ സലഫി ഈ മുസ്‌ലിയാരുടെ ശിഷ്യനായ പേരോട് അബ്ദുറഹ്മാൻ സഖാഫിയുമായി നടത്തിയ വൈജ്ഞാനിക ഖണ്ഡനത്തിൽ ഈ ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കിയതിന്റെ ലിങ്ക് ഇവിടെ ചേർക്കുന്നു.(https://youtu.be/yvYjqwEHnNY?si=3brMG-c7Rvg-LSq2).

മുജാഹിദുകൾ നബി(സ്വ)യെ സാധാരണ മനുഷ്യനാക്കി എന്നാണ് അടുത്ത ആരോപണം! മനുഷ്യപ്രകൃതമാണ് നബി(സ്വ)യുടെതെന്നും ദിവ്യബോധനം നൽകപ്പെടുന്നു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകതയെന്നും പ്രമാണങ്ങൾ പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു: "നീ പറയുക: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധ്യൻ ഏകനായ ആരാധ്യനാകുന്നു എന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. ആകയാൽ അവങ്കലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുകയും അവനോട് നിങ്ങൾ പാപമോചനം തേടുകയും ചെയ്യുവിൻ. ബഹുദൈവാരാധകർക്കാകുന്നു നാശം" (41:6).

ഇതേ കാര്യം ഹദീസുകളിലും കാണാം. അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ എഴുതിയ ഗ്രന്ഥങ്ങളിലും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. അപ്പോൾ നബി(സ്വ)യും സ്വഹാബികളും ഇമാമീങ്ങളും ഇസ്‌ലാമിന്റെ അകത്തോ പുറത്തോ എന്ന് കൂടി മുസ്‌ലിയാക്കന്മാർ വിശദീകരിക്കണം. വലിയ പണ്ഡിതന്മാരായി ആനയിക്കപ്പെടുന്ന ഇവർ 'ബശർ' എന്ന പദത്തിന്റെ അർഥം അറിയാത്തവരായി നടിക്കുകയാണ്. ഇങ്ങനെ സംശയം ജനിപ്പിച്ച് സമൂഹത്തെ തെറ്റിക്കാൻ നോക്കിയ മക്കാ മുശ്‌രിക്കുകൾക്ക് ക്വുർആൻ നൽകിയ മറുപടി ഇവർക്കുമുള്ളതാണ്. അല്ലാഹു പറയുന്നു: "ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്ക് മുമ്പ് ദൂതൻമാരിൽ ആരെയും നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങൾ ക്ഷമിക്കുമോ എന്ന് നോക്കാനായി നിങ്ങളിൽ ചിലരെ ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കു

**പ്രവാകന്റെ ആസാറുകൾ (തിരുശേഷിപ്പുകൾ) എന്ന പേരിൽ പലതും പ്രദർശിപ്പിച്ച് കാശുണ്ടാക്കുക, എവിടെയൊക്കെയോ ഉള്ള ജാറങ്ങളുടെ ഫോട്ടോകൾ തപ്പിയെടുത്ത് പ്രവാചകന്മാരുടെതാണെന്ന് പ്രചരിപ്പിക്കുക, വിശുദ്ധ ക്വുർആൻ ദുർവ്യാഖ്യാനിക്കാൻ നബി(സ്വ)യെ കൂട്ടുപിടിക്കുക, നിർമിത ഹദീസുകളും കഥകളും നബി(സ്വ)യുടെ പേരിൽ പറഞ്ഞ് പരത്തുക, ശിയാ ആചാരങ്ങൾ നബി(സ്വ)യിൽനിന്ന് വന്നതാണെന്ന് വിശ്വസിപ്പിച്ച് അണികളെക്കൊണ്ട് ചെയ്യിപ്പിക്കുക, മീലാദാഘോഷമെന്ന് പേരിട്ട് അണികൾ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾക്ക് അംഗീകാരം നൽകുക...ഇതൊക്കെ ആരാണ് ചെയ്യുന്നത്? ഇവ നബി(സ്വ)യെ ഇകഴ്ത്തലോ പുകഴ്ത്തലോ? ഏത് ഗണത്തിൽ പെടും.**



**സമസ്ത മുശാവറയിൽ തന്നെയുള്ളവർ ഉലമാ സമ്മേളനങ്ങൾ നടത്തി സംഘടനയുടെ ഒരു നൂറ്റാണ്ട് കാലത്തെ ആദർശം ഇടിച്ച് പൊളിച്ചുകൊണ്ടിരിക്കെ കാന്തപുരം പക്ഷമാണോ അതോ പേരോട് പക്ഷമാണോ 'മുസ്‌ലിം പക്ഷ'മെന്ന് തീരുമാനിക്കപ്പെടേണ്ടതുണ്ട്. പണ്ട് സമസ്ത സെക്രട്ടറി കൂറ്റനാട് മുസ്‌ലിയാരെ കാഫിറാക്കിയതും സി.എം മടവൂർ ഇ.കെയെ കാഫിറാക്കിയതുമൊക്കെ നമ്മുടെ മുമ്പിലുണ്ട്. അതിലൊക്കെ ആദ്യം തീർപ്പു കൽപിക്കൂ എന്നേ പറയാനുള്ളൂ.**

ന്നു. നിന്റെ രക്ഷിതാവ് (എല്ലാം) കണ്ടറിയുന്നവനാകുന്നു" (25:20).

സമസ്തയുടെ മുൻകാല പണ്ഡിതർ നബി(സ്വ)യെ കുറിച്ച് എഴുതിയത് കൂടി വായിച്ചാൽ ആർക്കാണ് തകരാറ് പറ്റിയതെന്ന് എളുപ്പത്തിൽ മനസ്സിലാകും. അബ്ദുറഹ്മാൻ മഖ്ദൂമി പൊന്നാനി പറയുന്നു: "മുഹമ്മദ് നബി നമ്മെപ്പോലെയുള്ള ഒരു മനുഷ്യൻ തന്നെയാണ്. മാനുഷികമായ എല്ലാ ഗുണവിശേഷങ്ങളും അദ്ദേഹത്തിനുമുണ്ടാകും. എന്നാൽ അദ്ദേഹം പ്രവാചകനുമാണ്. അതുകൊണ്ട് അല്ലാഹുവിങ്കൽ നിന്ന് അദ്ദേഹത്തിന് സന്ദേശങ്ങൾ ലഭിക്കുന്നു" (ഖുർആൻ പരിഭാഷയും വ്യാഖ്യാനവും, പേജ് 647).

അഹ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ പറയുന്നു: "പറയുക: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ തന്നെയാണ്" (വിശുദ്ധ ഖുർആൻ സമ്പൂർണ പരിഭാഷ, പേജ് 550).

ഫാഷിസ്റ്റ് ശക്തികൾ വളരാൻ ശ്രമിക്കുന്ന ഇക്കാലത്ത്, ആർക്കും തിരിയുന്ന വിഷയങ്ങളിൽ പോലും തട്ടിപ്പ് നടത്തി ലാഭം കൊയ്യുന്ന ഇയാൾ മുസ്‌ലിം സമൂഹത്തെ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുകയും മതത്തെ വില കുറച്ച് കാണുകയുമാണ് ഫലത്തിൽ ചെയ്യുന്നത്. സോഷ്യൽ മീഡിയകളിലൂടെയും അല്ലാതെയും എതിർപ്പുകൾ കനത്തപ്പോൾ കാന്തപുരത്തിന്റെ സേവകർ പുറത്തുവിട്ട തിരുത്തൽ കുറിപ്പ് ഇപ്രകാരമാണ്: "വാക്കുകൾ ദുർവ്യാഖ്യാനം ചെയ്ത് സമൂഹത്തിൽ ഛിദ്രതയുണ്ടാക്കരുത് -കാന്തപുരം. ശരീരം ജീർണിച്ച് ജീവിച്ചിരിക്കുന്നവർക്ക് ശല്യമാവാതിരിക്കാനാണ് നബി (സ)യെ മറവു ചെയ്തതെന്ന് വരെ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ പുത്തനാശയക്കാരുടെ പ്രസിദ്ധീകരണങ്ങളിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. നബി(സ)യെ അപകീർത്തിപ്പെടുത്തുന്നതും നിന്ദിക്കുന്നതുമായ ഇത്തരം ധാരണകൾ വെച്ചുപുലർത്തുന്നവർക്ക് എങ്ങനെയാണ് യഥാർഥ മുസ്‌ലിമാവാൻ സാധിക്കുക എന്നാണ് പ്രസംഗത്തിൽ പറഞ്ഞത്. വാക്കുകകൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തും ദുർവ്യാഖ്യാനം ചെയ്തും സമൂഹത്തിൽ ഛിദ്രതയുണ്ടാക്കാനുള്ള ശ്രമങ്ങളിൽനിന്ന് എല്ലാവരും പിന്മാറണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മുസ്‌ലിംകൾക്കെതിരെ ശിർക്കും (ബഹുദൈവത്വം) കുഫ്‌റും (മതനിഷേധം) ആരോപിക്കുന്നത് സുന്നികളുടെ രീതിയല്ലെന്നും ഉത്ഭവകാലം മുതൽ മുജാഹിദുകളുടെ ശൈലിയാണതെന്നും കാന്തപുരം പറഞ്ഞു" (അക്ബർ ബാദുഷ സഖാഫി, ഓഫീസ് സെക്രട്ടറി, 2023 സെപ്റ്റംബർ 20).

ആദ്യം പറഞ്ഞത് ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്നൊരു തിരുത്ത്! വമ്പൻ കളവ് ഈ കുറിപ്പിലും അച്ചടിച്ച് വിടാൻ ധൈര്യം കാണിച്ചയാളുടെ തൊലിക്കട്ടി അപാരം തന്നെ! അണികൾക്ക് മുമ്പിൽ പിടിച്ച് നിൽക്കാം; പക്ഷേ, എല്ലാം അറിയുന്ന റബ്ബിൽനിന്ന് രക്ഷപ്പെടാൻ നല്ല ഞെരുക്കമായിരിക്കും. ഒരു മുസ്‌ലിമിനോ ഏതെങ്കിലും മുസ്‌ലിം സംഘടനകൾക്കോ സ്വർഗത്തിൽ പോകാൻ ഇയാളുടെ അംഗീകാരമോ കൈയൊപ്പോ ആവശ്യമില്ലെന്നറിയുക. സത്യവിശ്വാസിക്ക് നിരക്കാത്ത പണി ചെയ്യുകയും അതിനെ ന്യായീകരിക്കുകയും ചെയ്യുന്നവർ ആരായിരുന്നാലും ക്വുർആനിന്റെ താക്കീതിനെ മറക്കാതിരിക്കുന്നത് നല്ലതാണ്. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്" (33:58).

മുജാഹിദുകൾ നബി(സ്വ)യെ അപകീർത്തിപ്പെടുത്തുന്നവരാണെന്നുകൂടി ഈ കുറിപ്പിലൂടെ മുസ്‌ലിയാർ തട്ടിവിട്ടിട്ടുണ്ട്. നബി (സ്വ)യെ അങ്ങേയറ്റം സ്നേഹിച്ച സ്വഹാബത്തിനും കേൾക്കേണ്ടി വന്നത് ഇതുതന്നെയാണ്.

പ്രവാകന്റെ ആസാറുകൾ (തിരുശേഷിപ്പുകൾ) എന്ന പേരിൽ പലതും പ്രദർശിപ്പിച്ച് കാശുണ്ടാക്കുക, എവിടെയൊക്കെയോ ഉള്ള ജാറങ്ങളുടെ ഫോട്ടോകൾ തപ്പിയെടുത്ത് പ്രവാചകന്മാരുടെതാണെന്ന് പ്രചരിപ്പിക്കുക, വിശുദ്ധ ക്വുർആൻ ദുർവ്യാഖ്യാനിക്കാൻ നബി(സ്വ)യെ കൂട്ടുപിടിക്കുക, നിർമിത ഹദീസുകളും കഥകളും നബി(സ്വ)യുടെ പേരിൽ പറഞ്ഞ് പരത്തുക, ശിയാ ആചാരങ്ങൾ നബി(സ്വ)യിൽനിന്ന് വന്നതാണെന്ന് വിശ്വസിപ്പിച്ച് അണികളെക്കൊണ്ട് ചെയ്യിപ്പിക്കുക, മീലാദാഘോഷമെന്ന് പേരിട്ട് അണികൾ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾക്ക് അംഗീകാരം നൽകുക...ഇതൊക്കെ ആരാണ് ചെയ്യുന്നത്? ഇവ നബി(സ്വ)യെ ഇകഴ്ത്തലോ പുകഴ്ത്തലോ? ഏത് ഗണത്തിൽ പെടും.

അല്ലാഹു പറയുന്നു: "അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചിക പോ

ലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ" (24:39).

സമസ്ത മുശാവറയിൽ തന്നെയുള്ളവർ ഉലമാ സമ്മേളനങ്ങൾ നടത്തി സംഘടനയുടെ ഒരു നൂറ്റാണ്ട് കാലത്തെ ആദർശം ഇടിച്ച് പൊളിച്ചുകൊണ്ടിരിക്കെ കാന്തപുരം പക്ഷമാണോ അതോ പേരോട് പക്ഷമാണോ 'മുസ്‌ലിം പക്ഷ'മെന്ന് തീരുമാനിക്കപ്പെടേണ്ടതുണ്ട്. പണ്ട് സമസ്ത സെക്രട്ടറി കൂറ്റനാട് മുസ്‌ലിയാരെ കാഫിറാക്കിയതും സി.എം മടവൂർ ഇ.കെയെ കാഫിറാക്കിയതുമൊക്കെ നമ്മുടെ മുമ്പിലുണ്ട്. അതിലൊക്കെ ആദ്യം തീർപ്പു കൽപിക്കൂ എന്നേ പറയാനുള്ളൂ.

പ്രതിസ്ഥാനത്ത് കാന്തപുരമായതിനാൽ മറ്റേ സമസ്ത അത് മുതലെടുത്ത് അൽപം നല്ല പിള്ള ചമയാൻ ശ്രമിച്ചത് കൂടി കാണുക: "മുസ്‌ലിംകളെ ഇസ്‌ലാമിൽനിന്ന് പുറത്താക്കുന്നത് ഗൗരവതരം: എസ്.വൈ.എസ്. മുജാഹിദുകൾ മുസ്‌ലിംകൾ അല്ലെന്ന കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ പ്രസ്താവനയും സുന്നികൾ മുസ്‌ലിംകളല്ലെന്നും മുശ്‌രിക്കുകളാണെന്നുമുള്ള (ബഹുദൈവാരാധകർ) മുജാഹിദ് വിഭാഗത്തിന്റെ നിലപാടും ഒരുപോലെ ഗൗരവതരമാണെന്നും ഇരുവിഭാഗവും നിലപാടുകളിൽ മാറ്റം വരുത്തണമെന്നും സുന്നി യുവജന സംഘം സംസ്ഥാന ജനറൽ സെക്രട്ടറി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലിയും വർക്കിങ് സെക്രട്ടറി അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

തിരുനബിയെ(സ്വ)അങ്ങേയറ്റം നികൃഷ്ടമായി ചിത്രീകരിച്ച ചിലരെക്കുറിച്ചാണ് മുസ്‌ലിംകൾ അല്ലെന്ന് കാന്തപുരം പറഞ്ഞതെങ്കിലും മുജാഹിദ് വിഭാഗത്തെക്കുറിച്ച് സുന്നിലോകം സ്വീകരിച്ച പൊതുനിലപാടിനെതിരെ പ്രസ്താവന ഇറക്കുമ്പോൾ അതീവ സൂക്ഷ്മത പാലിക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാമിക ലോകത്ത് കഴിഞ്ഞുപോയവരും നിലവിലുള്ളവരുമായ മഹാഭൂരിപക്ഷം വരുന്ന സൂഫീവര്യന്മാരും സാദാത്തുക്കളും ഉലമാക്കളും ഉൾപ്പെടുന്ന സുന്നി ജനകോടികൾ ബഹുദൈവ വിശ്വാസികൾ ആണെന്നും അവർ ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്താണെന്നുമുള്ള മുജാഹിദ് വാദം അത്യന്തം അപകടകരമാണ്. മുസ്‌ലിംകളെ കാഫിറുകളും മുശ്‌രിക്കുകളുമായി ചിത്രീകരിക്കുന്ന വൻപാതകത്തിൽനിന്ന് ബന്ധപ്പെട്ടവർ പിന്തിരിയണമെന്നും നേതാക്കൾ പ്രസ്താവനയിൽ പറഞ്ഞു" (സുപ്രഭാതം, 2023 സെപ്തംബർ 19, പേജ് 2). കാന്തപുരം പ്രയോഗിച്ച പദങ്ങൾ മാറ്റി മറ്റു വാക്കുകൾകൊണ്ട് ആശയത്തെ മുഴുമിക്കുന്ന പ്രസ്താവനയാണിത്. ഇവരുടെ മുൻഗാമിയായ നാട്ടിക വി മൂസ മുസ്‌ലിയാർ എഴുതിയത് കാണുക: "ചുരുക്കത്തിൽ കഴിവ് അല്ലാഹുവിന്റെതും മനുഷ്യന്റെതുമെന്ന് രണ്ടായി വിഭജിച്ച് അല്ലാഹുവിന്റെ ഗുണമാകുന്ന ഖുദ്റത്തിൽ ഇവർ മായം ചേർത്തിരിക്കുന്നു. അതിനാൽ ഒറിജിനൽ മുശ്‌രിക്കുകൾ ഇവരാണ്. മാത്രമല്ല ഓരോ മനുഷ്യനും സ്വന്തം കഴിവുണ്ടെന്ന് വിശ്വസിക്കുകവഴി കോടിക്കണക്കിന് സ്രഷ്ടാക്കളെ അംഗീകരിക്കുന്ന ഇവർ മഹാ മുശ്‌രിക്കുകളാണ്" (തൗഹീദും ശിർക്കും, പേജ് 39,40). വിശ്വാസത്തിൽ ശിർക്ക് കലർത്താത്തവർക്ക് നേരെയാണല്ലോ ഈ ആരോപണം. നാട്ടികയുടെ ഈ ജൽപനത്തിനെതിരെയും ഒരു സംയുക്ത പ്രസ്താവന മുജാഹിദുകൾ പ്രതീക്ഷിക്കുന്നു.

പരലോകരക്ഷ കൊതിക്കുന്നവർ അഭിപ്രായ വ്യത്യാസങ്ങളിൽ സ്വീകരിക്കേണ്ട നിലപാട് എന്താണ്? അല്ലാഹു പറയുന്നു: "നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു" (42:10). ■



**പരലോകരക്ഷ കൊതിക്കുന്നവർ അഭിപ്രായ വ്യത്യാസങ്ങളിൽ സ്വീകരിക്കേണ്ട നിലപാട് എന്താണ്? അല്ലാഹു പറയുന്നു: "നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു''** (42:10).

# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 03



സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

## ന്യൂനപക്ഷാവകാശങ്ങൾക്ക് ദുർവ്യാഖ്യാനം!

സുപ്രീംകോടതിയിൽനിന്നും വന്നിട്ടുള്ള നിരവധി വിധികളിൽ നിന്നുള്ള ചില വരികൾ ഉദ്ധരിച്ചു കൊണ്ടാണ് ജസ്റ്റിസ് ഹേമന്ദ് ഗുപ്ത കർണാടകയുടെ ശിരോവസ്ത്ര നിരോധനത്തെ ശരി വെക്കാൻ ശ്രമിച്ചത്. കേശവാനന്ദ ഭാരതി, ഇന്ദിരാഗാന്ധി-രാജ്നാരായണൻ, സിയാവുദ്ദീൻ ബുഖാരി, എസ്. ആർ.ബൊമ്മെ, സന്തോഷ്‌കുമാർ-എം.എച്ച്.ആർ.ഡി, അരുണാറോയ് എന്നിങ്ങനെ നിരവധി കേസുകളാണ് അദ്ദേഹം ഉദ്ധരിച്ചത്. ഇതെല്ലം കേൾക്കുമ്പോൾ സ്വാഭാവികമായും ഇത്രയധികം കേസുകളിൽ മതന്യൂനപക്ഷങ്ങളുടെ അടയാളങ്ങൾ വ്യക്തമാക്കുന്ന വിധത്തിൽ പൊതുയിടങ്ങളിൽ പ്രവേശിക്കുന്നത് സുപ്രീംകോടതി വിലക്കിയിരിക്കുന്നു എന്നാണ് തോന്നുക. എന്നാൽ കോടതി ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായി വിധിച്ച വിധികളാണിവയെല്ലാം. അവയിൽ വന്നിട്ടുള്ള ചില പരാമർശങ്ങൾക്ക് പുതുവ്യാഖ്യാനങ്ങൾ നൽകാനാണ് ഗുപ്ത ശ്രമിച്ചിട്ടുള്ളത്.

## ടി.എം.എ പൈ ഫൗണ്ടേഷൻ കേസ്

മുകളിൽ സൂചിപ്പിച്ച കേസുകൾക്ക് ശേഷം അദ്ദേഹം ഉദ്ധരിച്ച കേസാണ് ടി.എം.എ പൈ ഫൗണ്ടേഷൻ/സ്റ്റേറ്റ് ഓഫ് കർണാടക കേസ്. ഹേമന്ദ് ഗുപ്ത പറയുന്നു: “ടി.എം.എ.പൈ ഫൗണ്ടേഷൻ കേസിൽ നിന്ന് വ്യക്തമാകുന്നത്, മതപരമായ ആചാരങ്ങളുമായി ബന്ധപ്പെട്ട് നിയമങ്ങൾ നിർമിക്കുന്നതിൽ ഭരണകൂടത്തെ തടയാൻ സാധിക്കില്ല എന്നാണ്. ആർട്ടിക്കിൾ 25(2)(എ) പ്രകാരം ഇത് അനുവദനീയമാണ്.”

ടി.എം.എ പൈ കേസ് എന്തായിരുന്നു എന്ന് വ്യക്തമാകുമ്പോൾ ഹേമന്ദ് ഗുപ്ത നൽകുന്ന വ്യാഖ്യാനത്തിന്റെ പൊള്ളത്തരം ബോധ്യപ്പെടും. 1942ൽ ഡോ.ടി.എം.എ പൈ മണിപ്പാലിൽ സ്ഥാപിച്ച വിദ്യാഭ്യാസ സമുച്ചയമാണ് ‘അക്കാദമി ഓഫ് ജനറൽ എഡ്യുക്കേഷൻ.’ സർക്കാർഫണ്ട് ഇല്ലാതെ തീർത്തും സ്വാശ്രയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് അവ. ഫീസിന്റെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അമിത ഫീസ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ കർണാടക ഗവർണർ 1984ൽ ‘കർണാടക എഡ്യുക്കേഷൻ ഇൻസ്റ്റിറ്റിയൂഷൻസ് ഓർഡിനൻസ്’ കൊണ്ടുവന്നു. വിദ്യാർഥികളുടെ മൊത്തം അഡ്മിഷൻ എത്രയാവാം എന്ന് നിശ്ചയിക്കുകയും അതിൽ ഒരു നിശ്ചിത ശതമാനം സീറ്റുകൾ സർക്കാർ സീറ്റുകളായി ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയുടെ അനുച്ഛേദം 30 നൽകുന്ന അവകാശത്തിന്മേൽ സ്ഥാപിതമായ ഒരു സ്വാശ്രയ സ്ഥാപനത്തിൽ സർക്കാറിന് കടന്നുകയറാൻ അവകാശമില്ല എന്നായിരുന്നു കോളേജുകാരുടെ വാദം. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങളുടെമേൽ പൂർണ സ്വയംഭരണാവകാശം ഉണ്ടെന്നും അനുച്ഛേദം 30 അത് നൽകിയിട്ടുണ്ട് എന്നുമായിരുന്നു ടി.എം.എ പൈ ഫൗണ്ടേഷന്റെ വാദം. എന്നാൽ സ്ഥാപനങ്ങൾക്ക് ഭരണഘടന നൽകിയ അവകാശം നിരുപാധികം (absolute) അല്ലെന്നും അവ ഉപാധികൾക്ക് വിധേയമാണ് എന്നുമായിരുന്നു മറുപക്ഷത്തിന്റെ വാദം.

ഒരു വിദ്യാഭ്യാസ സ്ഥാപനം കച്ചവട താൽപര്യത്തോടെ പ്രവർത്തിക്കുകയും വളരെ പാവപ്പെട്ടവരിൽ നിന്നും ക്രമാതീതമായ ഫീസ് വാങ്ങുകയും ചെയ്യുന്നതിനെ നിയന്ത്രിക്കാനാണ് സർക്കാർ ശ്രമിച്ചത്. ഈ ശ്രമം അക്രമത്തെ തടയുവാനും അഴിമതികളെ ഇല്ലാതാക്കുവാ

നും വേണ്ടിയാണ്. ന്യൂനപക്ഷാവകാശ ങ്ങളുടെ പേരിൽ ചൂഷണവും അഴിമതിയും പാടില്ല എന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. അനുച്ഛേദം 30 പറയുന്നത് ഇങ്ങനെയാണ്: 'മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടെ സ്വാതന്ത്ര്യമനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും ഭരിക്കാനും അവകാശമുണ്ട്.' എന്നാൽ ടി.എം.എ പൈ കേസിൽ സുപ്രീം കോടതി വിധി പറഞ്ഞത് അനുച്ഛേദം 30 അനുസരിച്ചല്ല; മറിച്ച് അനുച്ഛേദം 25(2)എ അനുസരിച്ചാണ്. 'മതാചാരണവുമായി ബന്ധപ്പെടുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതൊരു പ്രവർത്തനത്തെയോ അല്ലെങ്കിൽ മതേതരമായ പ്രവർത്തനങ്ങളെയോ നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമങ്ങളുണ്ടാക്കുവാൻ ഭരണകൂടത്തിന് അനുച്ഛേദം 25 ഒരു തടസ്സമല്ല' എന്നാണ് 25(2)എ പറയുന്നത്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആണെങ്കിലും ഫീസ് പോലുള്ള ധനപരമായ വിഷയങ്ങളിൽ ഭരണകൂടത്തിന് ഇടപെടാമെന്നാണ് കോടതി പറഞ്ഞത്.

ഒരു സ്ഥാപനത്തിന്റെ ധനപരമായ വിഷയങ്ങളിലുള്ള പക്ഷപാതിത്വങ്ങളിലും അഴിമതികളിലും സർക്കാറിന് ഇടപെടാമെന്ന് പറഞ്ഞതിനെ എങ്ങനെയാണ് ശിരോവസ്ത്രവുമായി ബന്ധിപ്പിക്കുവാൻ സാധിക്കുക? ശിരോവസ്ത്രം വ്യക്തിയുടെ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്നാൽ ടി.എം.എ പൈ ഫൗണ്ടേഷൻ കേസ് ഒരു സ്ഥാപനവുമായി ബന്ധപ്പെട്ടതാണ്. ഏതൊരു വ്യക്തിയോ സ്ഥാപനമോ ക്രമരഹിതമായി പെരുമാറുമ്പോൾ അതിൽ ഭരണകൂടത്തിന് ഇടപെടാം. ഒരു സ്ഥാപനം ധനചൂഷണം നടത്തുകയാണെങ്കിൽ അപ്പോൾ അതിൽ സർക്കാറിന് ഇടപെടാമെന്നാണ് കോടതി പറഞ്ഞത്. എന്നാൽ ഒരു വ്യക്തി ശിരോവസ്ത്രം ഉപയോഗിക്കുമ്പോൾ അവിടെ മറ്റൊരു വ്യക്തിയുടെ മേലോ സമൂഹത്തിന് മേലോ യാതൊരു തരത്തിലുമുള്ള ചൂഷണമോ അക്രമമോ സംഭവിക്കുന്നില്ല. അതുകൊണ്ടുതന്നെ സർക്കാറിന് അവിടെ ഇടപെടാനുള്ള യാതൊരു അവസരവും ഉണ്ടാകുന്നില്ല.

**സർക്കാർ ഉത്തരവും ന്യായീകരണങ്ങളും**

ശിരോവസ്ത്രം നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെ ന്യായീകരിക്കാൻ ഹേമന്ദ് ഗുപ്ത കണ്ടെത്തിയ കാരണങ്ങൾ അതിശയിപ്പിക്കുന്നതാണ്. വിദ്യാർഥികളുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വളർത്തിയെടുക്കുക, മതേതരവും ശാസ്ത്രീയവുമായ കാഴ്ചപാടുകൾ വികസിപ്പിക്കുക, വിദ്യാലയങ്ങളിലേക്കുള്ള പ്രവേശനത്തിന് മതത്തിന്റെയോ ജാതിയുടെയോ അടിസ്ഥാനത്തിലുള്ള വിവേചനം കൽപിക്കാതിരിക്കുക തുടങ്ങിയ വളരെ മഹത്വമേറിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവാണ് സർക്കാർ ഇറക്കിയത് എന്നാണ് അദ്ദേഹം പറയുന്നത്. ഏതെങ്കിലും ഒരു മതവിഭാഗത്തെ ഒഴിവാക്കുന്ന ഒരു പരാമർശവും അതിലില്ല എന്നും ശിരോവസ്ത്രം നിരോധിച്ചു എന്ന് ഉത്തരവ് പറയുന്നില്ല എന്നും അതുകൊണ്ടു തന്നെ മതനിരപേക്ഷതയെയും ജനാധിപത്യ മൂല്യങ്ങളെയുമാണ് അത് ഉയർത്തിപ്പിടിക്കുന്നതെന്നുമാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ഉത്തരവുമായി ബന്ധപ്പെട്ട അതിന്റെ കാലക്രമവും ചരിത്രവുമെല്ലാം അദ്ദേഹം സവിസ്തരം വിധിന്യായത്തിൽ വിശദീകരിക്കുന്നുണ്ട്.

ഇരുട്ടുകൊണ്ട് ഓട്ടയടക്കുകയോ അല്ലെങ്കിൽ ആരും കാണാതിരിക്കാൻ ഒട്ടകപ്പക്ഷിയെപ്പോലെ തല മണ്ണിൽ പൂഴ്ത്തുകയോ ചെയ്യുന്ന നയമാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്നത്. ഉത്തരവിൽ ശിരോവസ്ത്രം നിരോധിച്ചു എന്ന് പറയുന്നില്ല എന്ന വാദം എത്രമാത്രം ബാലിശമാണ്. പൗരത്വ ഭേദഗതി ബില്ലിന്മേൽ ലോകസഭയിൽ നടന്ന ചർച്ചയിൽ അമിത്ഷാ പറഞ്ഞ അതേ ന്യായം! പൗരത്വ ബില്ലിൽ മുസ്‌ലിംകളെ ഒഴിവാക്കി എന്ന പരാമർശമില്ല എന്നായിരുന്നു അമിത്ഷാ പറഞ്ഞത്. സ്കൂൾ നിശ്ചയിക്കുന്ന യൂണിഫോം ആയിരിക്കണം ധരിക്കേണ്ടത് എന്ന് ഉത്തരവിൽ പറഞ്ഞതുകൊണ്ടാണല്ലോ സ്കൂൾ അധികൃതർ ശിരോവസ്ത്രം ധരിച്ചു വന്ന കുട്ടികളെ വിദ്യാലയത്തിലേക്ക് പ്രവേശിപ്പിക്കാതിരുന്നതും അവരെ കവാടങ്ങളിൽ തടഞ്ഞതും. ശിരോവസ്ത്രം നിരോധിച്ചു എന്ന പരാമർശം ഉത്തരവിൽ ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണ് അതുവരെ ശിരോവസ്ത്രം ധരിച്ചു വന്ന കുട്ടികൾക്ക് മേൽ നടപടിയുണ്ടായത്? കർണാടക വിദ്യാഭ്യാസ ആക്റ്റ് മുമ്പും ഉണ്ടായിരുന്നു. അന്ന് മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചായിരുന്നു സ്കൂളുകളിൽ വന്നിരുന്നത്. മുമ്പുണ്ടായിരുന്ന ആക്റ്റ് ഉപയോഗിച്ച് ഉണ്ടാക്കിയ പുതിയ ഉത്തരവിന്റെ പിന്നിൽ ശിരോവസ്ത്ര നിരോധനവും അതുവഴി വർഗീയ ധ്രുവീകരണവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ അധികബുദ്ധിയുടെ ആവശ്യമില്ല.

*(തുടരും)*

**ശിരോവസ്ത്രം നിരോധിച്ചു എന്ന പരാമർശം ഉത്തരവിൽ ഇല്ലെങ്കിൽ പിന്നെ എങ്ങനെയാണ് അതുവരെ ശിരോവസ്ത്രം ധരിച്ചുവന്ന കുട്ടികൾക്ക് മേൽ നടപടിയുണ്ടായത്? കർണാടക വിദ്യാഭ്യാസ ആക്റ്റ് മുമ്പും ഉണ്ടായിരുന്നു. അന്ന് മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിച്ചായിരുന്നു സ്കൂളുകളിൽ വന്നിരുന്നത്. മുമ്പുണ്ടായിരുന്ന ആക്റ്റ് ഉപയോഗിച്ച് ഉണ്ടാക്കിയ പുതിയ ഉത്തരവിന്റെ പിന്നിൽ ശിരോവസ്ത്ര നിരോധനവും അതുവഴി വർഗീയ ധ്രുവീകരണവുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ അധികബുദ്ധിയുടെ ആവശ്യമില്ല.**



# കൗമാരം ശ്രദ്ധയോടെ

**ആഷിഖ.എ.വി. നടുവട്ടം**

മനുഷ്യജീവിതത്തിൽ ബാല്യത്തിനും യൗവനത്തിനും ഇടയ്ക്കുള്ള, ശാരീരികവും മാനസികവുമായ സങ്കീർണ പരിവർത്തനഘട്ടമാണ് കൗമാരം. വ്യക്തിത്വം രൂപപ്പെടുന്ന കാലഘട്ടമാണ് കൗമാരപ്രായം. ലോകാരോഗ്യ സംഘടനയുടെ നിർവചനമനുസരിച്ച് കൗമാരം 10 വയസ്സുമുതൽ 19 വയസ്സുവരെയുള്ള വളർച്ചാ-വികാസഘട്ടമാണ്.

ശാരീരിക വളർച്ചയ്ക്കൊപ്പം മാനസികവളർച്ചയും ലൈംഗിക ശേഷിയും ഉണ്ടാകുന്നതിനാൽ ചിന്താരീതിയിലും വൈകാരിക മണ്ഡലത്തിലും കാര്യമായ വ്യതിയാനങ്ങൾ രൂപപ്പെടുന്നതിനാൽ ഈ കാലഘട്ടം മനഃശാസ്ത്രജ്ഞരുടെയും ശിശുഗവേഷകരുടെയും വിദ്യാഭ്യാസ വിചക്ഷണരുടെയും ആരോഗ്യ വിദഗ്ധരുടെയും സവിശേഷ ശ്രദ്ധയാകർഷിക്കുന്നു.

കൗമാരകാലം ആരംഭിക്കുന്നത് ലൈംഗികവളർച്ചയും ശാരീരിക വളർച്ചയും ത്വരിതപ്പെടുന്നതോടെയാണ്. പെൺകുട്ടികളിൽ ഈസ്ട്രജൻ, ആൺകുട്ടികളിൽ ആൻഡ്രോജൻ (ടെസ്റ്റോസ്റ്റിറോൺ) എന്നീ ലൈംഗിക ഹോർമോണുകളുടെ പ്രവർത്തനം ഈ സമയത്ത് കാര്യക്ഷമമാകുന്നു.

പെൺകുട്ടികളിൽ ആർത്തവവും ആൺകുട്ടികളിൽ സ്വപ്നസ്ഖലനവും ആരംഭിക്കുന്ന പ്രായവും കൂടിയാണിത്. ഹോർമോണുകളുടെ വർധനവ്, വേഗത്തിലുള്ള ശാരീരിക വളർച്ച, പക്വതക്കുറവ്, ചുറ്റുപാടുകൾ ഏൽപിക്കുന്ന സംഘർഷങ്ങൾ, സംസ്കാരം, പാരമ്പര്യം എന്നിവയുടെ സ്വാധീനം; പോഷകാഹാരക്കുറവ്, മാധ്യമങ്ങളുടെ സ്വാധീനം, കൂട്ടുകെട്ട് എന്നിവയെല്ലാം ഈ കാലഘട്ടത്തിൽ ശരീരത്തിന്റെയും മനസ്സിന്റെയും വളർച്ചാ-വികാസങ്ങളെ ബാധിക്കുന്നു. ലൈംഗികവളർച്ചയും എതിർലിംഗത്തോടുള്ള ആകർഷണവും ആർജിക്കുന്ന പ്രായമാണിത്.

**മൂല്യബോധം ഏറ്റവും കൂടുതൽ പകർന്നു കൊടുക്കേണ്ട പ്രായമാണ് കൗമാരകാലം. ജയപരാജയങ്ങളെ ഒരു പോലെ തൻമയത്വത്തോടെ നേരിടാൻ മാതാപിതാക്കളും അധ്യാപകരും അവരെ പരിശീലിപ്പിക്കണം. എന്തും പരീക്ഷിച്ചറിയാനുള്ള വ്യഗ്രത ഈ പ്രായത്തിലുണ്ടാകും. അതുകൊണ്ട് അമിതമായ സ്വാതന്ത്ര്യം നൽകി ഒഴിച്ചുവിട്ടുകൂടാ. എന്നാൽ പരിമിതികളോടെയുള്ള വ്യക്തിസ്വാതന്ത്ര്യം അനുവദിക്കൽ അനിവാര്യമാണ്. ഇവർ ദുഷിച്ച കൂട്ടുകെട്ടുകളിലേക്ക് പോകാനുള്ള സാധ്യത ഏറെയാണ്. വരുംവരായ്കകളെക്കുറിച്ചുള്ള ചിന്തയൊന്നും ഇവരിലുണ്ടാകില്ല. ആപത്തിൽ ചെന്നു ചാടിയാലേ തെറ്റ് ബോധ്യപ്പെടൂ. അതിനാൽ മക്കൾ ആരുമായിട്ടൊക്കെ ഇടപഴകുന്നുണ്ടെന്ന കൃത്യമായ ഒരു ബോധം രക്ഷിതാക്കൾക്കുണ്ടായിരിക്കണം.**

'കളർഫുൾ' ആയ ജീവിതമാണ് ഇന്നത്തെ കൗമാരക്കാർ ആഗ്രഹിക്കുന്നത്. പല ചതിക്കുഴികളും അവരെ കാത്തിരിക്കുന്നുണ്ടെന്ന് അവർ അറിയാതെ പോകുന്നു. കൗമാരക്കാരുടെ പ്രതിസന്ധികളെക്കുറിച്ച് മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനും അറിവുണ്ടായിരിക്കണം.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഘടകം സ്കൂൾ അന്തരീക്ഷമാണ്. കുട്ടികളിലെ യഥാർഥ കഴിവുകളും താൽപര്യമുള്ള പഠനമേഖലയും തിരിച്ചറിയാതെ മാതാപിതാക്കൾ അവർക്കിഷ്ടമുള്ള കോഴ്സിനു ചേർക്കുന്നത് അവരുടെ ഭാവിയെത്തന്നെ നശിപ്പിക്കുന്ന പ്രവർത്തനമാണ്. അവരിലെ ആത്മവിശ്വാസത്തെ അത് തല്ലിക്കെടുത്തും.

മൂല്യബോധം ഏറ്റവും കൂടുതൽ പകർന്നു കൊടുക്കേണ്ട പ്രായമാണിത്. ജയപരാജയങ്ങളെ ഒരു പോലെ തൻമയത്വത്തോടെ നേരിടാൻ മാതാപിതാക്കളും അധ്യാപകരും അവരെ പരിശീലിപ്പിക്കണം. എന്തും പരീക്ഷിച്ചറിയാനുള്ള വ്യഗ്രത ഈ പ്രായത്തിലുണ്ടാകും. അതുകൊണ്ട് അമിതമായ സ്വാതന്ത്ര്യം നൽകി ഒഴിച്ചുവിട്ടുകൂടാ. എന്നാൽ പരിമിതികളോടെയുള്ള വ്യക്തിസ്വാതന്ത്ര്യം അനുവദിക്കൽ അനിവാര്യമാണ്. ഇവർ ദുഷിച്ച കൂട്ടുകെട്ടുകളിലേക്ക് പോകാനുള്ള സാധ്യത ഏറെയാണ്. വരുംവരായ്കകളെക്കുറിച്ചുള്ള ചിന്തയൊന്നും ഇവരിലുണ്ടാകില്ല. ആപത്തിൽ ചെന്നു ചാടിയാലേ തെറ്റ് ബോധ്യപ്പെടൂ. അതിനാൽ മക്കൾ ആരുമായിട്ടൊക്കെ ഇടപഴകുന്നുണ്ടെന്ന കൃത്യമായ ഒരു ബോധം രക്ഷിതാക്കൾക്കുണ്ടായിരിക്കണം.

പുകയില, മദ്യം, മറ്റു മയക്കുമരുന്നുകൾ എന്നിവയെല്ലാം അഡിക്ഷൻ ഉണ്ടാക്കുന്നവയാണ്. ഇവ രുചിച്ചുനോക്കാനുള്ള വാസന കുട്ടികളിൽ വളർത്തുന്ന സാമൂഹ്യ സാഹചര്യമാണ് നിലവിലു





**മൊബൈലും ഇന്റർനെറ്റും കൗമാരക്കാരുടെ മാന്ത്രികലോകമാണ്. എന്തു കാണിച്ചും സോഷ്യൽ മീഡിയയിൽ വൈറലാകാൻ കാത്തിരിക്കുന്നവരാണ് ഇവർ. അധാർമികതയുടെ അറ്റമില്ലാ ലോകമാണത് തുറന്നിടുന്നത്. അതുകൊണ്ട് നല്ല മാർഗത്തിൽ മാത്രം അവ ഉപയോഗിക്കാനും അതിനുവേണ്ടി ചെലവഴിക്കുന്ന സമയം ക്ലിപ്തമാക്കാനും അതിന് അഡിക്റ്റാകാതിരിക്കാനും മക്കളെ ഉപദേശിക്കുക. പരലോകബോധം അവരുടെയുള്ളിൽ ഊട്ടിയുറപ്പിക്കണം. എങ്കിലേ തിന്മകളിൽനിന്നും ബോധപൂർവം മാറിനിൽക്കാൻ അവർക്ക് കഴിയൂ.**

ള്ളത്. സിനിമയും സീരിയലുകളും പിന്നെ സാമൂഹ്യ മാധ്യമങ്ങൾ വഴി ലഭിക്കുന്ന പ്രേരണകളും കൂട്ടുകെട്ടും കൗമാരക്കാരെ ഇവ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. പലപ്പോഴും ഒരു രസത്തിനു വേണ്ടിയോ സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങിയോ തുടങ്ങുന്ന ഇത്തരം ശീലങ്ങൾ പിന്നീട് നിരന്തര ഉപയോഗത്തിലേക്ക് നയിക്കും; അങ്ങനെ ജീവിതത്തെതന്നെ ഇരുളടഞ്ഞതാക്കും.

തങ്ങളുടെ സ്വാതന്ത്ര്യത്തെ പൂർണമായും മാതാപിതാക്കൾ ഹനിക്കുന്നു എന്ന ചിന്ത മക്കളുടെ മനസ്സിൽ കടന്നുകൂടുന്നത് അപകടമാണ്. അരുത്, പാടില്ല എന്നൊക്കെ പരിധി നിശ്ചയിക്കുമ്പോൾ എന്തുകൊണ്ട് എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം അവർക്കു ലഭിച്ചാൽ, വഴിവിട്ട സ്വാതന്ത്ര്യത്തിന്റെ അപകടം അവർക്ക് ബോധ്യമായാൽ അവർ അനുസരണയുള്ളവരായി മാറും.

അവരുമായി ഏറ്റവും നല്ല ബന്ധം ഉണ്ടാക്കിയെടുക്കാൻ മാതാപിതാക്കൾക്ക് കഴിയണം; വിശിഷ്യാ ഉമ്മമാർക്ക്. വീട്ടിൽനിന്ന് അവർക്ക് സ്നേഹവും പരിഗണനയും ലഭിക്കണം. അവരുടെ അഭിപ്രായങ്ങൾക്ക് വിലകൊടുക്കണം. അവർക്ക് പറയാനുള്ളത് ക്ഷമയോടെ കേൾക്കണം. അവരുടെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണം. അതിനു സാധ്യമല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തണം. തെറ്റുകൾ സംഭവിച്ചാൽ തെറ്റു തിരുത്താനുള്ള അവസരം അവർക്ക് കൊടുക്കണം. പ്രതികാരം ചെയ്യുന്നപോലെ കടുത്ത ശിക്ഷ നൽകരുത്. പഠിക്കാൻ അമിതമായി നിർബന്ധിക്കരുത്. മാർക്ക് കുറഞ്ഞാൽ കുറ്റപ്പെടുത്തരുത്; ആത്മവിശ്വാസം പകരുന്ന വാക്കുകളോടെ ചേർത്തു പിടിക്കുക. ഇങ്ങനെയൊക്കെ ചെയ്തുനോക്കൂ; അവർ നല്ല മക്കളായി മാറുന്നതു കാണാം.

കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണം. മക്കളുമായി നർമസല്ലാപവുമാകാം. കുട്ടികൾ എന്തും പഠിക്കുന്നത് രക്ഷിതാക്കളിൽനിന്നാണ്. സ്നേഹം ഒളിച്ചുവെക്കാനുള്ളതല്ല; പ്രകടിപ്പിക്കാനുള്ളതാണ്. സ്നേഹം പ്രകടിപ്പിച്ചുതന്നെ മക്കളെ വളർത്തണം.

മൊബൈലും ഇന്റർനെറ്റും കൗമാരക്കാരുടെ മാന്ത്രികലോകമാണ്. എന്തു കാണിച്ചും സോഷ്യൽ മീഡിയയിൽ വൈറലാകാൻ കാത്തിരിക്കുന്നവരാണ് ഇവർ. അധാർമികതയുടെ അറ്റമില്ലാ ലോകമാണത് തുറന്നിടുന്നത്. അതുകൊണ്ട് നല്ല മാർഗത്തിൽ മാത്രം അവ ഉപയോഗിക്കാനും അതിനുവേണ്ടി ചെലവഴിക്കുന്ന സമയം ക്ലിപ്തമാക്കാനും അതിന് അഡിക്റ്റാകാതിരിക്കാനും മക്കളെ ഉപദേശിക്കുക. പരലോകബോധം അവരുടെയുള്ളിൽ ഊട്ടിയുറപ്പിക്കണം. എങ്കിലേ തിന്മകളിൽനിന്നും ബോധപൂർവം മാറിനിൽക്കാൻ അവർക്ക് കഴിയൂ.

ലുക്മാൻ(അ) തന്റെ മകനെ ഉപദേശിക്കവെ പറഞ്ഞു: "എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുകുമണിയുടെ തൂക്കമുള്ളതായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെത്തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (ക്വുർആൻ 31:16).

അക്രമവും തെറ്റും എത്രതന്നെ ചെറുതാണെങ്കിലും അല്ലാഹു പ്രതിഫലനാളിൽ തൂക്കിക്കണക്കാക്കുവാൻ അത് കൊണ്ടുവരുന്നതാണ്. നന്മയാണെങ്കിൽ അതിന് പ്രതിഫലവും തിന്മയാണെങ്കിൽ അതിന് ശിക്ഷയും ഉണ്ടായിരിക്കും എന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. നാം നമ്മുടെ മക്കളെ ഇങ്ങനെ ഉപദേശിക്കാറുണ്ടോ?

അല്ലാഹുവിനെ മാത്രം ആരാധിക്കുക, മാതാപിതാക്കളെ അനുസരിക്കുക, നബി(സ)യുടെ ചര്യ പിന്തുടർന്ന് ജീവിക്കുക...തുടങ്ങിയ ഇസ്‌ലാമിക പാഠങ്ങളെല്ലാം പഠിക്കാൻ അവർക്ക് സാഹചര്യം നാം ഒരുക്കിക്കൊടുത്തിട്ടുണ്ടോ? മദ്‌റസ പഠനത്തിന് നാം പ്രാധാന്യം നൽകുന്നുണ്ടോ? ഇല്ലെങ്കിൽ നാം ദുഃഖിക്കേണ്ടിവരും.




# ചരിത്രപരമായ തെളിവുകൾ

ഷാഹുൽ പാലക്കാട്
:97478 90521

**E67. മുൻവേദങ്ങൾ**

ഏകദൈവ സിദ്ധാന്തവുമായി മനുഷ്യരിലേക്ക് വ്യത്യസ്ത പ്രവാചകന്മാരും വേദഗ്രന്ഥങ്ങളും വന്നുപോയി എന്ന ഭൂതകാല ചിത്രമാണ് ഇസ്‌ലാം നൽകുന്നത്. കാലക്രമേണ ആ ദർശനങ്ങളിൽ മനുഷ്യന്റെ കൈ കടത്തലുകളും ദുരുപയോഗങ്ങളും വന്നുചേരുകയാണ് ഉണ്ടായതെന്നും ഇസ്‌ലാം പ്രഖ്യാപിക്കുന്നു. ഇസ്‌ലാമിന്റെ ഈ ചരിത്ര വീക്ഷണം ശരിയാണെങ്കിൽ ഇസ്‌ലാം ദൈവത്തിങ്കൽനിന്നാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. അതിനുള്ള തെളിവുകൾ നമുക്ക് ലഭിക്കുന്നുണ്ടോ എന്ന് നോക്കാം. ബഹുദൈവ വിശ്വാസമാണ് ആധുനിക ഹിന്ദു മതത്തിന്റെ പ്രധാന ആശയമെങ്കിലും ഏകദൈവ വീക്ഷണം സംബന്ധിച്ച സൂക്തങ്ങൾ വേദങ്ങളിൽ അവശേഷിക്കുന്നുണ്ട് എന്ന് കാണാം.

“ഏകനായ അവൻ ഏകനായിത്തന്നെ എന്നെന്നും നിലനിൽക്കുന്നവനാണെന്ന് വിശ്വസിക്കുക. രണ്ടാമതൊരു ദൈവം ഇല്ലതന്നെ” (അഥർവവേദം 13-5-20,21).

“ആ പരമാത്മാവ് കര, ചരണ രഹിതനാണെങ്കിലും സമസ്ത വസ്തുക്കളെയും ഗ്രഹിക്കുന്നവനും അതിവേഗം സർവത്ര ഗമിക്കുന്നവനും കണ്ണുകൾ കൂടാതെ കാണുന്നവനും കാതുകൾ കൂടാതെ കേൾക്കുന്നവനും ആകുന്നു. അവൻ അറിയേണ്ടതായിട്ടുള്ളത് എല്ലാം അറിയുന്നു. എന്നാൽ അവനെ അറിയുന്നവനായിട്ട് ആരുമില്ല, ജ്ഞാനികൾ അവനെ മഹാനെന്നും ആദിപുരുഷനെന്നും പറയുന്നു...” (ശ്വേതശതരോപനിഷത്ത് 3:19).

ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ വേദങ്ങൾ വിഗ്രഹാരാധനയെയോ ബഹുദൈവത്വ സങ്കൽപത്തെയോ അംഗീകരിക്കുന്നില്ലെന്ന് ഹൈന്ദവ പണ്ഡിതനായ ദയാനന്ദ സരസ്വതി പ്രഖ്യാപിക്കുന്നുണ്ട്.

ത്രിയേകത്വ സങ്കൽപം മുന്നോട്ട് വെക്കുന്ന ക്രൈസ്തവതയിലും ഏക ദൈവ വീക്ഷണം പ്രഖ്യാപിക്കുന്ന വചനങ്ങൾ കാണാം.

“എല്ലാറ്റിലും മുഖ്യകല്പനയോ: ‘യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം എന്നു ആകുന്നു” (മാർക്കോസ് 12: 19).

“യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ” (ആവർത്തനം 6:4).

ത്രിയേകത്വം ബൈബിളിൽ പിൽകാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നും യഥാർഥ രേഖയിൽ അത് കാണുന്നില്ലെന്നും ബൈബിൾ പണ്ഡിതനായ ബാർട്ട് ഏർമൻ ‘തന്റെ ആരുടെ വാക്കുകളാണിത്’ (Whose Word is it?: The Story Behind Who Changed The New Testament and Why) എന്ന കൃതിയിൽ സമർഥിക്കുന്നുണ്ട്.

“എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം” (2:79). “മനുഷ്യർ ഒരൊറ്റ സമൂഹം മാത്രമായിരുന്നു. എന്നിട്ടവർ ഭിന്നിച്ചിരിക്കുകയാണ് (10:19).

ഏകദൈവത്വമായിരുന്നു വേദങ്ങളുടെയെല്ലാം പൊതുവായ ആദർശമെന്നും അതിൽ കൈകടത്തലുകൾ ഉണ്ടായി എന്നും ദൈവത്തിങ്കൽ നിന്നല്ലെങ്കിൽ എങ്ങനെ മുഹമ്മദ് നബി(സ്വ) അറിയാനാണ്? ഇസ്‌ലാം ചൂണ്ടിക്കാണിക്കുന്ന രൂപത്തിലുള്ള ചരിത്രം വേദങ്ങൾക്ക് കാണുന്നു, അത് ഇസ്‌ലാമിനെ ശരിവെക്കുന്നു.

**E68. ദി എക്സോഡസ്**

ഫറോവയുടെ (ഫിർഔൻ) കീഴിൽ പീഡനങ്ങൾ അനുഭവിച്ചിരുന്ന ഇസ്‌റാഈല്യരെ ഈജിപ്തിൽ നിന്നും പ്രവാചകൻ മൂസാ(അ) രക്ഷിക്കുകയും കനാൻ ദേശത്തേക്ക് അവരുമായി പലായനം ചെയ്യുകയും ചെയ്തതായി ജൂത-ക്രൈസ്തവ വേദഗ്രന്ഥങ്ങൾ പറയുന്നുണ്ട്. ആധുനിക ചരിത്രകാരന്മാരും ഒരു യഥാർഥ സംഭവത്തിൽനിന്നുള്ള പ്രേരണ ഉൾക്കൊണ്ടാണ് ബൈബിളിലെ ഈ വിവരണങ്ങൾ എന്ന് സമ്മതിക്കുന്നു. എന്നാൽ ബൈബിളിന്റെ ചരിത്ര വിശദീകരണത്തിൽ ചില അതിവാദങ്ങൾ കടന്നുകൂടിയിട്ടുണ്ട് എന്ന നിലപാടാണ് ചരിത്രകാരന്മാർക്ക്. പ്രധാനമായും ബൈബിളിൽ പറയുന്ന അത്രയും ജനസംഖ്യ ഈജിപ്തിൽ നിന്നും പലായനം ചെയ്തുവെന്നത് വിശ്വസിക്കാനാവില്ല. ബൈബിൾ പറയുന്നത് നോക്കുക:

“എന്നാൽ യിസ്രായേൽ മക്കൾ, കുട്ടികൾ ഒഴികെ ഏകദേശം ആറു ലക്ഷം പുരുഷന്മാർ കാൽനടയായി റമെസേസിൽനിന്നു സുക്കോത്തിലേക്കു യാത്ര പുറപ്പെട്ടു'' (പുറപ്പാട് 12:37).

പുരുഷന്മാർ മാത്രം ആറുലക്ഷമെങ്കിൽ അവരുടെ സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെ രണ്ട് ദശലക്ഷത്തിലധികം ആളുകൾ ഇവർക്കിടയിൽ ഉണ്ടാകണം. അഥവാ ഇരുപത് ലക്ഷത്തിനു മുകളിൽ ആളുകളെ ഉൾക്കൊള്ളുന്ന ഒരു വലിയ ജനത്തിന്റെ പലായനമാണ് ബൈബിളിന്റെ ചിത്രത്തിൽ ദി എക്സോഡസ് (The Exodus: How It Happened and Why It Matters)എന്ന തന്റെ കൃതിയിൽ ബൈബിൾ പണ്ഡിതനായ റിച്ചാർഡ് എലിയട്ട് ഫ്രീഡ്മാൻ ‘എങ്ങനെ രണ്ടു ലക്ഷം പേർ അപ്രത്യക്ഷമായി’ എന്ന ഭാഗത്ത് എഴുതുന്നു:

“പുറപ്പാടിന്റെ ചരിത്രപരതയെ നിഷേധിക്കാനായി ഉപയോഗിക്കുന്ന വാദങ്ങൾ പലതും വാസ്തവത്തിൽ പങ്കെടുത്തവരുടെ എണ്ണത്തെ ബാധിക്കുന്നവ മാത്രമാണ്. രണ്ടു ദശലക്ഷം മനുഷ്യർ പാർത്തതിന്റെ ഒരു അവശിഷ്ടവും സീനായ് ഭാഗത്ത് കാണുന്നില്ല. ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ഒരു കൾച്ചറൽ സ്വാധീനവും ആദ്യകാല ഇസ്രയേലിൽ കാണുന്നില്ല. ഈജിപ്ഷ്യൻ ശൈലിയിലുള്ള പാത്ര നിർമാണമോ വാസ്തുശൈലിയോ കാണുന്നില്ല. ഇത്രയധികം ഇസ്രയേൽ അടിമകളെ സംബന്ധിച്ച യാതൊരു രേഖയും ഈജിപ്തിൽനിന്നും കാണുന്നുമില്ല. ഇത്രവലിയ പലായനത്തെ സംബന്ധിച്ച തെളിവുകളും ലഭ്യമല്ല. ഇതെല്ലാം സത്യമാണ്. പക്ഷേ, പുറപ്പാട് (Exodus)സംഭവിച്ചോ ഇല്ലയോ എന്നതിന്റെ തെളിവല്ല ഇതൊന്നും. വലിയൊരു ജനസംഖ്യ ഇങ്ങനെ പലായനം ചെയ്തോ ഇല്ലയോ എന്ന് മാത്രമെ ഇത് സംശയിക്കാൻ ഇടം നൽകുന്നുള്ളൂ...ഈ പലായനം സംഭവിച്ചു എന്നാൽ അത് ചെറിയ ജനക്കൂട്ടം മാത്രമായിരുന്നു എന്ന് വാദിച്ചാൽ അബദ്ധമാകുമോ?'' (the Exodus/a smaller exodus).

അഥവാ ആധുനിക ചരിത്രപഠനങ്ങൾ രണ്ടു ദശലക്ഷം മനുഷ്യർ ഉൾക്കൊള്ളുന്ന ഒരു പലായനം സംഭവിച്ചു എന്ന വീക്ഷണത്തെ പിന്താങ്ങുന്നില്ല. എന്നാൽ ഒരു ചെറിയ സംഘത്തിന്റെ പലായനം സംഭവിച്ചിട്ടുണ്ട് എന്നു പറയാൻ ന്യായമുണ്ട് എന്നതാണ് നിലവിലെ ശാസ്ത്രീയമായ നിലപാട്. ബൈബിൾ പണ്ഡിതർക്കു പോലും ഈ നിലപാടിലേക്ക് എത്തേണ്ടിവരുന്നു എന്നതാണ് മുകളിലെ വരികളിൽ കണ്ടത്.

ഇസ്രയേല്യർ ദശലക്ഷങ്ങൾ ഇല്ലെന്നതിന് ബൈബിളിൽതന്നെ വേറെ ചില ഉദാഹരണങ്ങൾ കാണാം. ജനിക്കുന്നത് ആൺകുഞ്ഞാണെങ്കിൽ അവരെ കൊല്ലാൻ രാജാവ് രണ്ടു സ്ത്രീകളോട് കൽപിച്ചു എന്ന് പുറപ്പാട് പുസ്തകത്തിലുണ്ട്. ചെറിയ ഒരു കൂട്ടം മനുഷ്യരിലേക്കാണെങ്കിൽ മാത്രമാണ് ഈ രണ്ട് പേർ മതിയാവുക. രണ്ടു ദശലക്ഷത്തിന് മുകളിൽ മനുഷ്യരുടെ കാര്യം നോക്കാൻ വെറും രണ്ടു പേർ തീർച്ചയായും ചേരില്ല. ഇതെല്ലാം തെളിയിക്കുന്നത് പലായനം ചെയ്ത ചെറിയ ഒരു കൂട്ടം ജനതയെ മാത്രമാണ്. രണ്ടു ദശലക്ഷം മനുഷ്യരുടെ പലായനം എന്ന ബൈബിൾ ചരിത്രം അബദ്ധമാണ്. ഈ അബദ്ധം പിണയാതെ യഥാർഥ ചരിത്രത്തെ അവതരിപ്പിക്കാൻ ക്വുർആനിന് കഴിയുന്നു എന്നത് അതിന്റെ ദൈവികതയെ തെളിയിക്കുന്നു. പലായനത്തിൽ മൂസാ നബി(അ)യെ പിൻപറ്റിയ ജനവിഭാഗത്തെ സംബന്ധിച്ച് ക്വുർആൻ പറയുന്നു:

“മൂസാക്ക് നാം ബോധനം നൽകി: എന്റെ ദാസന്മാരെയുംകൊണ്ട് രാത്രിയിൽ നീ പുറപ്പെട്ടുകൊള്ളുക. തീർച്ചയായും (ശത്രുക്കൾ) നിങ്ങളെ പിന്തുടരാൻ പോകുകയാണ്. അപ്പോൾ ഫിർഔൻ ആളുകളെ വിളിച്ചുകൂട്ടാൻ പട്ടണങ്ങളിലേക്ക് ദൂതന്മാരെ അയച്ചു. തീർച്ചയായും ഇവർ കുറച്ചു പേർ മാത്രമുള്ള ഒരു സംഘമാകുന്നു. തീർച്ചയായും അവർ നമ്മെ അരിശം കൊള്ളിക്കുന്നവരാകുന്നു. തീർച്ചയായും നാം സംഘടിതരും ജാഗരൂകരുമാകുന്നു (എന്നിങ്ങനെ വിളിച്ചുപറയാനാണ് ഫിർഔൻ നിർദേശിച്ചത്)'' (26:53-56).

രണ്ടു ദശലക്ഷം മനുഷ്യർ വരുന്ന ബൈബിളിന്റെ പലായന ചിത്രത്തിന് വിരുദ്ധമാണ് ക്വുർആന്റെ ഈ വിവരണം. എന്നിട്ടും ചരിത്ര പഠനങ്ങളും, ബൈബിൾ ഗവേഷണങ്ങളും ക്വുർആന്റെ വിവരണത്തെ ശരിവെക്കുന്നത് കേവലം യാദൃച്ഛികമെന്ന് എങ്ങനെ പറയും? ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: അസ്സുമർ

## (കൂട്ടങ്ങൾ)

(മക്കയിൽ അവതരിച്ചത്)

അധ്യായം
39

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۖ يُكَوِّرُ ٱلَّيْلَ عَلَى ٱلنَّهَارِ وَيُكَوِّرُ ٱلنَّهَارَ عَلَى ٱلَّيْلِ ۖ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۗ أَلَا هُوَ ٱلْعَزِيزُ ٱلْغَفَّٰرُ ﴿٥﴾

خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ ثُمَّ جَعَلَ مِنْهَا زَوْجَهَا وَأَنزَلَ لَكُم مِّنَ ٱلْأَنْعَٰمِ ثَمَٰنِيَةَ أَزْوَٰجٍ ۚ يَخْلُقُكُمْ فِى بُطُونِ أُمَّهَٰتِكُمْ خَلْقًا مِّنۢ بَعْدِ خَلْقٍ فِى ظُلُمَٰتٍ ثَلَٰثٍ ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۖ لَآ إِلَٰهَ إِلَّا هُوَ ۖ فَأَنَّىٰ تُصْرَفُونَ ﴿٦﴾

5. ആകാശങ്ങളും ഭൂമിയും അവൻ യാഥാർഥ്യപൂർവം സൃഷ്ടിച്ചിരിക്കുന്നു. രാത്രിയെക്കൊണ്ട് അവൻ പകലിന്മേൽ ചുറ്റിപ്പൊതിയുന്നു. പകലിനെക്കൊണ്ട് അവൻ രാത്രിമേലും ചുറ്റിപ്പൊതിയുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ നിയന്ത്രണവിധേയമാക്കുകയും ചെയ്തിരിക്കുന്നു. എല്ലാം നിശ്ചിതമായ പരിധിവരെ സഞ്ചരിക്കുന്നു. അറിയുക: അവനത്രെ പ്രതാപിയും ഏറെ പൊറുക്കുന്നവനും.
6. ഒരൊറ്റ അസ്തിത്വത്തിൽനിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് അതിൽനിന്ന് അതിന്റെ ഇണയെയും അവൻ ഉണ്ടാക്കി. കന്നുകാലികളിൽ നിന്ന് എട്ടു ജോഡികളെയും അവൻ നിങ്ങൾക്ക് ഇറക്കിത്തന്നു. നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്നുതരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിനുശേഷം മറ്റൊരു ഘട്ടമായിക്കൊണ്ട്. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാണ് ആധിപത്യം. അവനല്ലാതെ യാതൊരു ദൈവവുമില്ല എന്നിരിക്കെ നിങ്ങളെങ്ങനെയാണ് (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്?

إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ۗ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٧﴾

7. നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽനിന്ന് മുക്തനാകുന്നു. തന്റെ ദാസന്മാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്നപക്ഷം നിങ്ങളോട് അതുവഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്. പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്കാകുന്നു നിങ്ങളുടെ മടക്കം. നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അപ്പോൾ അവൻ നിങ്ങളെ വിവരം അറിയിക്കുന്നതാണ്. തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു.

5). (ആകാശവും ഭൂമിയും അവൻ യാഥാർത്ഥ്യപൂർവം സൃഷ്ടിച്ചിരിക്കുന്നു) എന്നാണല്ലാഹു പറയുന്നത്. യുക്തിപൂർവവും പ്രയോജനകരമായവിധത്തിലും. അവൻ തന്റെ ദാസന്മാരോട് കൽപിക്കുകയും വിരോധിക്കുകയും ചെയ്യുന്നു. അവരെ ശിക്ഷിക്കുകയും അവർക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു.

(രാത്രിയെക്കൊണ്ടവൻ പകലിന്മേൽ ചുറ്റിപ്പൊതിയുന്നു. പകലിനെക്കൊണ്ട് അവൻ രാത്രിമേലും ചുറ്റിപ്പൊതിയുന്നു) ഓരോന്നും മറ്റൊന്നിൽ പ്രവേശിക്കുന്നു. ഒന്നിന്റെ സ്ഥാനത്ത് മറ്റൊന്ന് വരുമ്പോഴും അവ സംഗമിക്കുന്നില്ല. മറിച്ച് ഒന്നുവന്നാൽ മറ്റൊന്ന് അതിന്റെ അധികാരമൊഴിഞ്ഞുപോകുന്നു.(സൂര്യനെയും ചന്ദ്രനെയും അവൻ നിയന്ത്രണവിധേയമാക്കുകയും ചെയ്തിരിക്കുന്നു). വ്യവസ്ഥാപിതമായ നിയന്ത്രണവും അന്യൂനമായ സഞ്ചാരവും (എല്ലാം) സൂര്യനും ചന്ദ്രനും. (സഞ്ചരിക്കുന്നു) നിയന്ത്രണം കൃത്യമായി പാലിച്ചുകൊണ്ട്. (നിശ്ചിതമായ പരിധിവരെ) ഈ ലോകം നശിച്ചു സമാപിക്കുന്നതുവരെ. ലോകം നശിക്കുമ്പോൾ അതിലുള്ള സംവിധാനങ്ങളും സൂര്യനും ചന്ദ്രനും നശിക്കും. സൃഷ്ടികൾ പുനഃസൃഷ്ടിക്കപ്പെടും. സ്ഥിരതാമസത്തിന്റെ ലോകത്ത് സ്വർഗത്തിലോ നരകത്തിലോ എത്തിപ്പെടാൻ. (അറിയുക, അവനത്രെ പ്രതാപിയും ഏറെ പൊറുക്കുന്നവനും). അതിജയിക്കപ്പെടാത്തവൻ, എല്ലാറ്റിനെയും നിയന്ത്രിക്കുന്നവൻ, യാതൊന്നും അവനെ അനുസരിക്കാതിരിക്കില്ല. മഹത്തായ സൃഷ്ടിപ്പുകൾ നടത്തിയവൻ, അവയെല്ലാം അവന്റെ കൽപനയനുസരിച്ച് ചലിക്കും. (ഏറെ പൊറുക്കുന്നവൻ) വിശ്വാസികളായ ഖേദിച്ചുമടങ്ങുന്ന തന്റെ ദാസന്മാർക്ക്.

وَإِنِّى لَغَفَّارٌ لِّمَن تَابَ وَءَامَنَ وَعَمِلَ صَٰلِحًا ثُمَّ ٱهْتَدَىٰ ﴿٨٢﴾

“പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും പിന്നെ നേർമാർഗത്തിൽ നിലകൊള്ളുകയും ചെയ്തവർക്ക് തീർച്ചയായും ഞാൻ ഏറെ പൊറുത്തു കൊടുക്കന്നവനത്രെ”(20:82).

അവനിൽ പങ്കുചേർത്തവർക്കും അവൻ പൊറുക്കും; മഹത്തായ തെളിവുകൾ കണ്ട് ബോധ്യപ്പെട്ട് മടങ്ങിയവർക്ക്.

6) അല്ലാഹുവിന്റെ മഹത്ത്വത്തെ അറിയിക്കുന്നതാണ്: (ഒരൊറ്റ ആത്മാവിൽനിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു) ലോകത്തിന്റെ എല്ലാ ഭാഗത്തും വർധിച്ച് വ്യാപിക്കപ്പെടുന്നവിധം. (പിന്നീട് അതിൽനിന്ന് അതിന്റെ ഇണയെയും ഉണ്ടാക്കി) അവനിൽ അവളും അവളിൽ അവനും സമാധാനം, ശാന്തി കണ്ടെത്തുന്നതിനുവേണ്ടി. അതിലൂടെ ഈ അനുഗ്രഹം പൂർണമാകുന്നു. (കന്നുകാലികളിൽനിന്നും അവൻ ഇറക്കിത്തന്നു) നിങ്ങൾക്ക് കാരുണ്യമായി നിശ്ചിത തോതിൽ അവയെ സൃഷ്ടിച്ചു. (എട്ട് ജോഡികളെയും) ഇക്കാര്യം സൂറതുൽ അൻആമിലും പരാമർശിച്ചിട്ടുണ്ട്.

ثَمَٰنِيَةَ أَزْوَٰجٍ ۖ مِّنَ ٱلضَّأْنِ ٱثْنَيْنِ وَمِنَ ٱلْمَعْزِ ٱثْنَيْنِ ۗ

“എട്ട് ഇണകളെ (അവൻ സൃഷ്ടിച്ചിരിക്കുന്നു).

ചെമ്മരിയാടിൽനിന്ന് രണ്ടും കോലാടിൽനിന്ന് രണ്ടും...''(6:143).

وَمِنَ ٱلْإِبِلِ ٱثْنَيْنِ وَمِنَ ٱلْبَقَرِ ٱثْنَيْنِ

"ഒട്ടകത്തിൽനിന്ന് രണ്ട് ഇണകളെയും പശുവർഗത്തിൽനിന്ന് രണ്ട് ഇണകളെയും..''(6:144).

മനുഷ്യർക്ക് ഉപകാരമുള്ള ഒട്ടനവധി മൃഗങ്ങളെ അവൻ സൃഷ്ടിച്ചിരിക്കെ ഇവയെ മാത്രം എടുത്തുപറഞ്ഞത് എന്തുകൊണ്ടാണ്? അതിന്റെ പ്രയോജനവും പൊതുവായ ഗുണവും മഹത്ത്വവും പരിഗണിച്ചാണ്. ഇവയെ പ്രയോജനപ്പെടുന്ന ചില പ്രത്യേക ആവശ്യങ്ങൾക്ക് മറ്റുള്ളവ യോജിച്ചതുമല്ല; ഉദുഹിയ്യത്ത്, ഹജ്ജിന്റെ അറവ്, അഖീഖ പോലെയുള്ളതിന്. മാത്രവുമല്ല, ഇവയിൽ സകാത്ത് നൽകൽ നിർബന്ധമാണ്. പ്രായച്ഛിത്തത്തിനും ഇവയെയാണ് ഉപയോഗിക്കാറ്.

നമ്മുടെ പിതാവിന്റെയും മാതാവിന്റെയും സൃഷ്ടിപ്പിനെ പരാമർശിച്ചപ്പോൾ നമ്മുടെ സൃഷ്ടിപ്പിന്റെ ആരംഭത്തെക്കുറിച്ചും പറയുന്നു: (നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു) ഘട്ടംഘട്ടമായി. ആ സന്ദർഭങ്ങളിൽ ഒരാളുടെ കൈകളും നിങ്ങളെ തൊടുകയോ ഒരു കണ്ണും നിങ്ങളെ നോക്കിയിരിക്കുകയോ ചെയ്തിരുന്നില്ല. അവൻ മാത്രമാണ് ആ ഇടുങ്ങിയ സ്ഥലത്ത് നിങ്ങളെ പരിപാലിച്ചത്.

(മൂന്നുതരം അന്ധകാരങ്ങളിൽ) വയറിന്റെ ഇരുട്ട്, ഗർഭപാത്രത്തിന്റെ ഇരുട്ട്, കുട്ടിയെ പൊതിയുന്ന ആവരണത്തിന്റെ(മറുപിള്ള) ഇരുട്ട്. (അങ്ങനെയുള്ളവനാകുന്നു) ആകാശഭൂമികളെ സൃഷ്ടിച്ചവൻ, സൂര്യചന്ദ്രനെ കീഴ്പ്പെടുത്തിയവൻ, നിങ്ങളെ സൃഷ്ടിക്കുകയും നാൽക്കാലികളെ നിങ്ങൾക്ക് അനുഗ്രഹമായി നൽകുക യും ചെയ്തവൻ. (നിങ്ങളുടെ രക്ഷിതാവായ അല്ലാഹു) ആരാധനക്ക് അർഹനായവൻ, നിങ്ങളെ പരിപാലിച്ചവൻ; നിയന്ത്രിച്ചവനും. സൃഷ്ടിപ്പിലും സംരക്ഷണത്തിലുമെല്ലാം അവൻ ഏകനാണ്. അതിലൊന്നും അവന് പങ്കുകാരില്ല. അപ്പോൾ ആരാധ്യതയിലും അവൻ ഏകൻതന്നെ. അവന് പങ്കുകാരില്ല. അതാണ് അ ല്ലാഹു പറഞ്ഞത്: (അവന്നാണ് ആധിപത്യം. അവനല്ലാതെ ആരാധനക്കർഹനില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്?).

7). ഈ വിശദീകരണത്തിനുശേഷം ആരാധനക്ക് അവൻ മാത്രമെ അർഹനായുള്ളൂ എന്നും വിഗ്രഹങ്ങൾ ആരാധിക്കപ്പെട്ടുകൂടാ എന്നും വിശദീകരിക്കുന്നു. അവ ഒന്നിനെയും നിയന്ത്രിക്കുന്നില്ല. ഒരധികാരവും അവക്കൊന്നുമില്ലതാനും. (നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽനിന്ന് മുക്തനാകുന്നു) നിങ്ങളുടെ നിഷിദ്ധം യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല. അതുപോലെ നിങ്ങൾ അവനെ അനുസരിച്ചാലും അവനതുകൊണ്ട് പ്രത്യേക പ്രയോജനമില്ല. മറിച്ച്, അവന്റെ കൽപനാവിരോധങ്ങളെല്ലാം നിങ്ങളോടുള്ള അവന്റെ ഔദാര്യവും സ്നേഹവുമാണ്. (തന്റെ ദാസന്മാർ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല). അത് അവരോടുള്ള ഗുണകാംക്ഷ കൊണ്ടാണ്. അവനറിയാം നന്ദികേട് അവരെ തീരാ കഷ്ടപ്പാടിലാക്കും എന്ന്. കാരണം അവനെ ആരാധിക്കാനാണ് അവൻ അവരെ സൃഷ്ടിച്ചത്. സൃഷ്ടിപ്പിന്റെ ലക്ഷ്യം അതാണ്. ആ സൃഷ്ടികളെ വിളിച്ചു പ്രാർഥിക്കുന്നത് അവനെങ്ങനെ തൃപ്തിപ്പെടും? (നിങ്ങൾ നന്ദികാണിക്കുന്നപക്ഷം) അവനെ മാത്രം ആരാധിച്ചുകൊണ്ട്. (അവൻ തൃപ്തനായിരിക്കുന്നതാണ്). നിങ്ങളോടുള്ള കാരുണ്യത്താലും സ്നേഹത്താലും സൃഷ്ടിപ്പിന്റെ ലക്ഷ്യം നിർവഹിച്ചു എന്നതിനാലും.



നിങ്ങളുടെ ശിർക്കുകൊണ്ട് അവന് ഉപദ്രവമോ തൗഹീദുകൊണ്ടും സൽപ്രവൃത്തികൾകൊണ്ടും പ്രത്യേകിച്ച് ഉപകാരമോ അവനില്ല. നല്ലതിന്റെയും ചീത്തയുടെയും പ്രതിഫലം നിങ്ങൾക്കുതന്നെ.

(പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം വഹിക്കുന്നതല്ല. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്കാകുന്നു നിങ്ങളുടെ മടക്കം). അന്ത്യനാളിൽ.

(നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അപ്പോൾ അവൻ നിങ്ങളെ വിവരം അറിയിക്കുന്നതാണ്.) നിങ്ങളുടെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി അവനറിഞ്ഞു. അത് അവന്റെ പേനയാൽ നേരത്തെതന്നെ വിധിക്കുകയും എഴുതുകയും ചെയ്തു. ശ്രേഷ്ഠരായ മലക്കുകൾ നിങ്ങൾ ക്കെതിരെ രേഖപ്പെടുത്തുകയും നിങ്ങൾക്കെതിരെ സാക്ഷ്യപ്പെടുത്തുന്ന നിങ്ങളുടെ ശരീരാവയവങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ എല്ലാവർക്കും അർഹമായ പ്രതിഫലം നൽകപ്പെടും.

(തീർച്ചയായും അവൻ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാകുന്നു) ഹൃദയങ്ങളിലുള്ള നന്മതിന്മകൾക്കെല്ലാം പൂർണ നീതിയോടെ പ്രതിഫലം നൽകുമെന്നാണ് ഈ പറഞ്ഞതിന്റെ സാരം. ■




# കേരള പൊലീസ്

അബൂ ആദം അയ്മൻ

കേരളത്തിലെ ക്രിമിനൽ കേസുകൾ തെളിയിക്കുന്നതിൽ പ്രശംസാർഹമായ പങ്കുവഹിച്ചു പോരുന്ന സംസ്ഥാന പൊലീസിലെ വിവിധ വിഭാഗങ്ങളെക്കുറിച്ചും പൊലീസ് വകുപ്പിന്റെ ഘടനയെക്കുറിച്ചും ചില കാര്യങ്ങൾ മനസ്സിലാക്കാം.

ഒരു എഡിജിപിയുടെ നിയന്ത്രണത്തിലുള്ളതാണ്, മലബാർ സ്പെഷൽ പൊലീസ് (എം.എസ്.പി), സ്പെഷൽ ആംഡ് പൊലീസ് (എസ്എപി), കേരള ആംഡ് പൊലീസ് (കെഎപി) എന്നീ പൊലീസ് വിഭാഗങ്ങൾ. ജില്ലാ പൊലീസ് സൂപ്രണ്ടോ സിറ്റി പൊലീസ് കമ്മീഷണറോ ആവശ്യപ്പെട്ടാൽ, ക്രമസമാധാനപാലനത്തിനായി ആംഡ് പൊലീസിന്റെ സേവനം വിട്ടുകിട്ടുന്നതായിരിക്കും. ലഹളകളും കലാപങ്ങളും സംഘട്ടനങ്ങളും മറ്റും അമർച്ച ചെയ്യുന്നതിനും; വെള്ളപ്പൊക്കം, ഭൂകമ്പം, സുനാമി മുതലായ പ്രകൃതിക്ഷോഭങ്ങളുടെ ഫലമായി ജനങ്ങൾക്ക് അത്യാഹിതങ്ങൾ നേരിടുന്ന അവസരങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്. ഇവർ ഒരു ജില്ലയിൽ എത്തിയാൽ, മടക്കി അയക്കപ്പെടുന്നതുവരെ ഇവരുടെ പ്രവർത്തനങ്ങളുടെ നിയന്ത്രണം, ആ ജില്ലാ പൊലീസ് സൂപ്രണ്ടിനായിരിക്കും. വിജിലൻസ്, സൈബർ സെൽ. ഓപ്പറേഷൻസ്, ജയിൽ, ഫയർഫോഴ്സ് മുതലായ വിഭാഗങ്ങളും ഓരോ എഡിജിപിയുടെയോ ഓരോ ഡിജിപിയുടെയോ കീഴിലായി പ്രവർത്തിച്ചുപോരുന്നുണ്ട്.

### ക്രൈംബ്രാഞ്ച്

സംസ്ഥാന പൊലിസിലെ ക്രൈംബ്രാഞ്ച് വിഭാഗം (Crime Branch Police) ഹൈക്കോടതിയോ സംസ്ഥാന ഗവണ്മെന്റോ പൊലീസ് ഡയറക്ടർ ജനറലോ ഉത്തരവാകുന്നതായ കേസുകളുടെ അന്വേഷണം നടത്തുക ചുമതലയായുള്ള പൊലീസ് വിഭാഗമാണ്. കൂടാതെ കള്ളനോട്ടിന്റെയും മയക്കുമരുന്നുകളുടെയും മറ്റും നിർമാണം, കൈവശം വയ്ക്കൽ, വിപണനം മുതലായ കുറ്റങ്ങൾ സംബന്ധിച്ച് രഹസ്യാന്വേഷണം നടത്തുകയെന്നതും ഇവരുടെ ചുമതലകളിൽ പെടുന്നതാണ്.

### സ്പെഷൽ ബ്രാഞ്ച്

സംസ്ഥാന പൊലീസിലെ സ്പെഷൽ ബ്രാഞ്ച് വിഭാഗം (Special Branch Police), വ്യാജ പാസ്പോർട്ട് നിർമാണവും വിപണനവും ഉപയോഗവും, ഭീകര-വിധ്വംസകപ്രവർത്തനങ്ങൾ മുതലായ കുറ്റങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുക ചുമതലയായുള്ള പൊലീസ് വിഭാഗമാണ്. രാഷ്ട്രീയ പാർട്ടികൾ, വിപ്ലവ പാർട്ടികൾ, സാമുദായിക സംഘടനകൾ മുതലായവയുടെ നീക്കങ്ങളെക്കുറിച്ച് രഹസ്യാന്വേഷണം നടത്തി, യഥാസമയം ഗവണ്മെന്റിന് റിപ്പോർട്ട് നൽകേണ്ടതും ഇവരുടെ ചുമതലകളിൽ പെടുന്നു.

### സിഐഡി പൊലീസ്

സംസ്ഥാന പൊലീസിലെ സിഐഡി വിഭാഗം (CID Police) പൊലീസിലെ ക്രൈംബ്രാഞ്ചിനോടും സ്പെഷൽ ബ്രാഞ്ചിനോടും അനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്. ക്രിമിനൽ കുറ്റാന്വേഷണങ്ങളിൽ പൊലീസ് നായയുടെ സഹായം പൊലീസ് ഫലപ്രദമായി പ്രായോജനപ്പെടുത്തിവരുന്നുണ്ട്. ഘ്രാണശക്തിയിൽ മുന്നിട്ടുനിൽക്കുന്നതും ചുണയും അനുസരണയും നല്ല ബുദ്ധിശക്തിയുമുള്ളതും, ജർമൻ ഷെപ്പേഡ്, ലാബർഡോർ, ഡോബർമാൻ തുടങ്ങിയ മുന്തിയ ഇനങ്ങളിൽ പെടുന്നതും, മൂന്നു മാസത്തിനും ഒരു വയസ്സിനും ഇടയിൽ പ്രായം വരുന്നതുമായ നായ്ക്കുട്ടികളെ തിരഞ്ഞെടുത്ത്, സമഗ്രമായ പരിശീലനം നൽകിയശേഷം മാത്രമാണ് ഇവയെ പൊലീസ് ഡോഗ് സ്ക്വാഡിൽ ചേർക്കുന്നത്.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
14 October 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




**CALL: +91 7356 766 478**
http://www.wisdombooksonline.com